بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാള്യം 6

ലക്കം 27

# ബദർ

വീക്കിലി ഖാദിയാൻ

Weekly
**BADAR** Qadian
Malayalam

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 ജൂലായ് 08/ഹി.ശം. 1400 വഫാ 08/1442 ദുൽഖഅദ് 27


## അല്ലാഹുവിന്റെ വചനം

اِنَّ الَّذِیۡنَ کَفَرُوۡا لَوۡ اَنَّ لَہُمۡ مَّا فِی الۡاَرۡضِ جَمِیۡعًا وَّمِثۡلَہٗ مَعَہٗ لِیَفۡتَدُوۡا بِہٖ مِنۡ عَذَابِ یَوۡمِ الۡقِیٰمَۃِ مَا تُقُبِّلَ مِنۡہُمۡ ۚ وَلَہُمۡ عَذَابٌ اَلِیۡمٌ ○

'അവിശ്വസിച്ചവരാരോ അവർ, അവർക്കു പുനരുഥാന നാളിലെ ശിക്ഷയിൽനിന്ന് മോചനം പ്രാപിക്കുന്നതിന് ഭൂമിയിലുള്ളതു മുഴുവനും അതോടൊപ്പം അത് അത്ര തന്നെ വേറെയും പ്രായശ്ചിത്തം നല്കുന്നതിനുണ്ടായാൽ പോലും അവരുടെ പക്കൽനിന്ന് അത് സ്വീകരിക്കപ്പെടുകയില്ല. അവർക്ക് വേദനാജനകമായ ശിക്ഷ ഉണ്ടായിരിക്കും.'(5:37)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിന സ്വ്‌രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

*അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ.*

ആമീൻ

## നബി(സ)യുടെ സാരോപദേശം:

### മയ്യിത്തിനെ പുകഴ്ത്തൽ

(1367) ഹദ്റത്ത് അനസ്(റ) നിവേദനം. അദ്ദേഹം പറഞ്ഞു: ഒരിക്കൽ നബി(സ)തിരുമേനിയും അനുചരന്മാരും ഒരു മയ്യിത്തിന്റെ അരികിലൂടെ നടന്നുപോയി. അനുചരന്മാർ മയ്യിത്തിനെ പ്രശംസിച്ചു. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: ഉറച്ചു കഴിഞ്ഞു. പിന്നീട് മറ്റൊരു മയ്യിത്തിന്റെ അരികിലൂടെ അവർ നടന്നുപോയി. അപ്പോൾ അവർ അതിനെ ആക്ഷേപിച്ചു. അപ്പോഴും നബി(സ) തിരുമേനി പറഞ്ഞു: ഉറച്ചു കഴിഞ്ഞു. അന്നേരം ഹദ്റത്ത് ഉമർ ചോദിച്ചു: എന്താണ് ഉറച്ചു കഴിഞ്ഞത്? നബി(സ)തിരുമേനി പ്രത്യുത്തരം നല്കി: ഈ മയ്യിത്തിനെ നിങ്ങൾ പ്രശംസിച്ചു. അതിനാൽ അതിന് സ്വർഗം ഉറച്ചു കഴിഞ്ഞു. പിന്നെ നിങ്ങളൊന്നിനെ ആക്ഷേപിച്ചു. അതിന് നരകവും ഉറച്ചു കഴിഞ്ഞു. ഭൂമിയിൽ അല്ലാഹുവിന്റെ സാക്ഷികളാണ് നിങ്ങൾ.

(1368) അബുൽഅസ്‌വദ് പറയുന്നു: മദീനയിൽ ഒരു രോഗം പടർന്നുപിടിച്ച സന്ദർഭത്തിൽ ഞാൻ അവിടെ പ്രവേശിച്ചു. അങ്ങനെ ഉമർ(റ)ന്റെ അടുത്ത് ഞാനിരുന്നു. അപ്പോൾ അവരുടെ അടുത്തൂടെ ഒരു ജനാസ കൊണ്ടുപോയി. അത് പ്രശംസിക്കപ്പെട്ടു. ഉമർ പറഞ്ഞു: ഉറച്ചുപോയി. മറ്റൊരു മയ്യിത്തുകൂടി കൊണ്ടുപോകപ്പെട്ടു. അതും പ്രശംസിക്കപ്പെട്ടു. അപ്പോഴും ഉമർ പറഞ്ഞു; ഉറച്ചു കഴിഞ്ഞു. മൂന്നാമത്തെ മയ്യിത്ത് കൊണ്ടുപോകപ്പെട്ടപ്പോൾ അവർ അതിനെ ആക്ഷേപിച്ചു. ഉമർ പറഞ്ഞു. ഉറച്ചുപോയി. അസ്‌വദ് ചോദിച്ചു: മുസ്‌ലിമീങ്ങളുടെ നേതാവേ! എന്താണ് ഉറച്ചു കഴിഞ്ഞത്? ഉമർ പറഞ്ഞു: നബി(സ)തിരുമേനി പറഞ്ഞതുപോലെ ഞാനും പറഞ്ഞു. വല്ല മുസ്‌ലിമും മരണപ്പെടുകയും നാലുപേർ അവൻ നല്ലവനെന്ന് സാക്ഷ്യം വഹിക്കുകയും ചെയ്താൽ അല്ലാഹു അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കും. ഞങ്ങൾ ചോദിച്ചു, മൂന്നുപേരായാലോ? മൂന്നുപേരായാലും ശരി എന്ന് നബി(സ)തിരുമേനി പറഞ്ഞു. ഞങ്ങൾ ചോദിച്ചു, രണ്ടുപേരായാലോ? രണ്ടുപേരായാലും ശരി എന്ന് നബി(സ)തിരുമേനി പറഞ്ഞു. ഒരാളായാലോ എന്നു ഞങ്ങൾ ചോദിച്ചില്ല. *(സ്വഹീഹ് ബുഖാരി, വാള്യം 2, കിതാബുൽ ജനാഇസ് 2006 ഖാദിയാൻ പ്രസിദ്ധീകരണം)*


### ഈ ലക്കത്തിൽ

ഖുത്വ്ബ 2021 ജൂൺ 04 (സമ്പൂർണ തർജമ)

യൂറോപ്പ് പര്യടന റിപ്പോർട്ട് 2019


**നബി(സ)തിരുമേനിയുടെ സഖാക്കൾ സത്യസന്ധതയുടേയും കൂറിന്റേയും മാതൃക കാണിച്ചു. അതിന് ഉദാഹരണം ലോക ചരിത്രത്തിൽ കിട്ടുകയില്ല. ഞാനിപ്പോൾ കാണുന്നത് അല്ലാഹു എന്റെ ജമാഅത്തിനും അതിന്റെ നിലയും വിലയുമനുസരിച്ച് ഒരു ആവേശം പ്രദാനം ചെയ്തിരിക്കുന്നതാണ്. അവർ കൂർപുലർത്തലിന്റേയും സത്യസന്ധതുയുടേയും മാതൃക കാണിക്കുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

'ഞാൻ അല്ലാഹുവിനോടു നന്ദി പറയുകയാണ്. അവൻ എനിക്ക് ആത്മാർഥതയുള്ളതും കൂറുപുലർത്തുന്നതുമായ ഒരു ജമാഅത്ത് പ്രദാനം ചെയ്തിരിക്കുന്നു. അവരെ ഏതൊരു ജോലിക്കുവേണ്ടിയും ഉദ്ദേശ്യത്തിനുവേണ്ടിയും വിളിച്ചാലും അങ്ങേയറ്റം വേഗത്തിലും ആവേശത്തോടുംകൂടി ഒരാൾ മറ്റൊരാളെക്കാൾ മുമ്പേ തങ്ങളുടെ മനക്കരുത്തും കഴിവുമനുസരിച്ച് മുന്നോട്ടു വരുന്നതായി ഞാൻ കാണുന്നു. അവരിൽ ഒരു സത്യസന്ധതയും ആത്മാർഥതയുമുള്ളതായി ഞാൻ കാണുന്നു. ഞാനെന്തെങ്കിലും സൂചന നല്കിയാൽ അവർ പൂർത്തിയാക്കാൻ തയ്യാറായിരിക്കുന്നതും ഞാൻ കാണുന്നു. തങ്ങളുടെ ഇമാമിനെ അനുസരിക്കുന്നതിനും അനുധാവനം ചെയ്യുന്നതിനും ഇത്തരത്തിലുള്ള ആവേശത്തിന്റേയും ആത്മാർഥതയുടേയും കൂറിന്റേയും ബീജമില്ലെങ്കിൽ ഒരു ജനതയും ഒരു ജമാഅത്തും യഥാർഥത്തിൽ ഇതൊന്നിനും തയ്യാറാകുകയില്ല. ഹദ്റത്ത് മസീഹിന് സഹിക്കേണ്ടിവന്ന ബുദ്ധിമുട്ടുകൾക്കും വിപത്തുകൾക്കും കാരണം അദ്ദേഹത്തിന്റെ ജമാഅത്തിന്റെ ബലഹീനതയും ആത്മാർഥതയില്ലായ്മയുമായിരുന്നു. അദ്ദേഹം അറസ്റ്റു ചെയ്യപ്പെട്ടപ്പോൾ ഹവാരീങ്ങളിൽ വലിയവനായ പത്രോസിനെപ്പോലുള്ളവർ തന്റെ യജമാനന്റേയും ഗുരുവിന്റേയും മുമ്പിൽത്തന്നെ അദ്ദേഹത്തെ നിഷേധിച്ചു. നിഷേധിച്ചുവെന്ന് മാത്രമല്ല പ്രത്യുത മൂന്നുവട്ടം ശപിക്കുകയും ചെയ്തു. ഭൂരിഭാഗവും അദ്ദേഹത്തെ ഉപേക്ഷിച്ച് പൊയ്ക്കളഞ്ഞു. ഇതിനെതിരിൽ നബി(സ)തിരുമേനിയുടെ സഖാക്കൾ സത്യസന്ധതയുടേയും കൂറിന്റേയും മാതൃക കാണിച്ചു. അതിന് ഉദാഹരണം ലോക ചരിത്രത്തിൽ കിട്ടുകയില്ല. അവർ അദ്ദേഹത്തിനുവേണ്ടി എല്ലാതരം ദുഃഖവും സഹിക്കുന്നത് സരളമായി മനസ്സിലാക്കി. എത്രത്തോളമെന്നാൽ തങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട ജന്മസ്ഥലംപോലും ഉപേക്ഷിച്ചു. തങ്ങളുടെ സ്വത്തുവകകളിൽനിന്നും സാധനസാമഗ്രികളിൽനിന്നും ബന്ധുമിത്രാദികളിൽനിന്നും വേറിട്ടുപോയി. അവസാനം ആ പുണ്യാത്മാവിനുവേണ്ടി ജീവൻപോലും അർപിക്കാൻ അമാന്തിക്കുകയോ ദുഃഖിക്കുകയോ ചെയ്തില്ല. ഇതേ സത്യസന്ധതയും കൂറും തന്നെയായിരുന്നു അവസാനം അവരെ ലക്ഷ്യത്തിലെത്തിച്ചത്. ഇപ്രകാരംതന്നെ ഞാനിപ്പോൾ കാണുന്നത് അല്ലാഹു എന്റെ ജമാഅത്തിനും അതിന്റെ നിലയും വിലയുമനുസരിച്ച് ഒരു ആവേശം പ്രദാനം ചെയ്തിരിക്കുന്നതാണ്. അവർ കൂർപുലർത്തലിന്റേയും സത്യസന്ധതുയുടേയും മാതൃക കാണിക്കുന്നു. അവന്റെ സ്ഥാനത്ത് തന്നെ അയച്ചിരുന്നുവെങ്കിൽ തനിക്കത് വലിയ സൗഭാഗ്യമാകുമായിരുന്നുവെന്നുള്ള ആഗ്രഹം വെച്ചു പുലർത്തുന്നു. ധാരാളം സ്നേഹിതന്മാർ ഈ യാത്രയിൽ എന്നോടൊപ്പം വരുന്നതിനുവേണ്ടി തങ്ങളെ സമർപിച്ചു. ഞാൻ ആ അപേക്ഷകൾ വരുന്നതിനുമുമ്പേ മിർസാ ഖുദാ ബഖ്ശ് സാഹിബിനെ ഈ യാത്രയ്ക്കുവേണ്ടി തിരഞ്ഞെടുത്തു കഴിഞ്ഞിരുന്നു. മൗലവി ഖുത്വുബുദ്ദീനേയും മിയാൻ ജമാലുദ്ദീനേയും അദ്ദേഹത്തിനോടൊപ്പം പോകുന്നതിനുവേണ്ടി പ്ലാൻ ചെയ്തിരുന്നു. ഇക്കാരണത്താൽ എനിക്ക് ഈ സ്നേഹിതന്മാരുടെ അപേക്ഷകൾ തിരിച്ചു കൊടുക്കേണ്ടതായി വന്നു. എങ്കിലും പൂർണസന്നദ്ധതയോടും സത്യസന്ധമായ ആത്മാർഥതയോടും കൂടി തങ്ങളെ ഈ സേവനത്തിന് സമർപിച്ചവരുടെ പരിശുദ്ധ നിയ്യത്തുകളുടെ പ്രതിഫലം അല്ലാഹു പാഴാക്കുകയില്ലെന്ന് എനിക്കറിയാം. അവർ അവരുടെ ആത്മാർഥതയനുസരിച്ച് പ്രതിഫലം പറ്റുന്നതായിരിക്കും. *(മൽഫൂദാത്ത് വാള്യം 1, പേജ് 306-307, 2018 ഖാദിയാൻ പ്രസിദ്ധീകരണം)*

**ഭാവിയിലെ ഹിന്ദുസ്താനിലെ ഭാഷ ഉർദുവായിരിക്കും. മറ്റൊരു ഭാഷയ്ക്കും അതിനുമുന്നിൽ നില്ക്കാൻ കഴിയുകയില്ല.**

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) സൂറ ഇബ്റാഹീമിലെ ആയത്ത് നമ്പർ 5 **വമാ അർസൽനാ മിൻർറസൂലിൻ ഇല്ലാ ബിലിസാനി ഖൗമിഹീ ലി യുബയ്യിന ലഹും ഫയുളില്ലുല്ലാഹു മൻ യ്യശാഉ വ യഹ്ദീ മൻ യ്യശാഉ വഹുവൽ അസീസുൽ ഹക്കീം** എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു:

**ഇല്ലാ ബിലിസാനി ഖൗമിഹീ** ഇതിന്, 'റസൂലിനുണ്ടാകുന്ന വഹ്‌യ്യ് അദ്ദേഹത്തിന്റെ ഭാഷയിൽത്തന്നെ ഉണ്ടാകേണ്ടതാണ്' എന്ന അർഥമാണ് ചിലർ കൊടുത്തിരിക്കുന്നത്. പക്ഷേ, ഇത് ശരിയല്ല. അതേ, അദ്ദേഹത്തിന്റെ ജനതയുടെ ഭാഷയിൽ തീർച്ചയായും വെളിപാടുണ്ടാകേണ്ടതാണെന്ന അർഥം ശരിയാണ്. കാരണം അദ്ദേഹം തന്റെ ജനതയ്ക്കെത്തിക്കേണ്ടതായ സന്ദേശം മറ്റു ഭാഷകളിലാണെങ്കിൽ അതിന്റെ പ്രബോധനം അദ്ദേഹത്തിന് പ്രയാസകരമായിരിക്കും. എന്നാൽ, അടയാളവും മുഅ്ജിസത്തും എന്ന നിലയിൽ മറ്റു ഭാഷകളിൽ ഇൽഹാം ഉണ്ടാകുകയാണെങ്കിൽ അതിന് കുഴപ്പമൊന്നുമില്ല.

ചിലയാളുകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ഇൽഹാമുകളുടെമേൽ ഈ ആയത്ത് ഉദ്ധരിച്ച് ആക്ഷേപം ഉന്നയിക്കാറുണ്ട്. വാസ്തവത്തിൽ അറബിയും ഉർദുവും കൂടാതെ അദ്ദേഹത്തിന് ഏതെല്ലാം ഭാഷയിലാണോ ഇൽഹമുണ്ടായിട്ടുള്ളത് അത് അടയാളവും മുഅ്ജിസത്തും എന്ന നിലയിലാണ്. അറബിയിൽ അദ്ദേഹത്തിന് ഇൽഹാമുണ്ടായത് അത് ഇസ്‌ലാമിന്റെ മതഭാഷയായതുകൊണ്ടാണ്. ഇപ്രകാരം തന്നെ മുസ്‌ലിമീങ്ങളുടെ ദേശീയ ഭാഷയുമാണ്. ഉർദുവിലുണ്ടായത് അദ്ദേഹത്തിന്റെ ആദ്യ സംബോധിതർ ഉർദുക്കാരായിരുന്നതുകൊണ്ടാണ്. നോക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ ഇൽഹാമുകളുടെ അടിസ്ഥാനപരമായ ഭാഗം മുഴുവനും അറബിയിലോ ഉർദുവിലോ ആണെന്ന് കാണാം. മറ്റു ഭാഷകളിലുണ്ടായിട്ടുള്ള ഇൽഹാം, അതില്ലെങ്കിൽ പ്രബോധനകർത്തവ്യത്തിൽ എന്തെങ്കിലും

(ശേഷം പേജ് 12 ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**നബി(സ)തിരുമേനി പറഞ്ഞു:ഇപ്പോൾ എനിക്ക് ഒരു ഖുർആനിക അധ്യായം ഇറങ്ങിയിരിക്കുന്നു. ലോകത്തുള്ള സകലതിനെക്കളും എനിക്ക് ഏറ്റവും പ്രിയങ്കരമാണത്. തുടർന്ന് നബി(സ)തിരുമേനി സൂറ ഫതഹിലെ വചനങ്ങൾ പാരായണം ചെയ്തു. ഹദ്റത്ത് ഉമർ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ!ഈ സന്ധി ശരിക്കും മുസ്‌ലിമീങ്ങളുടെ വിജയമാണോ? നബി(സ)തിരുമേനി പറഞ്ഞു: തീർച്ചയായും. നമ്മുടെ വിജയംതന്നെയാണ്.**

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്, ഫാറൂഖ് അഅ്ളം ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.**

ഹുദയ്ബിയ്യ സന്ധിയുടെ അവസരത്തിൽ മുസ്‌ലിമീങ്ങളുടേയും മക്കയിലെ ഖുറയ്ശികളുടേയുമിടയിലുണ്ടായ ഉടമ്പടിയിൽ ഹദ്റത്ത് ഉമറിന്റേയും ഒപ്പുണ്ടായിരുന്നു.

**ബനൂമുസ്ത്വലിഖ് യുദ്ധദിനത്തിൽ നമസ്കാരം ഖളാ ആയതിനെ സംബന്ധിച്ചുള്ള നിവേദനങ്ങളുടെമേലുള്ള ചർച്ച.**

മലിക് മുഹമ്മദ് യൂസുഫ് സലീം സാഹിബ് റബ്‌വ, വഖ്ഫെ സിന്ദഗീ ശുഅയ്ബ് അഹ്മദ് സാഹിബ് ഖാദിയൻ, മുല്ലിഗെ സിൽസില ഖാദിയാൻ മഖ്സ്വൂദ് അഹ്മദ് ഭട്ടി സാഹിബ്, ഫയ്സ്വലാബാദിലെ ജാവേദ് ഇഖ്ബാൽ  സാഹിബ്, ഘാനയിലെ മുറബ്ബി നവാസ് അഹ്മദ് സാഹിബിന്റെ ഭാര്യ മദീഹ നവാസ് സാഹിബ എന്നിവരെക്കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.

**ഖുത്ബ ജുമുഅ 2021 ജൂൺ 04/1400 ഹിജ്റത്ത് 04,**
**മസ്ജിദ്  ബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۞
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ الرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ۞
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

ഹദ്റത്ത് ഉമർ(റ)നെ കുറിച്ചായിരുന്നു കഴിഞ്ഞ ഖുത്ബകളിൽ വിവരിച്ചു പോന്നിരുന്നത്. അദ്ദേഹം പങ്കെടുത്തിരുന്ന യുദ്ധങ്ങളെ കുറിച്ചും സൈനികനീക്കളെ കുറിച്ചും പറഞ്ഞിരുന്നു. 'ഹംറഉൽഅസദ്' യുദ്ധത്തെ കുറിച്ച് ഇപ്രകാരം വിവരം ലഭിക്കുന്നു: 'ഉഹുദ് യുദ്ധത്തിനു ശേഷം നബി(സ)തിരുമേനി മദീനയിലേക്ക് മടങ്ങി. അതുപോലെ അവിശ്വാസികൾ മക്കയിലേക്കും യാത്രയായി. എന്നാൽ, ഖുറയ്ശികൾക്ക് വീണ്ടും സൈന്യവുമായി പുറപ്പെടാനുള്ള നീക്കമുണ്ടെന്ന വാർത്ത ലഭിച്ചപ്പോൾ നബി(സ) തിരുമേനി 'ഹംറഉൽഅസദ്' എന്ന സ്ഥലത്തേക്ക് സ്വഹാബാക്കളുമൊന്നിച്ചെത്തി. 'ഹംറഉൽ അസദ്' മദീനയിൽനിന്ന് 8 കിലോമീറ്റർ അകലെയുള്ളൊരു പ്രദേശമാണ്.'

ആ യുദ്ധത്തെ കുറിച്ച് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതിയിട്ടുണ്ട്. അതിന്റെ കുറച്ചുഭാഗം ഞാനിവിടെ വിവരിക്കുന്നതാണ്. അതിപ്രകാരമാണ്: 'ബാഹ്യമായി നോക്കുമ്പോൾ ഖുറയ്ശികളുടെ സൈന്യം മടക്കയാത്ര നടത്തിയിരുന്നുവെങ്കിലും അത് മുസ്‌ലിമീങ്ങളെ കബിളിപ്പിക്കാനുള്ള ഒരു തന്ത്രം മാത്രമാണോ എന്ന ആശങ്ക നിലനില്ക്കുന്നുണ്ടായിരുന്നു. അവർ മടങ്ങിയെത്തി മദീനയുടെമേൽ മിന്നലാക്രമണം നടത്താനുള്ള സാധ്യത തള്ളിക്കളയാമായിരുന്നില്ല. അതുകൊണ്ട് ആ രാ ത്രി മദീനയിൽ മുസ്‌ലിമീങ്ങൾ വ്യവസ്ഥാപിതമായ നിലയിൽ കാവൽ ഏർപെടുത്തി. നബി(സ) തിരുമേനിയുടെ വീടിനു ചുറ്റും പ്രത്യേകം കാവലിനുള്ള ഏർപാടും ചെയ്തു. നേരം വെളുത്തപ്പോൾ ആ ആശങ്ക വെറും തോന്നലായിരുന്നില്ലെന്ന് മനസ്സിലായി. സ്വുബ്ഹി നമസ്കാരത്തിനു മുമ്പേതന്നെ നബി(സ) തിരുമേനിക്ക് വാർത്ത ലഭിച്ചത് ഖുറയ്ശി സൈന്യം മദീനയുടെ പ്രാന്തപ്രദേശത്ത് ഏതാനും മൈലുകൾക്കപ്പുറം എത്തിയിരിക്കുന്നുവെന്നായിരുന്നു. അവിടെ ഖുറയ്ശികളുടെ പ്രമാണിമാർ അഭിപ്രായപ്പെട്ടിരുന്നത് അവർ നേടിയ ഉഹുദ് യുദ്ധവിജയത്തെ പ്രയോജനപ്പെടുത്തിക്കൊണ്ട് മദീനയെ ആക്രമിക്കാമെന്നായിരുന്നു. ചില ഖുറയ്ശികൾ അന്യോന്യം ആക്ഷേപമുയർത്തുന്നുണ്ടായിരുന്നു. അതായത് നിങ്ങൾ മുഹമ്മദിനെ(സ) വധിക്കുകയോ മുസ്‌ലിം സ്ത്രീകളെ അടിമകളാക്കുകയോ അവരുടെ സമ്പത്തും സ്വത്തും അധീനപ്പെടുത്തുകയോ ഒന്നുംതന്നെ ചെയ്തില്ല. നിങ്ങൾക്ക് അവരുടെമേൽ വിജയം ലഭിച്ചിട്ടും അവരെ നശിപ്പിക്കാൻ നല്ല അവസരം കൈവന്നിട്ടും അവരെ നിങ്ങൾ വെറുതെ വിടുകയാണ് ചെയ്തത്. അക്കാരണത്താൽ ഇനി അവർക്ക് വീണ്ടും ശക്തിയാർജിക്കാൻ കഴിയുന്നതാണ്. ഇപ്പോഴും അവസരമുണ്ട്. മദീനയിലേക്ക് മടങ്ങിപ്പോയി കടന്നാക്രമണം നടത്താം. അങ്ങനെ മുസ്‌ലിമീങ്ങളെ ഉന്മൂലനാശം ചെയ്യാം. എന്നാൽ, അവരിൽ ഒരു വിഭാഗം പറഞ്ഞിരുന്നത് നടന്നതെന്തായാലും നല്ലതിനാണെന്ന് കരുതുക. മക്കയിലേക്ക് തിരികെപ്പോകാം. കാരണം അല്ലെങ്കിൽ ചിലപ്പോൾ ഈ യുദ്ധവിജയം നിമിത്തം ലഭിച്ച കുറച്ചു പേരുംപ്രശസ്തിയുംകൂടി നഷ്ടമായേക്കാം. അങ്ങനെ ഈ വിജയം പരാജയമായി കലാശിച്ചെന്നും വരാം. ഒടുക്കം ആവേശംപൂണ്ട് സംസാരിച്ച ആദ്യവിഭാഗക്കാരുടെ അഭിപ്രായത്തിന് അംഗങ്ങളുടെ സ്വീകാര്യത ലഭിച്ചു. മദീനയിലേക്കുതന്നെ പോകാൻ ഖുറയ്ശികൾ തയ്യാറായി. നബി(സ)തിരുമേനിക്ക് ഈ സംഭവത്തെ കുറിച്ച് അറിവു ലഭിച്ചയുടൻ അവിടന്ന് ഒരു വിളംബരം ചെയ്തു. മുസ്‌ലിമീങ്ങൾ തയ്യാറായിക്കൊള്ളുക. അതോടൊപ്പം ഇപ്രകാരം മറ്റൊരു കല്പനയും പുറപ്പെടുവിച്ചു. ഉഹുദിൽ പങ്കെടുത്തവരല്ലാത്ത ആരും ഇറങ്ങിപ്പുറപ്പെടേണ്ടതില്ല.' *(മുഅ്ജമുൽ ബുൽദാൻ, വാള്യം 2, പേജ് 346, ഹംറഉൽ അസദ്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്) (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) എം.എ. പേജ് 504–505)*

ഒരിടത്ത് ഇപ്രകാരവും നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു, 'നബി(സ)തിരുമേനിക്ക് ഖുറയ്ശികളുടെ ഈ കൂടിയാലോചനയെ കുറിച്ച് വിവരം ലഭിച്ചപ്പോൾ അവിടന്ന് ഹദ്റത്ത് അബൂബക്റിനേയും ഹദ്റത്ത് ഉമറിനേയും വിളിപ്പിച്ചു. അവരെ കാര്യങ്ങൾ ധരിപ്പിച്ചു. ശത്രുക്കളെ പിന്തുടർന്ന് പോകേണ്ടതാണെന്ന് അവരിരുവരും പറഞ്ഞു.' *(കിതാബുൽഗാസി ലിൽവാഖിദി, വാള്യം 1, പേജ് 278, ഗസ്‌വത്തു ഉഹുദ്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2013)*

ഉഹുദ് പോരാളികളിൽ അധികപേരും മുറിവേറ്റിരിക്കുകയായിരുന്നു. അവർ മുറിവുകൾ കെട്ടിക്കൊണ്ട് തങ്ങളുടെ യജമാന്റെ പിന്നാലെ പുറപ്പെട്ടു. എഴുതിയിരിക്കുന്നു, 'ആ അവസരത്തിൽ വിജയശ്രീലാളിതരായ സൈന്യം വിജയത്തിനു ശേഷം ശത്രുവിനെ പിന്തുടർന്ന് പുറപ്പെടുന്നതുപോലെ മുസ്‌ലിമീങ്ങൾ സന്തോഷത്തോടും ആവേശത്തോടുംകൂടി പുറപ്പെട്ടു. 8 മൈൽ ദൂരം താണ്ടി അവിടന്ന് 'ഹംറഉൽഅസദി'ലെത്തി........ അപ്പോൾ വൈകുന്നേരമായിക്കഴിഞ്ഞിരുന്നു. അവിടന്ന് അവിടെ താവളമടിക്കാൻ കൽപിച്ചു. മൈതാനത്ത് വിവിധ സ്ഥലങ്ങളിൽ തീകൊളുത്തി വെളിച്ചമുണ്ടാക്കാനും പറഞ്ഞു. അങ്ങനെ നോക്കിക്കൊണ്ടിരിക്കെ 'ഹംറഉൽഅ സദ്' മൈതാനത്ത് 500 സ്ഥലത്ത് തീ കൊളുത്തി പ്രകാശം പരത്തുകയുണ്ടായി. വളരെ ദൂരത്തുനിന്ന് നോക്കുന്നവർക്കുപോലും ആ ദൃശ്യം സംഭ്രമജനകമായിരുന്നു. ആ സമയത്താണെന്ന് തോന്നുന്നു 'ഖുസാഅ' ഗോത്രത്തിലെ 'മഅ്ബദ്' എന്നു പേരുള്ള  അന്യാരാധകനായ ഒരു പ്രമാണി നബി(സ) തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അയാൾ നബി(സ)തിരുമേനിയോടു

ഉഹുദിൽ വധിക്കപ്പെട്ടവരെ കുറിച്ച് അനുശോചനമറിയിച്ചു. എന്നിട്ട് അയാൾ തിരിച്ചു പോകുകയും ചെയ്തു. രണ്ടാം ദിവസം അയാൾ 'റൗഹാഅ്' എന്ന സ്ഥലത്തെത്തിയപ്പോൾ അവിടെ ഖുറയ്ശീ സൈന്യം തമ്പടിച്ചിരിക്കുന്ന തു കണ്ടു. അവർ മദീനയിലേക്ക് പുറപ്പെടാനുള്ള തയ്യാറെടുപ്പിലായിരുന്നു. മഅ്ബദ് വേഗം അബൂസുഫിയാന്റെ അടുത്തെത്തി ചോദിച്ചു, 'നിങ്ങളെന്തിനുള്ള ഒരുക്കമാണ്? അല്ലാഹുവാണ! ഞാനിപ്പോൾ മുഹമ്മദിന്റെ സൈന്യത്തെ ഹംറുൽ അസദിൽ കണ്ടിട്ടാണ് വരുന്നത്. ഇത്രയും ഭയമുണ്ടാക്കുന്ന ഒരു സൈന്യത്തെ ഞാൻ ഇതുവരേയും കണ്ടിട്ടില്ല. ഉഹുദിലെ പരാജയം കൊണ്ടുണ്ടായ നാണക്കേടിൽ അവർക്കെത്രമാത്രം ആവേശമാണെന്നാൽ നിങ്ങളെ കണ്ടുടനെ അവർ ഭസ്മീകരിക്കുന്നതാണ്.' അബൂസുഫിയാനും കൂട്ടരും മഅ്ബദിന്റെ വാക്കുകളാൽ വലുതായി സ്വാധീനിക്കപ്പെട്ടു. അവർ മദീനയിലേക്ക് പോകാനുള്ള ഉദ്യമം ഉപേക്ഷിച്ചുകൊണ്ട് പെട്ടെന്നുതന്നെ മക്കയിലേക്ക് മടങ്ങിപ്പോയി. നബി(സ)തിരുമേനി ഖുറയ്ശീ സൈന്യം വിരണ്ടോടിയതറിഞ്ഞപ്പോൾ അല്ലാഹുവിന് ശുക്ർ ചെയ്തുകൊണ്ട് പറഞ്ഞു: 'അവിശ്വാസികളുടെ നെഞ്ചകങ്ങളിൽ ആധിപത്യം ചെലുത്തിയത് അല്ലാഹു ഉണ്ടാക്കിയ ഭയമാണ്.' അതിനുശേഷം നബി(സ)തിരുമേനി ഹംറുൽഅസദിൽ രണ്ടുമൂന്നുദിവസം കൂടി തങ്ങുകയുണ്ടായി. *(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) എം.എ. പേജ് 504-505)*

ബനൂ മുസ്ത്വലിഖ് യുദ്ധം ഹിജ്റ 5-ാം വർഷം ശഅ്ബാൻ മാസത്തിലാണ് നടന്നത്. ഇതിനെ 'മുറയ്സീഅ്'യുദ്ധമെന്നും പറയാറുണ്ട്. ഇത് വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ)പറയുന്നു:

'ഖുറയ്ശികളുടെ എതിർപ് നിത്യേന കൂടുതൽ അപകടകരമായി മാറിക്കൊണ്ടിരിക്കുകയായിരുന്നു. അവർ തങ്ങളുടെ കുതന്ത്രങ്ങളാൽ അറേബ്യയിലെ ഒരുപാടു ഗോത്രങ്ങളെ ഇസ്ലാമിനും ഇസ്ലാമിന്റെ വന്ദ്യസ്ഥാപകർക്കുമെതിരെ ഇളക്കിവിടുകയുണ്ടായി. ആ ശത്രുത മുസ്ലിമീങ്ങൾക്ക് ഒരു പുതിയ അപകടാവസ്ഥയും വരുത്തിവച്ചു. അതുവരെ മുസ്ലിമീങ്ങളുമായി നല്ല ബന്ധം വെച്ചു പുലർത്തിയിരുന്ന ഹിജാസിലെ ഗോത്രങ്ങൾ ഖുറയ്ശികളുടെ കുത്തിത്തിരുപ്പ് കാരണമായി മുസ്ലിമീങ്ങൾക്കെതിരെ തിരിയാൻ തുടങ്ങി. ഇക്കാര്യത്തിൽ മുൻപന്തിയിലുണ്ടായിരുന്ന ഗോത്രം 'ഖുസാഅ' ഗോത്രമായിരുന്നു. അതിന്റെ ഒരു ശാഖയായ ബനൂമുസ്ത്വലിഖ് മദീനയെ ആക്രമിക്കാനുള്ള തയ്യാറെടുപ്പ് തുടങ്ങി. അവരുടെ നേതാവായിരുന്ന ഹാരിഥ് ബിൻ അബീ ളിറാർ ആ പ്രദേശത്തുള്ള ഗോത്രങ്ങളെയൊക്കെ പോയി കാണുകയും മറ്റു ചില ഗോത്രങ്ങളേയും തങ്ങളോടൊപ്പം ചേർക്കുകയുണ്ടായി. നബി(സ)തിരുമേനി ഇക്കാര്യത്തെ കുറിച്ച് അറിഞ്ഞപ്പോൾ കൂടുതൽ വിവരങ്ങൾ അറിഞ്ഞ് കൂടുതൽ ജാഗ്രത പാലിക്കാനായി ബുറയ്ദാ ബിൻ ഹസീബ് എന്നൊരു സ്വഹാബിയെ ബനൂമുസ്ത്വലിഖിന്റെ അടുത്തേക്ക് അയച്ചു. കൂടാതെ എത്രയും പെട്ടെന്ന് വസ്തുതകളറിഞ്ഞ് തിരികെ വന്ന് വിവരം നല്കണമെന്ന് അദ്ദേഹത്തോടു നിർദേശിക്കുകയും ചെയ്തു. ബുറയ്ദ അവിടെ പോയപ്പോൾ വലിയൊരു ജനക്കൂട്ടം കണ്ടു. വളരെ ആരവങ്ങളോടെതന്നെ അവിടെ മദീനയുടെമേൽ ആക്രമണം നടത്താനുള്ള തയ്യാറെടുപ്പുകൾ തകൃതിയായി നടക്കുന്നുണ്ടായിരുന്നു. അദ്ദേഹം തിരിച്ചെത്തി നബി(സ) തിരുമേനിക്ക് വിവരം നല്കി. നബി(സ)തിരുമേനി പതിവെന്നപോലെ മുസ്ലിമീങ്ങളോടു പ്രതിരോധിക്കാനായി ബനൂമുസ്ത്വലിഖിലേക്ക് പുറപ്പെടാൻ ആഹ്വാനം ചെയ്തു. ഒരുപാട് സ്വഹാബാക്കൾ നബി(സ)തിരുമേനിയോടൊപ്പം പോകാൻ തയ്യാറായി. മുമ്പൊരിക്കലും ഇല്ലാത്തവണ്ണം കപടവിശ്വാസികളുടെ വലിയൊരു സംഘം നബി(സ)തിരുമേനിയോടൊപ്പം പോകാനൊരുങ്ങി. നബി(സ)തിരുമേനി തന്റെ അഭാവത്തിൽ അബൂദർ ഗഫ്ഫാരിയെ ചില നിവേദനങ്ങളിൽ സയ്ദ് ബിൻ ഹാരിഥ എന്നുമുണ്ട്, മദീനയിലെ അമീറായി നിശ്ചയിച്ചു. അങ്ങനെ ദൈവവചനം ഉച്ചരിച്ചുകൊണ്ട് ഹിജ്റ 5-ാം വർഷം ശഅ്ബാൻ മാസത്തിൽ മദീനയിൽനിന്ന് അവർ പുറപ്പെട്ടു. മുസ്ലിം സൈന്യത്തോടൊപ്പം 30 കുതിരകൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ. എന്നാൽ, ഒട്ടകങ്ങൾ കുറച്ചധികമുണ്ടായിരുന്നു. ആ കുതിരകളിലും ഒട്ടകങ്ങളിലുമായി മുസ്ലിമീങ്ങൾ ഒത്തൊരുമയോടെ ഊഴമനസരിച്ച് സവാരിചെയ്താണ് അവർ പോയത്. യാത്രാമധ്യേ മുസ്ലിമീങ്ങൾക്ക് അവിശ്വാസികളുടെ ഒരു ചാരനെ കിട്ടി. അയാളെ അവർ നബി(സ) തിരുമേനിയുടെ അടുത്തു കൊണ്ടുവന്നു. നബി(സ) തിരുമേനി ആദ്യം അയാൾ ചാരനാണെന്ന് സ്ഥിരീകരിച്ചു. ശേഷം അവിശ്വാസികളെക്കുറിച്ചും അവരുടെ പരിപാടികളെക്കുറിച്ചുമൊക്കെ അയാളിൽനിന്ന് അറിയാൻ ശ്രമിച്ചു. എന്നാൽ, അയാൾ അതൊന്നും കൂട്ടാക്കാൻ തയ്യാറായില്ല. അയാളുടെ നിലപാട് വളരെ സംശയാസ്പദമായിരുന്നു. അതുകൊണ്ട് അന്നു നിലവിലുണ്ടായിരുന്ന യുദ്ധനിയമപ്രകാരം ഹദ്റത്ത് ഉമർ(റ)അയാളെ വധിച്ചു. ശേഷം ഇസ്ലാമിക സൈന്യം യാത്ര തുടർന്നു. മുസ്ലിമീങ്ങൾ സർവസന്നാഹങ്ങളോടുംകൂടി എത്തിയിരിക്കുന്നുവെന്ന് മുസ്ത്വലിഖ് ഗോത്രക്കാർ അറിഞ്ഞു. അതുപോലെ തങ്ങളുടെ ചാരൻ വധിക്കപ്പെട്ടതായും അവർക്ക് വിവരം ലഭിച്ചു. അപ്പോൾ അവർ വളരെ ഭയപ്പെട്ടു. അവരുടെ ഉദ്ദേശ്യം തക്കം പാർത്തിരുന്ന് മദീനയുടെമേൽ മിന്നൽ ആക്രമണം നടത്തുക എന്നതായിരുന്നു. എന്നാൽ, നബി(സ)തിരുമേനിയുടെ കൂർമബുദ്ധികൊണ്ട് അവർക്ക് തിരിച്ചടി ലഭിച്ചു. അവർ വളരെയധികം പരിഭ്രാന്തരായി. ദൈവനിശ്ചയത്താൽ അവരോടൊപ്പം ചേർന്ന ചിലഗോത്രങ്ങൾ എത്രകണ്ട് പരിഭ്രാന്തരായെന്നാൽ മുസ്ത്വലിഖ് ഗോത്രത്തെ ഉപേക്ഷിച്ച് ക്ഷണത്തിൽ തങ്ങളുടെ വീടുകളിലേക്ക് മടങ്ങിപ്പോയി. എന്നാൽ, മുസ്ത്വലിഖ് ഗോത്രത്തെ ഖുറയ്ശികൾ വളരെയധികം പ്രകോപിതരാക്കിയ കാരണത്താൽ അവർ യുദ്ധം നിറുത്തിവെക്കാനൊരുക്കമായിരുന്നില്ല. അവർ ഇസ്ലാമിക സൈന്യത്തെ നേരിടാൻ സകല ത യ്യാറെടുപ്പും നടത്തി സുസജ്ജരായിരുന്നു. മുസ്ത്വലിഖ് ഗോത്രം താമസിച്ചിരുന്നതിനടുത്തുള്ള 'മുറയ്സീഅ്'എന്ന പ്രദേശത്ത് നബി(സ)തിരുമേനി എത്തി. അത് ഒരു തീരപ്രദേശത്തിന് സമീപത്ത് മക്കയ്ക്കും മദീനയ്ക്കും ഇടയ്ക്കുള്ള സ്ഥലമാണ്. നബി(സ) തിരുമേനി അവിടെ തമ്പടിക്കാൻ കല്പന നല്കി. യുദ്ധത്തിനുള്ള അണിയറനീക്കങ്ങളും പതാകകൾ ഏല്പിക്കലും നടന്നതിനുശേഷം നബി(സ) തിരുമേനി ഹദ്റത്ത് ഉമറിനോടു പറഞ്ഞു: 'താങ്കൾ മുന്നോട്ടുപോയി ഇങ്ങനെ വിളംബരം ചെയ്യുക. ഇനിയെങ്കിലും അവർ മുസ്ലിമീങ്ങളോടുള്ള ശത്രുത ഉപേക്ഷിക്കുകയും നബി(സ)തിരുമേനിയുടെ അധികാരത്തെ വകവെച്ചുകൊടുക്കുകയും ചെയ്യുകയാണെങ്കിൽ അവർക്ക് അഭയം നല്കുകയും മുസ്ലിമീങ്ങൾ അവിടംവിട്ട് പോകുകയും ചെയ്യുന്നതാണ്.' എന്നാൽ, അവർ ശക്തമായി അതിനെ നിഷേധിച്ച് യുദ്ധത്തിന് സന്നദ്ധരാകുകയായിരുന്നു. ഏതുവരെയെന്നാൽ എഴുതിയിരിക്കുന്നത് ആ യുദ്ധത്തിൽ ആദ്യത്തെ അസ്ത്രവിക്ഷേപം നടത്തിയത് അവരുടെ പക്ഷത്തുള്ള ഒരാളായിരുന്നു എന്നാണ്. നബി(സ)തിരുമേനി അവരുടെ ഈ അവസ്ഥ കണ്ടപ്പോൾ സ്വഹാബാക്കൾക്ക് യുദ്ധത്തിന് കല്പന നല്കി. ശത്രുപക്ഷത്തുനിന്നാണ് യുദ്ധത്തിന് തുടക്കം കുറിച്ചത്. അല്പനേരത്തിനുള്ളിൽ ഇരുകക്ഷികളുടേയും ഇടയിൽ നിരന്തരം അമ്പെയ്ത്തുകൾ നടന്നു. അതിനുശേഷം നബി(സ)തിരുമേനി സ്വഹാബാക്കളോടു മിന്നൽ ആക്രമണം നടത്താൻ കല്പിച്ചു. കടന്നാക്രമിക്കാൻ കല്പിച്ചു. അതിന്റെ ഫലമായി അവിശ്വാസികളുടെ കാലുകൾ ഇടറി. മുസ്ലിമീങ്ങൾ അതീവ ചാതുര്യത്തോടെ അവരെ വളഞ്ഞു കീഴ്പ്പെടുത്തുകയും ശത്രുപക്ഷം പൂർണമായും ഉപരോധിക്കപ്പെടുകയും ആയുധംവച്ചു കീഴടങ്ങാൻ നിർബന്ധിതരാകുകയും ചെയ്തു. അങ്ങനെ വളരെ ഭയാനകമായ രൂപം പ്രാപിക്കാൻ സാധ്യതയുണ്ടായിരുന്ന ആ യുദ്ധത്തിന് പത്തു അവിശ്വാസികളുടേയും ഒരു മുസ്ലിമിന്റെയും മരണത്തോടെ അന്ത്യം കുറിച്ചു.'

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)സീറത്തു ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു: 'ഈ യുദ്ധത്തെ കുറിച്ച് സ്വഹീഹ് ബുഖാരിയിൽ ഒരു നിവേദനമുണ്ട്. നബി(സ)തിരുമേനി ആക്രമണംനടത്തുമ്പോൾ മുസ്ത്വലിഖ് ഗോത്രം വളരെ അശ്രദ്ധരായി തങ്ങളുടെ മൃഗങ്ങൾക്ക് വെള്ളം നല്കുകയായിരുന്നു. എന്നാൽ, സശ്രദ്ധം നോക്കുകയാണെങ്കിൽ ചരിത്രകാരന്മാരുടെ നിവേദനങ്ങൾക്ക് എതിർ നില്ക്കുന്ന ഒരു നിവേദനമല്ലയിത്. മറിച്ച് രണ്ടു നിവേദനങ്ങളും രണ്ടു വ്യത്യസ്ത സമയങ്ങളുമായി ബന്ധപ്പെട്ടാണുള്ളത്. സംഭവമിതാണ്, മുസ്ത്വലിഖ് ഗോത്രം വളരെ സമീപത്തെത്തിയപ്പോൾ അവർക്ക് ഇസ്ലാമിക സൈന്യം തങ്ങളുടെ അടുത്തെത്തി എന്ന വിവരം ലഭിച്ചിട്ടുണ്ടായിരുന്നില്ല. ഇസ്ലാമിക സൈന്യം പുറപ്പെട്ടിരിക്കുന്നുവെന്ന വിവരംമാത്രമേ അവർക്കുണ്ടായിരുന്നുള്ളൂ. ആ നേരത്ത് അവർ വളരെ സമാധാനത്തോടെ ഒരുവിധ ക്രമീകരണങ്ങളും കൂടാതെ നില്ക്കുകയായിരുന്നു. ഈ അവസ്ഥയെകുറിച്ചാണ് ബുഖാരിയിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ, അവർക്ക് മുസ്ലിമീങ്ങൾ വന്നെത്തിയിരിക്കുന്നുവെന്ന വിവരം ലഭിച്ചതും അവർ മുമ്പേ നിശ്ചയിച്ചിരുന്ന സ്ഥിരമായ തയ്യാറെടുപ്പ് അനുസരിച്ച് അണിനിരക്കുകയും യുദ്ധത്തിനൊരുങ്ങി നില്ക്കുകയും ചെയ്തു. ഈ ഒരു അവസ്ഥയെ കുറിച്ചാണ് ചരിത്രകാരന്മാർ പരാമർശിച്ചിട്ടുള്ളത്. അതുപോലെ ഈ അഭിപ്രായ വ്യത്യാസങ്ങളെ ഇതേ നിലയ്ക്കാണ് അല്ലാമ ഇബ്നു ഹജ്റും മറ്റു ചില ഗവേഷകന്മാരും വ്യാഖ്യാനിച്ചിട്ടുള്ളത്. അതുതന്നെയാണ് ശരിയായി തോന്നുന്നതും.' *(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) എം.എ. പേജ് 557-559)*

മുസ്ത്വലിഖ് യുദ്ധത്തിനുശേഷം തിരിച്ചുവരുമ്പോൾ ഒരു സംഭവം നടന്നിരുന്നു. സ്വഹീഹ് മുസ്ലിമിൽ അതിനെക്കുറിച്ച് നിവേദനമുണ്ട്. ഹദ്റത്ത് ജാബിർ ബിൻ അബ്ദുല്ലാഹ്(റ)നിവേദനം. അദ്ദേഹം പറഞ്ഞു: 'ഞങ്ങൾ നബി(സ)തിരുമേനിയോടൊപ്പം ഒരു യുദ്ധത്തിലായിരുന്നു. ബനൂമുസ്ത്വലിഖ് യുദ്ധത്തെ കുറിച്ചാണ് ഇവിടെ പരാമർശം. അപ്പോൾ മുഹാജിരീങ്ങളിൽപ്പെട്ടയൊരാൾ അൻസ്വാറിൽപ്പെട്ട ഒരാളുടെ മുതുകിന് അടിച്ചു. ആ അൻസ്വാരി അല്ലയോ അൻസ്വാറേ എന്നും അതുപോലെ ആ മുഹാജിർ അല്ലയോ മുഹാജിരീങ്ങളെ എന്നും വിളിച്ചു. അതായത് ആ അൻസ്വാരി തന്നെ സഹായിക്കാനായി മറ്റു അൻസ്വാറിനേയും ആ മുഹാജിർ തന്നെ സഹായിക്കാനായി മറ്റു മുഹാജിരീങ്ങളേയും വിളിച്ചതായിരുന്നു അത്. ഇക്കാ

ര്യം നബി(സ)തിരുമേനി അറിയാനിടയായി. അപ്പോള്‍ അവിടന്ന് ചോദിച്ചു: 'ജാഹിലിയ്യത്തില്‍ ഉള്ളതുപോലുള്ള ശബ്ദങ്ങള്‍ എവിടെനിന്നാണ് വരുന്നത്?' അവരുടെ ബഹളം കേട്ടപ്പോള്‍ നബി(സ)തിരുമേനി അങ്ങനെയാണ് ചോദിച്ചത്. അപ്പോള്‍ അവര്‍ പറഞ്ഞു, 'മുഹാജിരീങ്ങളില്‍പ്പെട്ടയൊരാള്‍ ഒരു അന്‍സ്വാരിയുടെ മുതുകില്‍ അടിച്ചിരിക്കുന്നു.' അതുകേട്ട നബി(സ)തിരുമേനി പറഞ്ഞു:'അതെല്ലാം വിട്ടു കളയുക. ഇത് ചീത്തക്കാര്യമാണ്. ഇങ്ങനെയുള്ള അനാവശ്യമായ കാര്യങ്ങള്‍ പറയാതിരിക്കുക. നിസ്സാരകാര്യങ്ങള്‍ക്ക് വഴക്കും വക്കാണവും ഉണ്ടാക്കാതിരിക്കുക.' അക്കാര്യം അവരോടൊപ്പമുണ്ടായിരുന്ന അബ്ദുല്ലാഹ് ബിന്‍ ഉബയ്യ് കേട്ടു. മുഹാജിരീങ്ങള്‍ ഇങ്ങനെ ചെയ്തിരിക്കുന്നത് നല്ലതിനല്ലെന്ന് അയാള്‍ പറഞ്ഞു. 'ഒരു തവണ തല്ലിയതായാലും അല്ലെങ്കില്‍ രണ്ടുതവണ കല്ലെറിഞ്ഞതായാലും നിസ്സാര സംഗതിയല്ല. അല്ലാഹുവാണ! ഞങ്ങള്‍ മദീനയിലെത്തിയാല്‍ അവിടെ ഒരു ആദരണീയനായ വ്യക്തി(നഊദുബില്ലാഹ്) ഒരു നിന്ദ്യനായ വ്യക്തിയെ മദീനയില്‍നിന്ന് തീര്‍ച്ചയായും പുറത്താക്കുന്നതാണ്.' (നബി(സ)തിരുമേനിയെ നിന്ദിച്ചതുകേട്ടപ്പോള്‍)ഹദ്റത്ത് ഉമര്‍(റ)നബി(സ)തിരുമേനിയോടു പറഞ്ഞു:'ഈ കപടവിശ്വാസിയുടെ തലകൊയ്യാന്‍ എനിക്ക് അനുവാദം തന്നാലും.' അപ്പോള്‍ നബി(സ)തിരുമേനി പറഞ്ഞു:വിട്ടുകളയുക! മുഹമ്മദ് തന്‍റെ കൂടെയുള്ളവരെ തന്നെ വധിക്കുന്നുണ്ടെന്ന് ജനങ്ങള്‍ പറയാന്‍ ഇടവരരുത്.' *(സ്വഹീഹ് മുസ്‌ലിം, കിതാബുല്‍ബിര്‍റി വസ്സ്വില ബാബു നസ്റുല്‍അഖി ള്വാലിമന്‍ വ മള്‌ലൂമന്‍, ഹദീഥ് 6583)*

ഈ സംഭവം സീറത്ത് ഖാത്തമുന്നബിയ്യീനില്‍ ഹദ്റത്ത് മിര്‍സാ ബശീര്‍ അഹ്മദ് സാഹിബ് ഇങ്ങനെ വിവരിച്ചിട്ടുണ്ട്. ആ ഭാഗം ഞാന്‍ വിട്ടുകളയുകയാണ്. അക്കാര്യം ഇതിനുമുമ്പേയും വിവരിച്ചിട്ടുള്ളതാണ്. എന്തായാലും അബ്ദുല്ലാഹ് ബിന്‍ ഉബയ്യിന്‍റെ അന്ത്യനാളുകളെ കുറിച്ച് വിവരിച്ചുകൊണ്ട് സീറത്ത് ഇബ്നുഹിശാമില്‍ ഇപ്രകാരം വന്നിരിക്കുന്നു. പിന്നീട് അബ്ദുല്ലാഹ് ബിന്‍ ഉബയ്യ് അത്തരത്തില്‍ അനാവശ്യം പറയുമ്പോഴൊക്കെ അയാളുടെ സമൂഹംതന്നെ അയാളെ അപലപിക്കുമായിരുന്നു. നബി(സ) തിരുമേനി ഇക്കാര്യം അറിഞ്ഞപ്പോള്‍ ഹദ്റത്ത് ഉമര്‍ ബിന്‍ ഖത്ത്വാബിനോടു പറഞ്ഞു: 'ഉമറേ! താങ്കള്‍ ഒരുനാള്‍ അയാളെ വധിക്കാന്‍ എന്നോടു അനുവാദം ചോദിച്ചിരുന്നു. അന്നു ഞാന്‍ അതിന് അനുവാദം തന്നിരുന്നെങ്കില്‍ ആളുകള്‍ മുഖം വീര്‍പ്പിക്കുമായിരുന്നു. എന്നാല്‍, ഇപ്പോള്‍ അവരോടുതന്നെ ഞാന്‍ അയാളെ വധിക്കാന്‍ പറഞ്ഞാല്‍ അവര്‍ സ്വയം അയാളെ വധിക്കുന്നതാണ്. അന്ന് ഇക്കൂട്ടര്‍ അയാളെ പിന്തുണച്ചവരാണെന്ന് ഓര്‍ക്കണം. നോക്കൂ! നമ്മള്‍ ക്ഷമ കൈക്കൊണ്ടതിനാല്‍ കാര്യങ്ങള്‍ കൂടുതല്‍ വ്യക്തമാകുകയും അവര്‍ ഇയാള്‍ക്കെതിരെ തിരിയുകയും ചെയ്തു. അവര്‍ ഇയാളെ വധിക്കാന്‍പോലും തയ്യാറാകുന്നതാണ്.' ഹ്ദറത്ത് ഉമര്‍(റ)പറയുന്നു: 'അല്ലാഹുവാണ! എനിക്കൊരു കാര്യം മനസ്സിലായി. ബര്‍ക്കത്തിന്‍റെ അടിസ്ഥാനത്തില്‍ എന്‍റെ വാക്കുകളെക്കാള്‍ എത്രയോ മഹത്തരമാണ് അല്ലാഹുവിന്‍റെ റസൂലിന്‍റെ വാക്കുകള്‍!' *(സീറത്ത് ഇബ്നു ഹിശാം പേജ് 672, ദാറുല്‍കുതുബുല്‍ ഇല്‍മിയ്യ ബെയ്റുത്ത് ലബ്നാന്‍ 2001)*

മുനാഫിഖീങ്ങളുടെ നേതാവായ അബ്ദുല്ലാഹ് ബിന്‍ ഉബയ്യ് ബിന്‍ സുലൂലിന്‍റെ ജനാസ നമസ്കരിക്കാന്‍ നബി(സ)തിരുമേനി ഒരുങ്ങിയപ്പോള്‍ ഹദ്റത്ത് ഉമര്‍(റ)ചോദിച്ചു: 'അല്ലാഹു കപടവിശ്വാസികളുടെ ജനാസ നമസ്കരിക്കുന്ന കാര്യം അങ്ങയെ വിലക്കിയതല്ലേ?' അപ്പോള്‍ നബി(സ) തിരുമേനി പറഞ്ഞു: 'അവര്‍ക്കുവേണ്ടി പാപപ്പൊറുതി തേടണമോ വേണ്ടയോ എന്ന കാര്യം അല്ലാഹു എന്‍റെ ഇഷ്ടത്തിന് വിട്ടിരിക്കുകയാണ്.' അങ്ങനെ നബി(സ)തിരുമേനി അദ്ദേഹത്തിന്‍റെ ജനാസ നമസ്കരിപ്പിച്ചു. എന്നാല്‍, അല്ലാഹു അത്തരം വ്യക്തികളുടെ ജനാസ നമസ്കരിപ്പിക്കുന്ന കാര്യം പൂര്‍ണമായും വിലക്കിയപ്പോള്‍ അവിടന്ന് കപടവിശ്വാസികളുടെ ജനാസ നമസ്കരിക്കുന്നത് നിറുത്തി.' *(അല്‍ഇസ്തീആബ് ഫീ മഅ്രിഫത്തില്‍ അസ്ഹാബ്, ഭാഗം 3, പേജ് 941-955, അബ്ദുല്ലാഹ് ബിന്‍ അബ്ദുല്ലാഹ് അന്‍സ്നാരി, ദാറുല്‍ജീല്‍ ബെയ്റുത്ത്)*

ഹദ്റത്ത് അബൂസലമ, ഹദ്റത്ത് ജാബിര്‍ ബിന്‍ അബ്ദുല്ലായില്‍നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു: ഹദ്റത്ത് ഉമര്‍(റ)ഖന്‍ദഖ് യുദ്ധ ദിവസം സൂര്യാസ്തമയ ശേഷം വന്ന് ഖുറയ്ശികളായ അവിശ്വാസികളെ കുറ്റം പറയാന്‍ തുടങ്ങി. എന്നിട്ട് പറഞ്ഞു:'അല്ലാഹുവിന്‍റെ റസൂലേ! എനിക്ക് അസ്വ്ര്‍ നമസ്കരിക്കാന്‍പോലുമായില്ല. സൂര്യനിതാ അസ്തമിക്കുകയാണ്.' നബി(സ) തിരുമേനി പറഞ്ഞു: 'അല്ലാഹുവാണ! ഞാനും നമസ്കരിച്ചിട്ടില്ല.' അപ്പോള്‍ ഞങ്ങളെല്ലാവരും അവിടെനിന്നെഴുന്നേറ്റ് ബുത്ഹാനിലേക്ക് പോയി. മദീനയിലെ ഒരു താഴ്വരയാണ് ബുത്ഹാന്‍. അവിടെ നബി(സ)തിരുമേനി നമസ്കാരത്തിന്ന് വുളു എടുത്തു. ഞങ്ങളും വുളു എടുത്തു. അംഗശുദ്ധി വരുത്തി. സൂര്യാസ്തമയത്തിനുശേഷം അസ്വ്ര്‍ നമസ്കരിക്കുകയും തുടര്‍ന്ന് മഗ്‌രിബ് നമസ്കരിക്കുകയും ചെയ്തു.' ഇത് ബുഖാരിയിലെ നിവേദനമാണ്. *(സ്വഹീഹ് ബുഖാരി, കിതാബു മവാഖീത്തുസ്സ്വലാത്ത്, ഹദീഥ് 596) (മുഅ്ജമുല്‍ ബുല്‍ദാന്‍ അക്ര്‍ഗുലാം ജീലാനി ബര്‍ഖ്, പേജ് 320) (മുഅ്ജമുല്‍ ബുല്‍ദാന്‍, വാള്യം 1, പേജ് 529, ദാറുല്‍കുതുബുല്‍ഇല്‍മിയ്യ ബെയ്റുത്ത്)*

ഇതു സംബന്ധമായി വേറെ ചര്‍ച്ച നടക്കാറുണ്ട്. ഖന്‍ദഖ് യുദ്ധ ദിവസം നബി(സ)തിരുമേനിക്കും സ്വഹാബത്തിനും എത്ര നമസ്കാരം വിട്ടുപോയെന്ന കാര്യത്തെ കുറിച്ച് വിഭിന്നാഭിപ്രായങ്ങളുണ്ട്. ഒരു നിവേദനമിതാണ്. ഹദ്റത്ത് ജാബിര്‍(റ)നിവേദനം. അദ്ദേഹം പറഞ്ഞു: ഹദ്റത്ത് ഉമര്‍(റ) ഖന്‍ദഖ് യുദ്ധ ദിവസം അവിശ്വാസികളെ കുറ്റം പറയാന്‍ തുടങ്ങി. എന്നിട്ടു പറഞ്ഞു, സൂര്യനസ്തമിക്കാറായിട്ടും എനിക്ക് അസ്വ്ര്‍ നമസ്കരിക്കാന്‍ പറ്റിയില്ല.' ശേഷം ഞങ്ങള്‍ ബുത്ഹാനിലേക്കിറങ്ങി. സൂര്യാസ്തമയത്തിനുശേഷം അസ്വ്ര്‍ നമസ്കരിച്ചു. ശേഷം മഗ്‌രിബും നമസ്കരിച്ചു. ഇതും ബുഖാരിയിലുള്ള നിവേദനം തന്നെയാണ്. ആദ്യ നിവേദനത്തില്‍ നബി(സ)തിരുമേനിയും കൂടെയുണ്ടായിരുന്നു എന്നാണ് കൊടുത്തിട്ടുള്ളത്. *(സ്വഹീഹ് ബുഖാരി, കിതാബു മവാഖീത്തുസ്സ്വലാത്ത്, ഹദീഥ് 598)*

ഹദ്റത്ത് അലി(റ) നിവേദനം. ഖന്‍ദഖ് യുദ്ധാവസരത്തില്‍ നബി(സ)തിരുമേനി പറഞ്ഞു: 'അല്ലാഹു ഈ അവിശ്വാസികളുടെ വീടുകളും ഖബറിടങ്ങളും തീകൊണ്ടു നിറയ്ക്കട്ടെ. അവര്‍ നമ്മെ തിരക്കിലാക്കി, സ്വലാത്തുല്‍വുസ്ത്വാ അതായത് ഇടയ്ക്കുള്ള നമസ്കാരത്തിന് അവസരം നലകിയില്ല. അങ്ങനെ സൂര്യന്‍ അസ്തമിച്ചുപോയി.' *(സ്വഹീഹ് ബുഖാരി കിതാബുല്‍മഗാസി ഹദീഥ് 4111)*

ഹദ്റത്ത് അലിയുടെ ഈ നിവേദനവും ബുഖാരിയിലേതാണ്.

അബൂഉബയ്ദ ബിന്‍ അബ്ദുല്ലാഹ്(റ) തന്‍റെ പിതാവില്‍നിന്ന് നിവേദനം. ഖന്‍ദഖ് ദിവസം അന്യാരാധകര്‍ നബി(സ)തിരുമേനിയെ നാലു നമസ്കാരങ്ങളില്‍നിന്ന് തടഞ്ഞു. ഏതുവരെയെന്നാല്‍ അല്ലാഹു ഇച്ഛിച്ചത്ര രാത്രിയുടെ ഭാഗവും കടന്നുപോയി. നിവേദകന്‍ പറയുന്നു: നബി(സ) തിരുമേനി ഹദ്റത്ത് ബിലാലിനോടു പറ ഞ്ഞതനുസരിച്ച് അദ്ദേഹം ബാങ്കു വിളിച്ചു. പിന്നീട് ഇഖാമത്ത് നല്കാന്‍ നബി(സ)തിരുമേനി നിര്‍ദേശിച്ചു. എന്നിട്ട് ള്വുഹ്ര്‍ നമസ്കരിപ്പിച്ചു. വീണ്ടും ഇഖാമത്ത് കൊടുക്കാന്‍ പറഞ്ഞു. അങ്ങനെ അസ്വ്ര്‍ നമസ്കരിപ്പിച്ചു. വീണ്ടും ഇഖാമത്ത് കൊടുക്കാന്‍ പറഞ്ഞു. പിന്നീട് മഗ്‌രിബ് നമസ്കരിപ്പിച്ചു. വീണ്ടും ഇഖാമത്ത് കൊടുക്കാന്‍ പറഞ്ഞു. എന്നിട്ട് ഇശാ നമസ്കരിപ്പിച്ചു. ഇത് മുസ്നദ് അഹ്മദ് ബിന്‍ ഹമ്പലിലുള്ള ഹദീഥാണ്. *(മുസ്നദ് അഹ്മദ് ബിന്‍ ഹമ്പല്‍, മുസ്നദ് അബ്ദുല്ലാഹ് ബിന്‍ മസ്ഊദ്, വാള്യം 2, പേജ് 6-7, ഹദീഥ് 3555, ആലമുല്‍കുതുബ് ബെയ്റുത്ത് 1998)*

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ എല്ലാ നിവേദനങ്ങളേയും ദുര്‍ബലം എന്നു പറഞ്ഞുകൊണ്ട് ഒരേയൊരു ഹദീഥ് അതായത് അസ്വ്ര്‍ നമസ്കാരം സമയം തെറ്റി നമസ്കരിപ്പിച്ചു എന്ന നിവേദനം മാത്രം ശരിയെന്ന് പറയുകയുണ്ടായി. ഖന്‍ദഖ് ദിനത്തില്‍ നബി(സ) തിരുമേനി നാലു നമസ്കാരങ്ങള്‍ ഖളായാക്കി എന്ന പാതിരി ഫതഹ് മസീഹിന്‍റെ ആക്ഷേപത്തിനു മറുപടി നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം പറയുന്നു. 'ഖന്‍ദഖ് അഥവാ കിടങ്ങുകള്‍ കുഴിക്കുന്ന നേരത്ത് നാലു നമസ്കാരവും ഖളാ ആക്കപ്പെട്ടുവെന്നതാണ് താങ്കളുടെ സാത്താനിക ദുര്‍മന്ത്രണം. ഒന്നാമത്തേത് നിങ്ങളുടെ അറിവ് 'ഖളാ' എന്ന പദം ഉപയോഗിച്ചു എന്നതാണ്. അല്ലയോ അവിവേകി! 'ഖളാ' എന്നത് നമസ്കാരം നിര്‍വഹിക്കുന്നതിനാണ് പറയുന്നത്. അല്ലാതെ ഉപേക്ഷിക്കുന്നതിനല്ല. നമസ്കാരം ഉപേക്ഷിക്കുന്നതിന്‍റെ പേര്  ഖളാ എന്നു ഒരിക്കലുമല്ല. ആരുടെയെങ്കിലും നമസ്കാരം വിട്ടുപോയാല്‍ അതിനു പറയുന്നത് 'ഫൗത്ത്' എന്നാണ്. അതായത് നമസ്കാരം ഫൗത്തായി; നമസ്കാരം ഒഴിവാക്കപ്പെട്ടു. അതുകൊണ്ടാണ് നാം 5000 രൂപ ഇനാം പ്രഖ്യാപിച്ചുകൊണ്ട് വെല്ലുവിളിച്ചത്. ഖളാ എന്ന പദത്തിന്‍റെ അര്‍ഥം പോലും അറിയാത്ത വിഡ്ഢികള്‍പോലും ഇസ്‌ലാമിനെ ആക്ഷേപിക്കാന്‍ വരുന്നു. പദങ്ങളുടെ ഉചിതമായ പ്രയോഗംപോലും അറിയാത്ത വിഡ്ഢികള്‍ക്ക് എങ്ങനെ അതിസൂക്ഷ്മമായ കാര്യങ്ങളില്‍ വിമര്‍ശനം നടത്താനുള്ള യോഗ്യത ലഭിക്കാനാണ്. അതുപോലെ കിടങ്ങു കുഴിക്കുന്ന നേരത്ത് നാലു നമസ്കാരങ്ങള്‍ ജംആക്കി അതായത് ഒരുമിച്ചു നമസ്കരിച്ചുവെന്ന വിഡ്ഢിത്തപരമായ അപവാദത്തിനുള്ള മറുപടി ഇതാണ്. അല്ലാഹു പറഞ്ഞിട്ടുള്ളത് ദീനില്‍ ബലപ്രയോഗമില്ലെന്നാണ്. അതായത് മനുഷ്യന് നാശം സംഭവിക്കുന്ന വിധത്തിലുള്ള കാര്‍ക്കശ്യം മതത്തിലില്ല. അതുകൊണ്ടാണ് അല്ലാഹു അത്യാവശ്യം നേരിടുമ്പോഴും പ്രയാസകരമായ സമയത്തും നമസ്കാരം 'ജംഅ്' ആക്കാനും 'ഖസ്വ്ര്‍' അഥവാ ചുരുക്കാനുമുള്ള കല്പന നല്കിയിട്ടുള്ളത്. എന്നാല്‍, ഇക്കാര്യത്തില്‍ ഞങ്ങളുടെ ഒരു ആധികാരികമായ ഹദീഥിലും നാലു നമസ്കാരങ്ങള്‍ ഒരുമിച്ചു നമസ്കരിച്ചതായി പരാമര്‍ശമില്ല. മറിച്ച് ബുഖാരിയുടെ വ്യാഖ്യാനമായ ഫതഹുല്‍ ബാരിയില്‍ എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്. സംഭവിച്ചത് ഇത്രമാത്രമാണ്. ഒരു നമസ്കാരം അതായത് അസ്വ്ര്‍ നമസ്കാരം മാത്രം സമയം തെറ്റി നിര്‍വഹിക്കേണ്ടിവന്നു. ആക്ഷേപകനെ സംബോധന ചെയ്തുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയാണ്, താങ്കള്‍ ഇപ്പോള്‍ നമ്മുടെ മുമ്പിലുണ്ടായിരുന്നെങ്കില്‍ താങ്കളെ ഒന്ന് മുന്നിലിരുത്തി നാം ചോദിക്കുമായിരുന്നു,

നാലു നമസ്കാരങ്ങൾ 'ഫൗത്തായി' എന്ന് പറയുന്നത് 'മുത്തഫഖുൻ അലയ്ഹി' ഹദീഥിലുണ്ടോ? (ബുഖാരിയിലും മുസ്ലിമിലും ഏകാഭിപ്രായത്തോടെ വന്നിട്ടുണ്ടോ?). നാലു നമസ്കാരങ്ങൾ ശരീഅത്ത് പ്രകാരം ജംആക്കി നമസ്കരിക്കാൻ പറ്റുന്നവയാണ്. അതായത് ളുഹ്റും അസ്റും മഗ്‌രിബും ഇശായും. ഒരു ദുർബലമായ നിവേദനത്തിൽ ളുഹ്റും അസ്റും മഗ്‌രിബും ഇശായും നമസ്കരിച്ചുവെന്ന് വന്നിട്ടുള്ളത് ശരിതന്നെ. എന്നാൽ, സ്വഹീഹായ മറ്റു ഹദീഥുകൾ അതിനെ ഖണ്ഡിക്കുന്നുണ്ട്. അസ്ര് സമയം തെറ്റി നമസ്കരിച്ചുവെന്നുമാത്രമേ തെളിയുന്നുള്ളു.' *(നൂറുൽഖുർആൻ നമ്പർ 2, റൂഹാനി ഖസാഇൻ വാല്യം 9, പേജ് 389-390)*

ഹുദയ്ബിയ സന്ധിയിൽ ഹദ്റത്ത് ഉമർ(റ)ന്റെ പങ്കിനെ കുറിച്ച് ചില കാര്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. നബി(സ)തിരുമേനി ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബിനെ വിളിപ്പിച്ചു. അദ്ദേഹത്തെ മക്കയിൽ അയച്ച് ഖുറയ്ശികളിലെ നേതാക്കന്മാരോടു നബി(സ)തിരുമേനി എന്തിനാണ് ആഗതരായിട്ടുള്ളതെന്ന് പറയാനും അക്കാര്യം ഏല്പിക്കാനുമായിരുന്നു വിളിപ്പിച്ചത്. ഹദ്റത്ത് ഉമർ(റ) പറഞ്ഞു, ഖുറയ്ശികളിൽനിന്ന് എനിക്ക് ഭീഷണിയുണ്ട്. കാരണം അവരോടെനിക്ക് എത്രയധികം ശത്രുതയാണുള്ളതെന്ന് അവർക്ക് നല്ലവണ്ണം അറിയാം. ഖുറയ്ശികളോടു ഞാൻ എത്രത്തോളം രൂക്ഷമായി പെരുമാറിയിരുന്നുവെന്നും അവർക്ക് ബോധ്യമുണ്ട്. മാത്രവുമല്ല എന്നെ രക്ഷിക്കാൻ എന്റെ ഗോത്രമായ ബനൂ അദിയ്യ് ബിൻ കഅ്ബിൽനിന്ന് ആരുംതന്നെ മക്കയിലില്ല. ഇക്കാരണത്താൽ ഹദ്റത്ത് ഉമർ കുറച്ചു വൈമനസ്യം പ്രകടിപ്പിച്ചു. ഒരു നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഹദ്റത്ത് ഉമർ(റ), നബി(സ)തിരുമേനിയോടു ഇങ്ങനേയും പറയുകയുണ്ടായി. യാ റസൂലല്ലാഹ്! അങ്ങ് ഇഷ്ടപ്പെടുകയാണെങ്കിൽ ഞാനവരുടെ അടുക്കൽ പോകുന്നതാണ്. നബി(സ)തിരുമേനി അതിനു മറുപടിയൊന്നും പറഞ്ഞില്ല. അദ്ദേഹം വീണ്ടും പറഞ്ഞു, ഖുറയ്ശികൾ എന്നെക്കാൾ ആദരണീയനായി കണക്കാക്കുന്ന ഒരു വ്യക്തിയെ ഞാൻ അങ്ങയ്ക്ക് പറഞ്ഞുതരാം. അത് ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാനാണ്. അപ്പോൾ നബി(സ) തിരുമേനി ഹദ്റത്ത് ഉഥ്മാനെ വിളിപ്പിക്കുകയും അബൂസുഫിയാന്റേയും മറ്റുനേതാക്കളുടേയും അടുത്തേക്ക് അയക്കുകയും ചെയ്തു. യുദ്ധത്തിനല്ല മറിച്ച് കഅ്ബ സിയാറത്തു ചെയ്യാനും അതിനെ ആദരിക്കാനും മഹത്ത്വപ്പെടുത്താനുമാണ് നബി(സ) തിരുമേനി വന്നിട്ടുള്ളതെന്ന വിവരം അവരോടു പറയാനാണ് ഹദ്റത്ത് ഉഥ്മാനെ അയച്ചത്.'(സീറത്ത് ഇബ്നു ഹിശാം പേജ് 685, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 2001) *(സുബുലുൽഹുദാ വർറശാദ് വാല്യം 5, പേജ് 46, ഫീ ഗസ്വത്തിൽഹുദയ്ബിയ ദാറുൽ കുതുബുൽഇൽമിയ്യ ബെയ്റൂത്ത് 1993)*

ഇതിന്റെ വിശദീകരണം ഹദ്റത്ത് ഉഥ്മാനെ കുറിച്ച് പറഞ്ഞ സന്ദർഭത്തിൽ വിവരിച്ചുകഴിഞ്ഞിട്ടുള്ളതാണ്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: ഹുദയ്ബിയ്യ സന്ധിയുടെ നിബന്ധനകൾ എഴുതിക്കൊണ്ടിരിക്കുന്ന നേരത്ത് മക്കയിലെ ഖുറയ്ശികളുടെ പ്രതിനിധിയായി വന്ന സുഹയ്ൽ ബിൻ അംറിന്റെ മകൻ ചങ്ങലകളാൽ അടിമുടി ബന്ധിതനായി ആ സദസ്സിലേക്ക് വീണുരുണ്ട് എത്തിച്ചേർന്നു. അദ്ദേഹം മുസ്ലിമായ കാരണത്താൽ മക്കക്കാർ ബന്ധനസ്ഥനാക്കിയിരിക്കുകയായിരുന്നു. കൊടിയ പീഢനങ്ങൾ ഏല്പിക്കുകയും ചെയ്തിരുന്നു. നബി(സ)തിരുമേനി മക്കയോടു അടുത്തു വന്നിരിക്കുന്നുവെന്ന വിവരം അദ്ദേഹത്തിന് കിട്ടി. അപ്പോൾ മക്കക്കാരുടെ തടവിൽനിന്ന് എങ്ങനെയോ രക്ഷപ്പട്ട് ചങ്ങലയാൽ ബന്ധിതനായി വീണും ഉരുണ്ടും ഹുദയ് ബിയ്യായിലെത്തിയതാണ്. യാദൃച്ഛികമെന്നു പറയട്ടെ അദ്ദേഹം എത്തിയ ആ നേരത്ത് അദ്ദേഹത്തിന്റെ പിതാവ് അവിടെ ഇങ്ങനെയൊരു നിബന്ധന എഴുതിച്ചേർക്കുകയായിരുന്നു. അതായത് മക്കയിൽ നിന്ന് മുസ്ലിമീങ്ങളുടെ അടുത്തേക്ക് ആരുവന്നാലും അതൊരു മുസ്ലിമായാലും വേണ്ടില്ല അയാളെ തിരിച്ചയക്കേണ്ടതാണ്. അബൂജൻദൽ വീണുരുണ്ട് മുസ്ലിമീങ്ങളുടെ മുമ്പിൽ ചെന്നു കിടന്നു. എന്നിട്ട് നിലവിളിച്ചുകൊണ്ട് 'അല്ലയോ മുസ്ലിമീങ്ങളെ ഇസ്ലാം കാരണത്താലാണ് എനിക്ക് ഇങ്ങനെ ശിക്ഷ ലഭിക്കുന്നത്. അല്ലാഹുവിനെ ഓർത്ത് എന്നെ രക്ഷിച്ചാലും.'മുസ്ലിമീങ്ങൾ ആ കാഴ്ചകണ്ട് നന്നേ വിഷമിച്ചു. എന്നാൽ, സുഹയ്ലും തന്റെ വാശിവിട്ടില്ല. അയാൾ നബി(സ)തിരുമേനിയോടു പറഞ്ഞു: ഈ ഉടമ്പടി പ്രകാരം ഞാനാദ്യമായി താങ്കളോടു ആവശ്യപ്പെടുന്ന കാര്യം അബൂജൻദലിനെ എനിക്കു വിട്ടുതരണമെന്നാണ്. നബി(സ)തിരുമേനി പറഞ്ഞു: 'ഈ ഉടമ്പടി ഇനി യും പൂർത്തിയായിട്ടില്ല.' സംസാരം നടക്കുന്നതേ ഉണ്ടായിരുന്നുള്ളു. അന്തിമതീരുമാനത്തിലെത്തിയിരുന്നില്ല. സുഹയ്ൽ പറഞ്ഞു, താങ്കൾ അബൂജൻദലിനെ തിരിച്ചു തന്നില്ലെങ്കിൽ ഈ ഉടമ്പടി ഇവിടെ അവസാനിച്ചതായി മനസ്സിലാക്കിക്കൊള്ളുക. നബി(സ)തിരുമേനി ഒരു തീരുമാനത്തിലെത്താൻവേണ്ടി പറഞ്ഞു, പിണങ്ങി നിൽക്കാതെ, ഔദാര്യവും സൽപെരുമാറ്റവും കണക്കിലെടുത്ത് നിങ്ങൾ ഞങ്ങൾക്ക് അബൂജൻദലിനെ വിട്ടുതരിക. സുഹയ്ൽ പറഞ്ഞു: ഇല്ല അതൊരിക്കലും സംഭവിക്കുകയില്ല. നബി(സ)തിരുമേനി പറഞ്ഞു, 'സുഹയ്ലേ! വാശിപിടിക്കരുത്. ഞാൻ പറയുന്നത് അനുസരിക്കുക.' സുഹയ്ൽ പറഞ്ഞു: 'ഇക്കാര്യം ഞാനൊരിക്കലും സമ്മതിക്കുകയില്ല.' അപ്പോൾ അബൂജൻദൽ വീണ്ടും ഉറക്കെ ഇങ്ങനെ പറയാൻ തുടങ്ങി, 'അല്ലയോ മുസ്ലിമീങ്ങളേ! നിങ്ങളുടെ ഒരു മുസ്ലിം സഹോദരനെ ഇവ്വിധം കൊടിയ യാതനകൾ പേറാനായി അന്യാരാധകരുടെ അടുത്തേക്ക് അയക്കാൻ പാടുണ്ടോ? ഇക്കാര്യം വളരെ വിചിത്രമായിരിക്കുന്നു.' ആ നേരത്ത് അബൂജൻദൽ, നബി(സ) തിരുമേനിയോടല്ല, മറിച്ച് മുസ്ലിമീങ്ങളോടാണ് ദയാപേക്ഷ നടത്തിയത്. അദ്ദേഹത്തിന് ചിലപ്പോൾ നബി(സ) തിരുമേനിക്ക് എത്രകണ്ട് മനോവിഷമമുണ്ടായാലും ശരി സന്ധിയിൽ വിഘ്നം വരാതിരിക്കാൻ ഇതൊന്നും വകവെക്കില്ലെന്ന് ഉറപ്പായതിനാലായിരിക്കാം അങ്ങനെ ചെയ്തിട്ടുണ്ടാകുക. എന്നാൽ, ഒരു വേള പൊതുമുസ്ലിമീങ്ങൾ ആത്മാഭിമാനത്താൽ രോഷംകൊണ്ട് ഉടമ്പടിയിലെ നിബന്ധനകൾ പൂർത്തായാകാത്ത സാഹചര്യത്തിൽ തന്റെ മോചനത്തിന് എന്തെങ്കിലും വഴി കണ്ടെത്തുമെന്ന് അദ്ദേഹം കരുതിയിരുന്നുവെന്നും വരാം. എന്നാൽ, മുസ്ലിമീങ്ങൾ എത്ര ആവേശത്തിലായിരുന്നാലും നബി(സ) തിരുമേനിയുടെ ഇഷ്ടത്തിനെതിരെ ഒരു അടിപോലും വെക്കാൻ തയ്യാറാകുമായിരുന്നില്ല. നബി(സ) തിരുമേനി അല്പ സമയം മൗനം ദീക്ഷിച്ചു.എന്നിട്ട് വളരെ വേദനാനിർഭരമായ വാക്കുകളിൽ ഇപ്രകാരം പറഞ്ഞു: 'അബൂ ജൻദലേ!സഹനം കൈക്കൊള്ളുക. അല്ലാഹുവിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുക. താങ്കൾക്കും താങ്കളുടെ കൂടെയുള്ള മറ്റു ദുർബല മുസ്ലിമീങ്ങൾക്കുംവേണ്ടി തീർച്ചയായും അല്ലാഹു സ്വയമേവ എന്തെങ്കിലും മാർഗം തുറക്കുന്നതാണ്. ഈ നേരത്ത് ഞങ്ങൾ നിർബന്ധിതരാണ്. മക്കക്കാരുമായി ഉടമ്പടിചെയ്തു കഴിഞ്ഞിരിക്കുന്നു. ഇതു ലംഘിച്ചുകൊണ്ട് ഒരു അടിപോലും ഇനി ഞങ്ങൾക്ക് മുമ്പോട്ടുപോകാൻ സാധിക്കുകയില്ല.'

മുസ്ലിമീങ്ങൾ ആ കാഴ്ച കാണുന്നുണ്ടായിരുന്നു. മതപരമായ അഭിനിവേശവും രോഷവും കാരണം അവരുടെ കണ്ണിൽ ചോരപൊടിയുന്നുണ്ടായിരുന്നു. എന്നാൽ, നബി(സ)തിരുമേനിയോടുള്ള ആദരവു കാരണം അവർ മൗനം പാലിച്ചിരുന്നു. അവസാനം ഉമറിന് സഹിക്കാനായില്ല. അദ്ദേഹം നബി(സ) തിരുമേനിയുടെ ചാരത്തുനിന്ന് വിറച്ചുകൊണ്ട് ചോദിച്ചു:'അങ്ങ് അല്ലാഹു അയച്ച സത്യവാനായ റസൂലല്ലേ?' നബി(സ)തിരുമേനി പറഞ്ഞു: 'അതേ, അതേ തീർച്ചയായുമാണ്.' ഉമർ ചോദിച്ചു: 'നമ്മൾ സത്യത്തിലല്ലേ? നമ്മുടെ ശത്രുക്കൾ അസത്യത്തിലല്ലേ?' നബി(സ)തിരുമേനിപറഞ്ഞു:'തീർച്ചയായും അങ്ങനെ തന്നെയാണ്.' ഉമർ ചോദിച്ചു: 'അപ്പോൾപ്പിന്നെ ഈ സത്യദീനിനുവേണ്ടി നമ്മളെന്തിനാണ് ഇത്തരം അവഹേളനങ്ങൾ സഹിക്കേണ്ടത്?' നബി(സ)തിരുമേനി ഹദ്റത്ത് ഉമറിന്റെ അവസ്ഥ കണ്ട് സംക്ഷിപ്തമായി പറഞ്ഞു: 'ഉമറേ! നോക്കൂ! ഞാൻ അല്ലാഹുവിന്റെ റസൂലാണ്. എനിക്ക് അല്ലാഹുവിന്റെ ഇംഗിതമെന്താണെന്ന് അറിയാം. എനിക്ക് അതിനെതിരെ പ്രവർത്തിക്കാനാകില്ല. അല്ലാഹു തന്നെയാണ് എന്റെ സഹായകൻ.' എന്നാൽ, ഹദ്റത്ത് ഉമറിന്റെ പ്രകൃതത്തിലുള്ള ചാഞ്ചല്യം അനുനിമിഷം വർധിച്ചുകൊണ്ടിരുന്നു. അദ്ദേഹം പറഞ്ഞു: 'അങ്ങ് ഞങ്ങളോടു പറഞ്ഞത് നമ്മൾ ബയ്ത്തുല്ലാഹ് ത്വവാഫ് ചെയ്യുമെന്നല്ലേ?' നബി(സ)തിരുമേനി പറഞ്ഞു: 'തീർച്ചയായും, ഞാനങ്ങനെ പറഞ്ഞിട്ടുണ്ട്. എന്നാൽ, ഈ വർഷംതന്നെ നമ്മൾ ത്വവാഫ് ചെയ്യുമെന്ന് ഞാൻ പറഞ്ഞിരുന്നോ?' ഉമർ പറഞ്ഞു: 'ഇല്ല. അങ്ങനെയൊന്നും പറഞ്ഞിട്ടില്ല.' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അ ങ്ങനെയാണെങ്കിൽ കാത്തിരിക്കുക. ഇൻശാ അല്ലാഹ് നിങ്ങൾ മക്കയിൽ പ്രവേശിക്കുന്നതും കഅ്ബ ത്വവാഫ് ചെയ്യുന്നതുമായിരിക്കും.' ആവേശത്തിമിർപ്പിനാൽ ഹദ്റത്ത ഉമറിന് തൃപ്തി വന്നില്ല. എന്നാൽ, നബി(സ)തിരുമേനിയോടു ഒരു പ്രത്യേക ഭയബഹുമാനമുള്ളതുകൊണ്ട് അദ്ദേഹം അവിടെനിന്നുപോയി. ഹദ്റത്ത് അബൂബക്റിന്റെ അടുത്തുവന്നു. അദ്ദേഹത്തോടും അപ്രകാരം ആവേശത്തോടെ സംസാരിച്ചു. ഹദ്റത്ത് അബൂബക്റും അതുപോലെതന്നെ മറുപടി നല്കി. അതോടൊപ്പം അദ്ദേഹത്തെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: 'ഉമറേ! സൂക്ഷ്മത കൈക്കൊള്ളുക. അല്ലാഹുവിന്റെ റസൂലിന്റെ ദൗത്യത്തിന് കൂടെ നിൽക്കാൻ താങ്കൾ നീട്ടിയ കൈ ഒരിക്കലും അയഞ്ഞുപോരുകരുത്. കാരണം അല്ലാഹുവാണ! നമ്മൾ നമ്മളുടെ കൈ ഏതൊരു വ്യക്തിയുടെ കൈയുടെ മേലാണോ വെച്ചിട്ടുള്ളത് തീർച്ചയായും ആ വ്യക്തി സത്യവാനാണ്.' ഹദ്റത്ത് ഉമർ പറയുന്നു: ആ നേരത്ത് ആവേശംമൂത്ത ഞാൻ അങ്ങനെയൊക്കെ പറഞ്ഞിരുന്നെങ്കിലും പിന്നീടെനിക്ക് അങ്ങേയറ്റം ലജ്ജ തോന്നി. ഞാൻ പശ്ചാത്തപിച്ചുകൊണ്ട് ആ ദൗർബല്യത്തിൽനിന്ന് ശുദ്ധിയാകാൻ നഫ്ൽ പരമായ ഒരുപാടു കർമങ്ങൾ ചെയ്തു. അതായത് സ്വദഖ നല്കി, നോമ്പുനോറ്റു, നഫ്ൽ നമസ്കരിച്ചു. അടിമകളെ മോചിപ്പിച്ചു.അങ്ങനെ എന്റെ ദൗർബല്യത്തിന്റെ കറകളയാൻ ഞാൻ ശ്രമിച്ചു.' *(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) എം.എ. പേജ് 766-768)*

ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ് (റഹ്) ഖലീഫയാകുന്നതിനുമുമ്പേ ചെയ്ത ഒരു പ്രസംഗത്തിൽ ഈ വിഷയകമായി സംസാരിച്ചിരുന്നു. അതിൽ ഈ വിഷയം സംബന്ധിച്ച് പറഞ്ഞ ഒരു ഭാഗം ഞാൻ അവതരിപ്പിക്കാം. അവിടന്ന് പറയുന്നു: 'ഒരു സംശയവുമില്ല. വേദനയോടും

വ്യസനത്തോടും കൂടി ഒരു ചോദ്യത്തിന്റെ രൂപത്തിൽ ഹദ്റത്ത് ഉമറിന്റെ ഹൃദയത്തിൽനിന്ന് പുറപ്പെട്ട ആ ആർത്തനാദം ഒരുപാട് നെഞ്ചകങ്ങളിൽ കുരുങ്ങിക്കിടക്കുന്നുണ്ടായിരുന്നു. ഉമർ ഏതൊരു വികാരവിചാരങ്ങൾക്കാണോ ശബ്ദമേകിയത് അത് ഒരു ഉമറിന്റെ മാത്രം ഉള്ളിലുള്ളതല്ലായിരുന്നു എന്നതും നിസംശയമാണ്. മറിച്ച് അതൊരുപാടുപേരുടെ ശബ്ദമായിരുന്നു. നൂറുക്കണക്കിന് നെഞ്ചകങ്ങളിൽ അത്തരം ചിന്തകൾ അലയടിച്ചുയരുന്നുണ്ടായിരുന്നു. എന്നാൽ, ഹദ്റത്ത് ഉമർ പ്രകടമാക്കാൻ ധൈര്യം കാണിച്ചുകൊണ്ടു നടത്തിയ അപരാധം കാരണം ഹദ്റത്ത് ഉമറിന് ജീവിതാന്ത്യംവരെ ലജ്ജിക്കേണ്ടിവന്നു. ഒരുപാട് നോമ്പുകൾ പിടിച്ചു. വളരെയധികം ആരാധനകളനുഷ്ഠിച്ചു. ഒട്ടനവധി സ്വദഖകൾ നല്കി. ഇസ്തിഗ്ഫാറുകൾ ചെയ്തുകൊണ്ട് സുജൂദിടങ്ങൾ ആർദ്രമാക്കി. എന്നിട്ടും ലജ്ജാവികാരം കെട്ടടങ്ങിയില്ല. ഹുദയ്ബിയായിലുണ്ടായ പരിഭ്രാന്തി ക്ഷണികമായിരുന്നു. വാനലോകത്തുനിന്നിറങ്ങിയ കാര്യങ്ങൾ അവയെ മനസ്സമാധാനത്തിലേക്ക് പരിണമിപ്പിച്ചിരുന്നു. എന്നാൽ, അക്ഷമകാരണം ഹദ്റത്ത് ഉമറിന്റെ ഹൃദയത്തിലുണ്ടായ ചോദ്യങ്ങൾ തീർത്ത പരിഭ്രാന്തത സ്ഥിരമായി നിലകൊണ്ടു. അതൊരിക്കലും അദ്ദേഹത്തെ വിട്ടകന്നില്ല. എപ്പോഴും അദ്ദേഹം പ്രത്യാശാഭരിതനായി ഇങ്ങനെ ചോദിച്ചുകൊണ്ടിരുന്നു. ഞാൻ ഒരുവേള നബി(സ)തിരുമേനിയോടു അങ്ങനെ ചോദിച്ചിരുന്നില്ലെങ്കിൽ ഹാ! എത്ര നന്നായേനെ. ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്), 'ഹദ്റത്ത് ഉമർ(റ)മരണശയ്യയിൽ ലാ ലീ വലാ അലയ്യ എന്ന് അന്ത്യശ്വാസം വലിച്ചുകൊണ്ട് ചൊല്ലിക്കൊണ്ടിരിക്കുമ്പോഴും അതായത് അല്ലാഹുവേ! ഞാൻ എന്റെ നന്മകൾക്ക് പ്രതിഫലം നിന്നോടു ചോദിക്കുന്നില്ല മറിച്ച് എന്റെ അപരാധങ്ങൾ നീ എനിക്ക് പൊറുത്തുതന്നാൽ മാത്രം മതിയെന്നു പറയുമ്പോൾ അവയിൽ ഏറ്റവും കൂടുതൽ അദ്ദേഹത്തെ അസ്വസ്ഥനാക്കിയ അപരാധം ഹുദയ്ബിയ്യ മൈതാനത്ത് സംഭവിച്ചതായിരിക്കും എന്നതാകാമെന്ന് തനിക്ക് പലതവണ തോന്നിയ തായി പറഞ്ഞിട്ടുണ്ട്. ഹുദയ്ബിയ്യ ഉടമ്പടി തയ്യാറാക്കുന്നതിന്നിടയിൽ സ്വഹാബാക്കൾക്കുണ്ടായ അസ്വസ്ഥതയുടേയും മനോവ്യഥയുടേയും ലോകം കണ്ടപ്പോൾ നബി(സ)തിരുമേനിയുടെ മനസ്സിന്റെ അവസ്ഥയുടെ രഹസ്യം അവിടത്തെ യജമാനനും അങ്ങേയറ്റം സ്നേഹിക്കുന്നവനുമായ അത്യുന്നതനായ കൂട്ടുകാരനല്ലാതെ മറ്റാർക്കും അത് അറിയുമായിരുന്നില്ല. എന്നാൽ, ഉമറിന്റെ ചോദ്യത്തിന് അവിടത്തെ പരിശുദ്ധ നാവിൽനിന്ന് പുറപ്പെട്ട സാധാരണനിലയിലുള്ള ആ മൂന്നു വാക്യത്തിൽ ചിന്തിക്കുന്നവർക്കുവേണ്ടി അവിടന്ന് ഒരുപാട് പറഞ്ഞിട്ടുണ്ട്.' *(ഖുത്ബാത്തെ ത്വാഹിർ (ഖിലാഫത്തിനുമുമ്പേയുള്ള ജൽസാസാലാന പ്രസംഗം) പേജ് 428)*

ഹുദയ്ബിയ്യ സന്ധിയുടെ അവസരത്തിൽ മുസ്ലിമീങ്ങൾക്കും മക്കയിലെ ഖുറയ്ശികൾക്കുമിടയിൽ ഉണ്ടായ ഉടമ്പടിയുടെമേൽ ഹദ്റത്ത് ഉമറിന്റെ ഒപ്പുമുണ്ടായിരുന്നു. ഇതുസംബന്ധമായി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) എഴുതുന്നു: 'ആ ഉടമ്പടിയുടെ രണ്ടു പകർപ്പുകൾ എടുത്തു. സാക്ഷികളെന്ന നിലയിൽ ഇരുപക്ഷത്തുനിന്നുമുള്ള ആദരണീയരായ ഒരുപാടാളുകളുടെ ഒപ്പും അതിൽ ഇടപ്പെട്ടു. മുസ്ലിമീങ്ങളുടെ ഭാഗത്തുനിന്ന് ഒപ്പിട്ടത് ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് ഉഥ്മാൻ, ഹദ്റത്ത് അബ്ദുർ റഹ്മാൻ ബിൻ ഔഫ്, സഅ്ദ് ബിൻ അബീവഖാസ്, അബൂഉബയ്ദ എന്നിവരായിരുന്നു. ഉടമ്പടി പൂർണമായി എഴുതപ്പെട്ട ശേഷം സുഹയ്ൽ ബിൻ അംറ് അതിന്റെ ഒരു പകർപെടുത്ത് മക്കയിലേക്ക് പുറപ്പെടുകയും മറ്റെ പകർപ് നബി(സ)തിരുമേനി തന്റെ കൈയിൽ സൂക്ഷിക്കുകയും ചെയ്തു. *(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശർ അഹ്മദ്(റ) എം.എ. പേജ് 769)*

ഹുദയ്ബിയ്യ സന്ധി കഴിഞ്ഞുള്ള തിരിച്ചുവരവിനെ സംബന്ധിച്ച് സീറത്തു ഖാത്തമുന്നബിയ്യീനിൽ എഴുതിയിരിക്കുന്നു: ബലി തുടങ്ങിയവ നടത്തിയതിനുശേഷം നബി(സ) മദീനയിലേക്ക് മടങ്ങിപ്പോകാൻ കല്പിച്ചു. അപ്പോൾ അവിടന്ന് ഹുദയ്ബിയായിൽ വന്നിട്ട് ഇരുപത് ദിവസത്തോളമായിരുന്നു. മടക്കയാത്രയിൽ അവിടന്ന് ഉസ്ഫാനടുത്ത് 'കുറാഉൽ ഗമീമി'ലെത്തിയപ്പോൾ-ഉസ്ഫാൻ മക്കയിൽ നിന്ന് 103 കിലോമീറ്റർ അകലെയും 'കുറാഉൽഗമീം' ഉസ്ഫാനിൽനിന്ന് 8 കിലോമീറ്റർ അകലെയുള്ള ഒരു താഴ് വരയാണ്- രാത്രി നേരമായിരുന്നു. അവിടന്ന് വിളംബരം ചെയ്യിച്ച് സ്വഹാബത്തിനെ സംഘടിപ്പിച്ചു. എന്നിട്ട് പറഞ്ഞു: ഇന്നു രാത്രി എന്നിൽ ഒരു സൂറത്തിറങ്ങി. അതെനിക്ക് ലോകത്തിലെ എല്ലാ വസ്തുക്കളെക്കാളും ഏറെ പ്രിയപ്പെട്ടതാണ്. അത് ഇതാണ്: സൂറ ഫത്ഹിനെ കുറിച്ച്. **ഇന്നാ ഫതഹ്നാ ലക്ക ഫത്ഹൻ മുബീനൻ ല്ലിയഗ്ഫിർലക്കല്ലാഹു മാ തഖദ്ദമ മിൻ ദൻബിക്ക വമാ തഅഖ്ഖറ വ യുത്തിമ്മ നി അ്മത്തുഹൂ അലയ്ക്ക് വ യഹ്ദിയക്ക സ്വിറാത്വൻ മുസ്തഖീമൻ വ്വ യൻസ്വുറക്കല്ലാഹു നസ്റൻ അസീസൻ** (അൽഫത്ഹ് 2-4). സൂറ ഫത്ഹിലെ രണ്ടുമുതൽ നാലുവരെയുള്ള നാ ലു ആയത്തുകളാണ്. തുടർന്ന് 28-ാം വചനമാണ്. **ലഖദ് സ്വദഖല്ലാഹു റസൂലുഹുർറുഅ്യാ ബിൽഹഖ്ഖി ല തദ്ഖുലുന്നൽ മസ്ജിദൽ ഹറാമ ഇൻശാഅല്ലാഹു ആമിനീന മുഹല്ലിഖീന റുഊസക്കും വ മുഖസ്സ്വിരീന ലാ തഖാഫൂന** (അൽഫത്ഹ് 28). തീർച്ചയായും നാം നിനക്ക് സ്പഷ്ടമായൊരു വിജയം നല്കിയിരിക്കുന്നു. മുമ്പേയും പിമ്പേയുമുള്ള നിന്റെ വൈകല്യങ്ങളെ അല്ലാഹു നിന്നിൽനിന് മറയ്ക്കുന്നതിനും നിന്റെമേൽ അനുഗ്രഹത്തെ പൂർത്തീകരിക്കുന്നതിനും നിന്നെ നേർമാർഗത്തിൽ നയിക്കുന്നതിനും അല്ലാഹു നിനക്ക് പ്രബലമായ സഹായം നല്കുന്നതിനും വേണ്ടിയാണിത്.....അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം നിങ്ങൾ തീർച്ചയായും സമാധാന ചിത്തരും തലമുണ്ഡനം ചെയ്തവരും മുടിമുറിച്ചവരുമായി നിർഭയം ആ ആദരണീയ ദേവാലയത്തിൽ പ്രവേശിക്കുമെന്ന സ്വപ നത്തെ അല്ലാഹു തന്റെ ദൂതന് സാക്ഷാൽക്കരിച്ചു കൊടുത്തിരിക്കുന്നു.(48:28) അതായത് നി ങ്ങൾ ഈ വർഷം മക്കയിൽ പ്രവേശിക്കുകയാണെങ്കിൽ അത് സമാധാനത്തോടെ ആകുമായിരുന്നില്ല. മറിച്ച് യുദ്ധവും രക്തചൊരിച്ചിലുമായിരിക്കും നടന്നിരിക്കുക. അല്ലാഹു സ്വപ്നത്തിൽ കാണിച്ചത് സമാധാനപൂർവമുള്ള മക്ക പ്രവേശമായിരുന്നു. അതിനാൽ അല്ലാഹു ആ വർഷം സന്ധി ചെയ്യിച്ചുകൊണ്ട് സമാധാനാവസ്ഥ സംജാതമാക്കി. ഇനി സമീപഭാവിയിൽത്തന്നെ അല്ലാഹു കാണിച്ച സ്വപ്നം പോലെതന്നെ മസ്ജിദുൽഹറാമിൽ സമാധാനത്തോടെ പ്രവേശിക്കുന്നതായിരിക്കും. അതുപോലെത്തന്നെ സംഭവിക്കുകയും ചെയ്തു.

അവിടന്ന് ഈ ആയത്തുകൾ സ്വഹാബത്തിനെ കേൾപ്പിച്ചപ്പോൾ, ചില സ്വഹാബാക്കളുടെ മനസ്സിൽ അപ്പോഴും ഹുദയ്ബിയ സന്ധിയുടെ കയ്പ് നിൽപുണ്ടായിരുന്നു, അവർ അത്ഭുതപ്പെട്ടു. അവർ കരുതി ബാഹ്യമായി നോക്കുമ്പോൾ നമ്മൾ പരാജിതരായാണ് മടങ്ങുന്നത്. എന്നാൽ, അല്ലാഹുവാകട്ടെ നമ്മൾ വിജയിച്ചതിലുള്ള ആശംസകൾ നേരുകയാണ്. ഏതുവരെയെന്നാൽ ചില എടുത്തുചാട്ടക്കാരായ സ്വഹാബത്ത് ഇങ്ങനെപോലും പറയുകയുണ്ടായി. കഅ്ബാലയം ത്വവാഫ് ചെയ്യാനുള്ള അവസരം നിഷേധിക്കപ്പെട്ടുകൊണ്ട് നമ്മൾ മടങ്ങുന്നത് നമ്മളുടെ വിജയമാണെന്നോ? ഇതു നബി(സ) അറിഞ്ഞപ്പോൾ അവിടന്ന് വളരെ നീരസം പ്രകടിപ്പിച്ചു. നബി(സ) തിരുമേനി ആവേശഭരിതനായിക്കൊണ്ട് ഒരു ലഘു പ്രഭാഷണം നടത്തുകയും അതിൽ ഇപ്രകാരം പറയുകയും ചെയ്തു: 'ഇതു വളരെ അടിസ്ഥാനരഹിതമായ ആക്ഷേപമാണ്. ആഴത്തിൽ ചിന്തിച്ചുനോക്കിയാൽ ഹുദയ്ബിയ സന്ധി നമുക്കൊരു വൻ വിജയമാണെന്ന് കാണാം. നമുക്കെതിരെ യുദ്ധ ഭൂമിയിൽ ഇറങ്ങിയ ഖുറയ്ശികൾ സ്വയമേവ യുദ്ധം ഉപേക്ഷിക്കുകയും നമ്മളുമായി സമാധാന സന്ധി ചെയ്തിരിക്കുകയുമാണ്. അതുപോലെ വരും വർഷങ്ങളിൽ നമുക്കായി മക്കയുടെ കവാടങ്ങൾ തുറക്കുമെന്ന് അവർ വാക്കും തന്നിരിക്കുന്നു. നമുക്ക് സമാധാനത്തോടും ശാന്തിയോടുംകൂടി മക്കക്കാരുടെ ഉപദ്രവങ്ങളിൽനിന്ന് മോചിതരായിക്കൊണ്ട് ഇതുപോലെ വരാനിരിക്കുന്ന വിജയങ്ങളുടെ സുഗന്ധവും പേറിക്കൊണ്ടാണ് നമ്മൾ മടങ്ങിപ്പോകുന്നത്. അതിനാൽ ഇത് നിശ്ചമായും ഒരു മഹത്തായ വിജയമാണ്. നിങ്ങൾ മുമ്പേയുണ്ടായിരുന്ന കാര്യങ്ങൾ പാടേ വിസ്മരിച്ചുവോ? ഈ ഖുറയ്ശികൾതന്നെ നിങ്ങൾക്കെതിരിൽ ഉഹുദിലും അഹ്സാബിലും കടന്നാക്രമണം നടത്തിയിരുന്നില്ലേ? ഇത്രയും വിശാലമായ ഭൂമിയെ അവർ നിങ്ങൾക്ക് കുടുസ്സാക്കിത്തീർത്തിരുന്നില്ലേ? നിങ്ങളുടെ കണ്ണുകൾ അന്ധാളിച്ചു പോയിരുന്നില്ലേ?നിങ്ങളുടെ ചങ്ക് വായിലെത്തിയിരുന്നില്ലേ? എന്നാൽ, അതേ ഖുറയ്ശികൾ ഇന്ന് നിങ്ങളുടെ മുമ്പാകെ സമാധാന ഉടമ്പടി വെക്കുന്നു. സ്വഹാബാക്കൾ പറഞ്ഞു:അല്ലയോ റസൂലേ! ഞങ്ങൾക്കിപ്പോൾ കാര്യങ്ങൾ മനസ്സിലായി. നല്ലവണ്ണം മനസ്സിലായി. അങ്ങയുടെ അത്ര ദീർഘദൃഷ്ടിയും ലോകവീക്ഷണവും ഞങ്ങൾക്കൊരിക്കലും ഉണ്ടാകുകയില്ല. ഈ ഉടമ്പടി നമുക്ക് ശരിക്കും ഒരു വിജയമാണെന്ന കാര്യം ഇപ്പോൾ ഞങ്ങൾ മനസ്സിലാക്കിയിരിക്കുന്നു.

നബി(സ)തിരുമേനിയുടെ ഈ പ്രസംഗത്തിനു മുമ്പേ ഹദ്റത്ത് ഉമർ വളരെ അസ്വസ്ഥ ചിത്തനായിരുന്നു. അദ്ദേഹം തന്നെ പറയുന്നു: ഹുദയ്ബിയായിൽനിന്ന് മടങ്ങവെ രാത്രി നേരത്ത് ഞാൻ നബി(സ)തിരുമേനിയുടെ അടുക്കൽ വന്നു. നബിയോടു ചിലത് പറയാനാഗ്രഹിച്ചു. എന്നാൽ, നബി(സ) തിരുമേനി മൗനം പാലിച്ചു. ഞാൻ രണ്ടാമതും മൂന്നാമതും സംസാരിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ, നബി(സ) തിരുമേനി ഒരു ഭാവവ്യത്യാസവുമില്ലാതെ മൗനം തുടർന്നു. നബി(സ)തിരുമേനിയുടെ മൗനം എന്നെ വല്ലാതെ അസ്വസ്ഥനാക്കി. ഞാൻ ഇങ്ങനെ ആത്മഗതം ചെയ്തുകൊണ്ട് മടങ്ങി. അല്ലയോ ഉമറേ! നീ നശിച്ചുപോയിരിക്കുന്നു. നീ മൂന്നു തവണ അല്ലാഹുവിന്റെ റസൂലിനെ സംബോധന ചെയ്തു. എന്നാൽ, അവിടന്ന് ഒട്ടും പ്രതികരിച്ചില്ല. അങ്ങനെ ഞാൻ മുസ്ലിമീങ്ങളുടെ യാത്രാ സംഘത്തിന് ഏറ്റവും മുൻവശത്തേക്ക് നീങ്ങി. ആ ദുഃഖഭാരത്താൽ അസ്വസ്ഥനായി കറങ്ങുകയായിരുന്നു ഞാൻ. എനിക്കെതിരെ വല്ല ഖുർആനിക വചനവും ഇറങ്ങിയാലോ എന്ന് ഭയക്കുകയായിരുന്നു ഞാൻ. അപ്പോൾത്തന്നെ ആരോ എന്റെ പേരു വിളിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു:'നബി(സ)തിരുമേനി ഉമർ ബിൻ ഖത്ത്വാബിനെ വിളിക്കുന്നു.' അപ്പോൾ ഞാൻ കരുതി ചിലപ്പോൾ എന്നെക്കുറിച്ച് വല്ല ഖുർആനിക വചനവും ഇറങ്ങിയിട്ടുണ്ടാകും.' ഞാൻ ഭയപ്പെട്ട് പെട്ടെന്ന്

നബി(സ) തിരുമേനിയുടെ അടുത്തെത്തി. സലാം ചൊല്ലിക്കൊണ്ട് ഒരു ഭാഗത്തേക്ക് മാറിനിന്നു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ഇപ്പോൾ എനിക്ക് ഒരു ഖുർആനിക അധ്യായം ഇറങ്ങിയിരിക്കുന്നു. ലോകത്തുള്ള സകലതിനെക്കാളും എനിക്ക് ഏറ്റവും പ്രിയങ്കരമാണത്. തുടർന്ന് നബി(സ) തിരുമേനി സൂറ ഫതഹിലെ വചനങ്ങൾ പാരായണം ചെയ്തു. ഹദ്റത്ത് ഉമർ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! ഈ സന്ധി ശരിക്കും മുസ്‌ലിമീങ്ങളുടെ വിജയമാണോ? നബി(സ)തിരുമേനി പറഞ്ഞു: തീർച്ചയായും. നമ്മുടെ വിജയംതന്നെയാണ്. അതുകേട്ട് ഹദ്റത്ത് ഉമർ സംതൃപ്തനായി മൗനം പാലിച്ചു. അതുകഴിഞ്ഞ് നബി(സ) തിരുമേനി മദീനയിലേക്ക് മടങ്ങി. *(സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) എം.എ. പേജ് 770-772)(ഫർഹങ്കെ സീറത്ത് പേജ് 200-243)*

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഹുദയ്ബിയ്യ സന്ധി വേളയിൽ നബി(സ)തിരുമേനി മക്കയിലെ മുശ്‌രിക്കുകളുമായി സന്ധിയിലായി. അക്കാരണത്താൽ സ്വഹാബത്തിന് വളരെയധികം പരിഭ്രമമുണ്ടായി. എത്രത്തോളമെന്നാൽ ഹദ്റത്ത് ഉമറിനെപ്പോലുള്ള വ്യക്തിയും നബി(സ) തിരുമേനിയുടെ അടുത്തു ചെന്ന് ഇപ്രകാരമെല്ലാം ചോദിച്ചു. 'യാ റസലുല്ലാഹ്!നമ്മൾ കഅ്ബയെ പ്രദക്ഷിണം ചെയ്യുമെന്ന് അല്ലാഹു അങ്ങയോടു വാഗ്ദാനം ചെയ്തില്ലേ? ഇസ്‌ലാമിന്റെ വിജയം വിധിക്കപ്പെട്ട കാര്യമല്ലേ?'നബി(സ)തിരുമേനി ചോദിച്ചു: 'എന്തുകൊണ്ടല്ല? തീർച്ചയായും.' ഹദ്റത്ത് ഉമർ പറഞ്ഞു: 'പിന്നെ നമ്മൾ എന്തിനാണ് ഇവർക്ക് കീഴ്പ്പെട്ടുകൊണ്ട് സന്ധിയിലായത്?' നബി(സ)തിരുമേനി പറഞ്ഞു: 'നമ്മൾ ത്വവാഫ് ചെയ്യുമെന്ന് അല്ലാഹു തീർച്ചയായും വാഗ്ദാനം ചെയ്തിട്ടുണ്ട്. എന്നാൽ, അത് ഈ വർഷമാണെന്ന് പറഞ്ഞിട്ടില്ല.' *(ഖുത്ബാത്തെ മഹ്മൂദ്, വാള്യം 30, പേജ് 220)*

ഉമറിനെ കുറിച്ചുള്ള സ്മരണ തുടരുന്നതാണ്. ഇൻശാഅല്ലാഹ് ഇനിയും തുടർന്നുകൊണ്ടിരിക്കും. ഇപ്പോൾ ഞാൻ ചില പരേതാത്മക്കളെ അനുസ്മരിക്കുന്നതാണ്. ഇവരുടെ ജനാസയും നമസ്കരിക്കുന്നതാണ്.

ആദ്യത്തെ അനുസ്മരണം മലിക് മുഹമ്മദ് യൂസുഫ് സലീം സാഹിബിന്റേതാണ്. അദ്ദേഹം ചുരുക്കെഴുത്ത് വകുപ്പിന്റെ (Stenography) ഇൻചാർജായിരുന്നു. 86-ാം വയസ്സിൽ വഫാത്തായി *ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി രാജിഊൻ.* കുടുംബത്തിലെ ഏക അഹ്മദിയായിരുന്നു അദ്ദേഹം. 1952 ലാണ് അദ്ദേഹം അഹ്മദിയ്യത്ത് സ്വീകരിച്ചത്. അദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരൻ അദ്ദേഹത്തിന് റയിൽവേയിൽ ജോലി തരപ്പെടുത്തിക്കൊടുത്ത ആ നേരത്ത് ചീഫ് എഞ്ചിനിയർ മീർ ഹമീദുല്ലാഹ് സാഹിബ് അഹ്മദിയായിരുന്നു. അദ്ദേഹത്തിന് അൽഫള്ൽ പത്രം വരാറുണ്ടായിരുന്നു. ഹമീദുല്ലാഹ് സാഹിബ് തബ്‌ലീഗ് ചെയ്യുന്ന വ്യക്തിയായിരുന്നു. ഇദ്ദേഹം അൽഫള്ൽ വായിച്ചാണ് അഹ്മദിയായത്. ഇദ്ദേഹത്തിന്റെ വീട്ടുകാർ ഇതറിഞ്ഞപ്പോൾ, ഭയപ്പെടുത്താനും അഹ്മദിയ്യത്ത് ഉപേക്ഷിച്ചില്ലെങ്കിൽ കൊന്നുകളയുമെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്താനും തുടങ്ങി. അദ്ദേഹം വീടും തൊഴിലുമെല്ലാം ഉപേക്ഷിക്കുകയും അഹ്മദിയ്യത്തിൽ ഉറച്ചുനിൽക്കുകയും ചെയ്തു. അപകടാവസ്ഥരൂപപ്പെട്ടപ്പോൾ ഇദ്ദേഹം വീടുവിട്ട സംഭവം നടന്നത് ഇപ്രകാരമാണ്: ഇദ്ദേഹത്തിന്റെ മാതാവ് ഒരു ദിവസം രാത്രി മറ്റുമക്കളൊന്നും കാണാതെ രഹസ്യമായി ഇദ്ദേഹത്തോടു പറഞ്ഞു: 'ഇവിടെ നിന്ന് വേഗം പൊയ്ക്കൊള്ളുക. ഒരിക്കലും ഇങ്ങോട്ടു തിരിച്ചുവരാൻ നിൽക്കരുത്. നിന്റെ ജീവൻ ഇവിടെ അപകടത്തിലാണ്.' ഇദ്ദേഹം പഞ്ചാബ് യൂണിവേഴ്സിറ്റി ലാഹോറിൽനിന്ന് ഇസ്‌ലാമിക് സ്റ്റഡീസിൽ ബിരുദാനന്തരബിരുദം നേടിയിരുന്നു. പിന്നീട് 1958-ൽ ജാമിഅ അഹ്മദിയ്യായിൽ ചേർന്നു. അവിടെനിന്ന് 1963-ൽ പാസ്സായതിനുശേഷം മുഫ്തിയെ സിൽസിലയായിരുന്ന മലിക് സയ്ഫുർറഹ്മാൻ സാഹിബിനോടൊപ്പം ഇഫ്താ ഓഫീസിൽ നിയമിതനായി. 1967-ൽ അദ്ദേഹത്തിന് സ്റ്റെനോഗ്രാഫി വകുപ്പിലേക്ക് സ്ഥലം മാറ്റം ലഭിച്ചു. ഇൻചാർജ് സ്റ്റെനോഗ്രാഫി വകുപ്പ് മൗലാനാ മുഹമ്മദ് യഅ്ഖൂബ് സാഹിബിന്റെ നിര്യാണത്തെ തുടർന്നായിരുന്നു അത്. ഹദ്റത്ത് ഖലീഫത്തുൽമസീഹ് മൂന്നാമൻ അദ്ദേഹത്തെ തന്നോടൊപ്പം കൂട്ടി. സ്റ്റെനോഗ്രാഫി വകുപ്പിലേക്ക് എടുത്തു. സ്റ്റെനോഗ്രാഫി വകുപ്പിൽ അദ്ദേഹത്തിന്റെ ജോലി ഖലീഫത്തുൽമസീഹിന്റെ ഖുത്ബകൾ, പ്രഭാഷണങ്ങൾ, അതുപോലുള്ള പരിപാടികളുടേയും പര്യ ടനങ്ങളുടേയും റിപ്പോർട്ടുകൾ തുടങ്ങിയവ രേഖപ്പെടുത്തുക എന്നാതായിരുന്നു. 1978 -ൽ ലണ്ടനിൽവച്ചുനടന്ന് കുരിശുവിമോചന കോൺഫ്രൻസിൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് മൂന്നാമൻ പങ്കെടുത്തിരുന്നു. അദ്ദേഹത്തോടൊപ്പം ആ അവസരത്തിൽ മലിക് മുഹമ്മദ് യൂസുഫ് സാഹിബുമുണ്ടായിരുന്നു. അതിന്റെ റിപ്പോർട്ടും തയ്യാറാക്കിയിരുന്നു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്നോടൊപ്പം 'സവാനിഹ് ഫള്‌ലെ ഉമർ' എന്ന ഗ്രന്ഥം തയ്യാറാക്കുന്നതിലും ഇദ്ദേഹം ഒരുപാട് സഹായിച്ചു. ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്)അദ്ദേഹത്തെ വളരെയധികം പ്രശംസിച്ചു പറഞ്ഞിട്ടുണ്ട്. 1983 -ൽ ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്) ആസ്ട്രേലിയ, ഫിജി, സിംഗപ്പൂർ എന്നീ രാജ്യങ്ങളിൽ പര്യടനം നടത്തിയപ്പോൾ ഇദ്ദേഹവും കൂടെയുണ്ടായിരുന്നു. ലണ്ടൻ ഹിജ്റത്തിനു ശേഷം ഖുത്ബകളുടെ ഓഡിയോ കാസറ്റുകളുടെ കോപ്പികൾ തയ്യാറാക്കുന്ന കാര്യത്തിൽ ഇദ്ദേഹം മഹത്തായ സേവനമാണ് കാഴ്ചവെച്ചത്. വളരെ സൂക്ഷ്മതയോടെ ചെയ്യേണ്ട ജോലിയായിരുന്നു അത്. അതുകൊണ്ട് ഫയ്സ്വലാബാദിൽ പോയി ഏതെങ്കിലും വീട്ടിലായിരുന്നു ഓഡിയോ കാസറ്റുകൾ തയ്യാറാക്കിയിരുന്നത്. പിന്നീട് അവിടന്ന് തിരിച്ചുകൊണ്ടുവന്നിരുന്നു. ഇദ്ദേഹം കുറച്ചുകാലം ഫീൽഡിൽ മുറബ്ബിയായും പ്രവർത്തിച്ചിരുന്നു. ത്വാഹിർ ഫൗണ്ടേഷനു കീഴിൽ ഖുത്ബാത്തെ ത്വാഹിർ തയ്യാറാക്കുന്നതിലും ഇദ്ദേഹത്തിന് സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. പ്രൈവറ്റ് സെക്രട്ടറിയുടെ ഓഫീസിൽ ശൂറയുടെ പരിപാടികളുടെ കുറിപ്പ് തയ്യാറാക്കാനും ഇദ്ദേഹത്തിന് അവസരം കിട്ടി. റിട്ടയേർഡ്മെന്റിനുശേഷം റീ എംബ്ലോയിയായി തുടർന്നിരുന്നു. പിന്നീട് രോഗബാധിതനായതുകൊണ്ട് 2013-ൽ വിരമിക്കുകയായിരുന്നു. രണ്ടുഭാര്യമാർ ആയിരുന്നു അദ്ദേഹത്തിന്. ആദ്യഭാര്യയിൽ ഒരു മകളുണ്ട്. ആദ്യഭാര്യയുടെ വേർപാടിനെ തുടർന്ന് അദ്ദേഹം രണ്ടാം വിവാഹം ചെയ്തു. അതിൽ രണ്ടു ആൺകുട്ടികളും മൂന്നു പെൺകുട്ടികളുമുണ്ട്.

അദ്ദേഹത്തിന്റെ ഒരു മകൾ ഖുദ്സിയ മഹ്മൂദ് സർദാർ എഴുതുന്നു: ഞങ്ങളുടെ പിതാവ് അല്ലാഹുവുമായി നല്ലബന്ധം വെച്ചുപുലർത്തിയ വ്യക്തിയായിരുന്നു. അക്കാര്യത്തിൽ ഞങ്ങളെ ഒരുപാട് ഉപദേശിക്കുകയും ഞങ്ങളിൽ അല്ലാഹുവുമായിട്ടുള്ള ബന്ധം ഉണ്ടാക്കാനായി ശ്രമിക്കുകയും ചെയ്തിരുന്നു. വളരെ കർശനമായിത്തന്നെ നമസ്കാര കാര്യത്തിൽ അദ്ദേഹം ഞങ്ങളിൽ കൃത്യനിഷ്ഠ വളർത്തിയെടുത്തു. നമസ്കാരം വൈകിച്ചാൽ വളരെ വൈരസ്യപ്പെടുമായിരുന്നു. തഹജ്ജുദ് നമസ്കാരത്തിൽ കരഞ്ഞു കരഞ്ഞ് പ്രാർഥിക്കുമായിരുന്നു. വിശുദ്ധ ഖുർആനിന്റെ ഒരു ജുസു നിത്യവും പാരായണം ചെയ്തിരുന്നു. രോഗാവസ്ഥയിലും എപ്പോഴും നമസ്കാരത്തിന് സമയമായോ എന്ന് ചോദിക്കുമായിരുന്നു. നമസ്കാരത്തെ കുറിച്ച് വലിയ ചിന്തയായിരുന്നു അദ്ദേഹത്തിന്. ഖിലാഫത്തിനോടുള്ള അനുസരണവും അനുരക്തിയും അദ്ദേഹം ഞങ്ങളിൽ നിറച്ചിരുന്നു. ഖിലാഫത്തിനോടു അങ്ങേയറ്റത്തെ സ്നേഹമായിരുന്നു. ഖിലാഫത്തിനെ അനുസരിക്കുന്നതിലാണ് സകല അനുഗ്രഹങ്ങളുമെന്ന് എപ്പോഴും പറയുമായിരുന്നു. അഹ്മദിയ്യത്തിന്റെ പേരിൽ അദ്ദേഹം ഒരുപാട് കഷ്ടപ്പാടുകൾ സഹിച്ചു.' അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി റശീദ് ത്വയ്യിബ് സാഹിബ് പറയുന്നു: മൂന്നാം ഖിലാഫത്തിന്റെ കാലത്തുതന്നെ മലിക് മുഹമ്മദ് യൂസുഫ് സലീം സാഹിബ് സ്റ്റെനോഗ്രാഫി വകുപ്പിൽ നിയമിതനായിരുന്നു. ആ വകുപ്പിൽ അദ്ദേഹത്തിന് സുദീർഘകാലം സേവനം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു. അദ്ദേഹം പ്രഭാഷണങ്ങൾ തുടങ്ങിവ എഴുതിവെക്കുമായിരുന്നു. ജമാഅത്തിന്റെ അൽഫള്ൽ പത്രത്തിനുവേണ്ടി റിപ്പോർട്ടുകൾ തയ്യാറാക്കുമായിരുന്നു. തികഞ്ഞ ഉത്തരവാദത്തോടും ചിട്ടയായും മികച്ച നിലവാരത്തിലും സേവനം ചെയ്തിരുന്നു. അദ്ദേഹത്തിന് ഭാഷാസാഹിത്യത്തിലും പാണ്ഡിത്യമുണ്ടായിരുന്നു. ഞാൻ പറഞ്ഞതുപോലെ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാലിഥിനും ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്നുമൊപ്പം വിദേശ പര്യടത്തിനുള്ള യാത്രാസംഘത്തിൽ അദ്ദേഹത്തിന് ആഫ്രിക്ക യൂറോപ്പ് എന്നിവ സന്ദർശിക്കാൻ സൗഭാഗ്യം സിദ്ധിച്ചു. അദ്ദേഹം വലിയ സൂക്ഷ്മദൃഷ്ടിയോടെ ജോലികൾ ചെയ്തിരുന്നു. ഓരോരോ വാക്കും വളരെ കൂലങ്കശമാ

(ശേഷം പേജ് 11 ൽ)

## അമീറുൽമുഅ്മിനീന്റെ ഉപദേശം

**'അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്‌വയിൽ നിലകൊള്ളുന്നവർ.'**

*(ജുമുഅ ഖുത്ബ 4-10-2019)*

## അല്ലാഹുവിന്റെ കലാം:

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**

*(വിശുദ്ധ ഖുർആൻ 51:57)*

ത്വാലിബെ ദുആ:
Rahman Shakeer & Family
Ahmadiyya Jama-ath Karulai, Kerala

ത്വാലിബെ ദുആ:
P.Abdul Ameer
Sadr, Ahmadiyya Jama-ath Pathapiriyam, Kerala

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

## 2019 സെപ്റ്റംബർ 30 (തിങ്കളാഴ്ച) (തുടർച്ച)

❊ **ആമിലായിലെ ഒരംഗം**: ആളുകൾ റിപ്പോർട്ട് തരുന്നില്ല. അവരോട് നമസ്കാരത്തിനെ കുറിച്ചും ഇതര പ്രവർത്തനങ്ങളെ കുറിച്ചും റിപ്പോർട്ടു ചോദിക്കുമ്പോൾ ഇത് ഞങ്ങളുടേയും അല്ലാഹുവിന്റേയും ഇടയിലുള്ള പ്രശ്നമാണ്. ഞങ്ങൾ നിങ്ങൾക്ക് റിപ്പോർട്ട് തരില്ല എന്ന് പറയുന്നു.

**ഹുദൂർ**: അത്തരം വ്യക്തികൾക്ക് കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കേണ്ടതുണ്ട്. നമസ്കരിക്കാൻ വരാത്തവരുടെ വീടിന് തീയിടണമെന്ന് നബി(സ)തിരുമേനി എന്തുകൊണ്ട് പറഞ്ഞുവെന്ന് ഇവർക്ക് പറഞ്ഞു കൊടുക്കുക. ഇത് ദൈവത്തിന്റെ പ്രശ്നമാണെങ്കിൽ പിന്നെ ഇതെല്ലാം വിട്ടിട്ട് ഒന്നും പറയാതിരിക്കണമായിരുന്നു. വീടിന് തീയിടാൻ തോന്നി എന്ന് എന്തുകൊണ്ട് ആ മഹാത്മാവ് പറഞ്ഞു. അതുകൊണ്ട് ഇത്തരം വ്യക്തികൾക്ക് കാര്യങ്ങൾ മനസ്സിലാക്കി കൊടുക്കുകയും പൊതുവായ വിലയിരുത്തൽ നടത്തുകയും ചെയ്യുക. ഫാറം തയ്യാറാക്കി, 'ചെയ്യുന്നുണ്ടോ' 'ഇല്ലേ' എന്ന കോളത്തിൽ പൂരിപ്പിക്കാൻ പറയുക. കൂടുതൽ വിശദാംശങ്ങളിലേക്ക് പോകേണ്ടതില്ല.

❊ നമ്മുടെ നമസ്കാര സെന്ററുകളിൽ നമസ്കരിക്കാൻ അൻസ്വാർ വരണമെന്ന് അറിയിക്കാൻ സ്വന്തം മജ്ലിസുകളുടെ സയീമുമാരെ ഓർമപ്പെടുത്തുക. ശ്രദ്ധക്ഷണിക്കൽ അനിവാര്യമാണ്.

ജമാഅത്തുപരമായും അൻസ്വാറുല്ലാഹ് വഴിയും ബന്ധപ്പെടരുതെന്ന് മനസ്സിലാക്കുന്നവരോട് നിങ്ങൾ എന്തിനുവേണ്ടിയാണ് ഇവിടെ വന്നതെന്ന് ചോദിക്കുക. നിങ്ങൾ ജമാഅത്ത് തലത്തിൽ തന്നെയാണ് വന്നിട്ടുള്ളത്. ഇത്തരം വ്യക്തികളെ സംബന്ധിച്ച് നിങ്ങൾ നിങ്ങളുടെ ജമാഅത്ത് സ്വദ്റിനോട് പറയുക. അമീർ സാഹിബിനോട് പറയുക. തുടർന്ന് ഇക്കാര്യം മർക്കസിലേക്ക് എഴുതുക.

❊ **ഖാഇദ് തഅ്ലീം**: ഗ്രന്ഥ പാരായണത്തിനുശേഷം ഞങ്ങൾ പരീക്ഷ പേപ്പറും അയച്ചുകൊടുക്കുന്നു. എന്നാൽ, അൻസ്വാറിന്റെ ഭാഗത്തുനിന്നു  മറുപടി ലഭിക്കാറില്ല. 245 പേരെ മുന്നിൽ വെച്ചുകൊണ്ട് 4 ചോദ്യപേപ്പറുകൾ തയ്യാറാക്കി അയച്ചു കൊണ്ടിരുന്നു. എന്നാൽ, 70 പേർ മാത്രമേ മറുപടി നല്കിയുള്ളൂ.

**ഹുദൂർ**: അതായത് ഏകദേശം ആയിരം പേരിൽ എഴുപതുപേർ മാത്രം. ഹുദൂർ പറഞ്ഞു: സ്വന്തം സയീമുമാരെ ആക്ടീവാക്കുക. ഏറ്റവുമാദ്യം സ്വന്തം നാഷണൽ ആമിലായെ പിടിക്കുക. തുടർന്ന് പ്രാദേശിക ആമിലകളെ. ഇവരെക്കൊണ്ടെല്ലാം പരീക്ഷ എഴുതിക്കുക. ജനങ്ങളുടെ പിന്നാലെ നടക്കുന്നതിന്നു പകരം സ്വയം സ്വന്തം വീട്ടിൽനിന്നു ആരംഭിക്കുക. പേപ്പറിൽ സ്വന്തം പേരെഴുതി ഗ്രന്ഥം വായിച്ചു എന്ന് മാത്രം എഴുതി അയക്കാൻ അൻസ്വാറിനോട് പറയുക. ഇങ്ങനെ കുറച്ചു പ്രാവശ്യം ചെയ്തതിന്നു ശേഷം പരീക്ഷ എഴുതുകതന്നെ ചെയ്യും.

**ഹുദൂർ പറഞ്ഞു**: അറബി, ഡച്ച് ഭാഷ അറിയുന്നവർക്ക് അവരുടെ ഭാഷയിൽ ചോദ്യപേപ്പർ വേണ്ടതാണ്. അവരുടെ ഭാഷയിൽതന്നെ സിലബസും തയ്യാറാക്കേണ്ടതാണ്.

**ഹുദൂർ പറഞ്ഞു**: ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ)പറയാറുണ്ടായിരുന്നു, 40 വയസ്സെത്തിയ ഖാദിം ആക്ടീവായിട്ട് പ്രവർത്തിക്കുന്നു. നാല്പത്തി ഒന്നാമത്തെ വയസിൽ അൻസ്വാറുല്ലായിൽ പ്രവേശിക്കുമ്പോൾ ഇവരെപോലെ അലസർ വേറേയാരും ഉണ്ടാകാറില്ല. ഇതിന്റെ കാരണം എനിക്ക് മനസ്സിലാകുന്നില്ല. അല്ലാഹു പറഞ്ഞിട്ടുളളത് ഉപദേശിക്കുക എന്നാണ്. ഉപദേശിച്ചു കൊണ്ടേയിരിക്കുക എന്നാണ്.

ഖാഇദ് മാലും തർബിയ്യത്തും ചേർന്ന് പ്രവർത്തിക്കേണ്ടതാണ്. മസ്ജിദിൽ വരാത്ത മടിയന്മാരെ, ചന്ദ നല്കാത്തവരെ നിങ്ങൾ രണ്ടുപേരും ചേർന്ന് ജമാഅത്തിനടുത്തേക്ക് കൊണ്ടു വരാൻ ശ്രമിക്കുക. വ്യക്തി ബന്ധങ്ങളും വ്യാപിപ്പിക്കുക. അവരെ പോയി കാണുക. താങ്കൾ അദ്ദേഹത്തെ കാണാൻ പോകുന്നുണ്ടെന്ന് അവർ അറിയണം. എന്നാൽ, ചന്ദക്കും മറ്റും വേണ്ടി ആയിരിക്കരുത്. മറിച്ച് വ്യക്തി ബന്ധവും ചങ്ങാത്തവും ഉണ്ടാക്കാനായിരിക്കണം. അങ്ങനെ അവർ അടുത്തു വരും.

ചന്ദ നല്കാത്ത, തന്നെ സ്വയം അഹ്മദി എന്നു പറയുന്നവരെ അൻസ്വർ തജ്നീദിൽ നിന്നു നീക്കാൻ കഴിയില്ല. ഒരു വ്യക്തി താൻ സ്വയം അഹ്മദി എന്ന് പറയുവോളം അദ്ദേഹം ചന്ദ നല്കിയാലും ഇല്ലെങ്കിലും സ്വന്തം തജ്നീദിൽ നിലനിറുത്തുകതന്നെ വേണം. അവർക്കു വേണ്ടി പ്ലാൻ തയ്യാറാക്കുക. തർബിയ്യത്ത് നീണ്ട പ്രവർത്തന പദ്ധതിയാണ്. നമ്മുടെ പ്രവർത്തി ഉപദേശം നല്കലാണ്. ജമാഅത്തിൽ നിന്നു ഓടിക്കുക എന്നത് എളുപ്പമുള്ള പ്രവൃത്തിയാണ്. ജമാഅത്തിനുള്ളിൽ കൊണ്ടു വരിക എന്നത് ദുഷ്കരവും.

❊ **ഒരു അംഗം**: റോട്ടർഡാമിൽ(Rotterdam) ചർച്ച് വാങ്ങുന്ന പ്രവർത്തനം നടക്കുന്നുണ്ട്.

**ഹുദൂർ**: നിങ്ങൾ അമീർ സാഹിബിനോട് പറയുക. ഞാനെപ്പോഴാണ് തടുത്തത്.

ഒരു ചോദ്യത്തോട് പ്രതികരിച്ചുകൊണ്ട് **ഹുദൂർ**: തോതനുസരിച്ച് ചന്ദ നല്കാത്തവർക്ക് ഭാരവാഹിയാകാൻ സാധിക്കില്ല. തോതു കുറച്ച് നൽകാൻ ആഗ്രഹിക്കുന്നവർ അനുവാദം വാങ്ങുക. ഞാൻ അനുവാദം നല്കാറുണ്ട്. എന്നാൽ പിന്നീട് അദ്ദേഹത്തിന് ഭാരവാഹിയാകാൻ സാധിക്കില്ല.

ചന്ദ ടാക്സല്ലെന്ന കാര്യം പറഞ്ഞു കൊടുക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ കൽപനകളിൽ സാമ്പത്തിക ത്യാഗം ചെയ്യാൻ കൽപനയുണ്ട്. ഇത് ദൈവത്തിന്റെ തൃപ്തി കരസ്ഥമാക്കാൻ വേണ്ടിയാണ്.

നാഷണൽ ആമിലയുടെ ഈ മീറ്റിംഗ് ഉച്ചക്ക് ഒരു മണിക്ക് സമാപിച്ചു. എല്ലാ അംഗങ്ങൾക്കും ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും സൗഭാഗ്യം ലഭിച്ചു.

### നാഷണൽ ആമില മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ, ഹോളണ്ട് ഹുദൂറുമൊത്ത്

ഹുദൂറിന്റെ നേതൃത്വത്തിൽ ദുആയോടെ പരിപാടി ആരംഭിച്ചു.

❊ ഹുദൂറിന്റെ നിർദ്ദേശാനുസരണം മുഅ്തമിദ്: ഞങ്ങളുടെ 10 മജ്ലിസുകളിൽ  370 പേരുടെ തജ്നീദുണ്ട്. എല്ലാ മജ്ലിസുകളിൽ നിന്ന് റിപ്പോർട്ട് വരുന്നുണ്ട്.

❊ മുഹ്തമിം തർബിയ്യത്തിനോട് **ഹുദൂർ  അൻവർ**: എന്ത് പ്ലാനാണ് തയ്യാറാക്കിയിട്ടുള്ളത്? ഒരു വർഷത്തിൽ ഏത് ടാർഗറ്റാണ് പൂർത്തിയാക്കിയത്? ഒരു വർഷത്തില് എത്ര പേരെ ജമാഅത്തായുള്ള നമസ്കാരക്കാരാക്കി?

❊ **മുഹ്തമിം തർബിയ്യത്ത്**: 40 ശതമാനം ഖുദ്ദാം ഒരു നേരം ജമാഅത്തായി നമസ്കാരം നിർ വഹിക്കുന്നു.

**ഹുദൂർ**: സ്വന്തം നാഷണൽ ആമിലായേയും പ്രാദേശിക ആമിലായേയും ജമാഅത്തായ നമസ്കാരക്കാരാക്കുക. ബാക്കി എല്ലാവരും ശരിയായിക്കൊള്ളും.

നിങ്ങളുടെ നാഷണൽ, പ്രാദേശിക ആമിലകളിലുളള എല്ലാവരും ജമാഅത്തായി നമസ്കരിക്കുകയാണെങ്കിൽ നൂറു പേരായി. ഈ നൂറുപേരെ കണ്ടുകൊണ്ട് ബാക്കിയുള്ള അമ്പതോ അറുപതോ പേർ വരും. അപ്പോൾ നിങ്ങൾ നാല്പത് ശതമാനത്തോടടുക്കും. തുടർന്ന് മെല്ലെ മെല്ലെ അമ്പത് അറുപത് ശതമാനത്തിലേക്ക് എത്തിച്ചേരും.

എല്ലാ മുബല്ലിഗുമാരും ഖുദ്ദാമിന്റെ ശ്രദ്ധ നമസ്കാരത്തിലേക്ക് ക്ഷണിക്കുക. ഖുദ്ദാമുമായുള്ള ബന്ധം വ്യാപിപ്പിക്കുക. അവരെ കൂടുതൽ നിങ്ങളോട് അടുപ്പിക്കുക.

❊ മുഹ്തമിം തബ്ലീഗ്:വർഷത്തിൽ 4 തബ്ലീഗീ ക്യാംപയിൻ ഞങ്ങൾ സംഘടിപ്പിക്കുന്നു. ഒരു ബയ്അത്തും ലഭിച്ചു.

**ഹുദൂർ**: തബ്ലീഗ് ചെയ്യുക എന്നത് നിങ്ങളുടെ കർത്തവ്യമാണ്. ദുആ ചെയ്തു കൊണ്ട് തബ്ലീഗ് ചെയ്യുക. തളരരുത്. നേർമാർഗം കാണിച്ചു തരിക എന്നത് ദൈവത്തിന്റെ പ്രവൃത്തിയാണ്. ഓരോ വ്യക്തിക്കും സന്ദേശമെത്തിക്കുക എന്നത് നിങ്ങളുടെ ജോലിയാണ്. നൺസ്പീറ്റിലെ ജനങ്ങൾക്കും ജമാഅത്തിനെ കുറിച്ച് അറിയി ല്ല. ജനങ്ങൾക്ക് അഹ്മദിയ്യത്ത് എന്താണെന്ന് തിരിച്ചറിയും വിധം പട്ടണത്തിൽപോയി ജമാഅത്തിനെ പരിചയപ്പെടുത്തുക.

❊ **മുഹ്തമിം തബ്ലീഗ്**: സിലബസിൽ 'കശ്തിയെ നൂഹ്' ആണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിന്നു മുമ്പേ 'ഇംഗ്ലീഷ് സർക്കാരും ജീഹാദും' എന്ന ഗ്രന്ഥമാണ് വെച്ചിരുന്നത്. ഇതിന്റെ ഡച്ച് തർജമയും ഉണ്ട്. ഞങ്ങൾ വ്യവസ്ഥാപിതമായി പരീക്ഷയും നടത്തുന്നു.

❊ ഹുദൂർ ചോദിച്ചതനുസരിച്ച് **മുഹ്തമിം ഉമൂറെ തുലബാ**: നമ്മുടെ വിദ്യാർഥികളുടെ എണ്ണം 134 ആണ്.ഇവരിലൽ 24 പേർ യൂണിവേഴ്സിറ്റിയിൽ പഠിക്കുന്നു.

❊ **മുഹ്തമിം സ്വിഹ്ഹത്തെ ജിസമാനി**: ലീഗ് ക്രിക്കറ്റ്, ഫുട്ബോൾ ലീഗ് പരിപാടികൾ പ്രാദേശിക മജ്ലിസുകളിൽ നടത്തി വരുന്നു.

❊ **മുഹ്തമിം ഖിദ്മത്തെ ഖൽഖ്**: പീസ് കോൺഫ്രൻസ് നടത്തി വരുന്നു.

**ഹുദൂർ**: പീസ് കോൺഫ്രൻസ് സംഘടിപ്പിക്കുന്നതിൽ ഖിദ്മത്തെ ഖൽഖിന് എന്തു പ്രവൃത്തിയാണുള്ളത്. നിങ്ങളുടെ ജോലി പാവപ്പെട്ടവരെ സഹായിക്കുക. ചാരിറ്റി വാക്ക് ഓർഗ്നൈസ് ചെയ്യുക എന്നതാണ്.

❊ **മുഹ്തമിം ഖിദ്മത്തെ ഖൽഖ്**: ചാരിറ്റി വാക്ക് നടത്തിയിരുന്നു. 8000 യൂറോ സ്വരൂപിച്ചിരുന്നു. ഈ തുക ഹ്യുമാനിറ്റി ഫസ്റ്റിനും ചാരിറ്റികൾക്കും നല്കിയിരുന്നു.

❊ **മുഹാസിബ്**: ഓരോ മൂന്ന് മാസം കൂടുമ്പോഴും ഓഡിറ്റ് ചെയ്യുന്നു. എല്ലാ കണക്കുകളും പരിശോധിക്കുന്നു.

❊ **മുഹ്തമിം സ്വൻഅത്ത് വ തിജാറത്ത്**: 4 പ്രൊജക്റ്റുകളിന്മേൽ ഞങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിദ്യാഭ്യാസ കാര്യത്തിൽ മാർഗദർശനം നല്കുക എന്നതാണ് അതിൽ പ്രഥമം.

**ഹുദൂർ**: വിദ്യാഭ്യാസം നല്കാൻവണ്ടി മാർഗദർശനം നല്കുക എന്നത് ഉമൂറെ തുലബായുടെ പ്രവൃത്തിയാണ്. നിങ്ങളുടെ പ്രവൃത്തി തൊഴിൽനല്കുക എന്നതാണ്. തൊഴിൽ നേടാനുള്ള അവസരങ്ങൾ സ്വഷ്ടിക്കുക എന്നതാണ്.

❊ ഹുദൂർ ചോദിച്ചതനുസരിച്ച് **മുഹ്തമിം ഉമൂമി**: ജൽസയിൽ 50 ഖുദ്ദാം  സെക്യൂരിറ്റി ഡ്യൂട്ടി നല്കിയിരുന്നു. ഇപ്പോൾ ചിലർ ഒരു ദിവസത്തേക്കുവേണ്ടി മടങ്ങി പോയിരിക്കുകയാണ്. വീണ്ടും വരുന്നതാണ്.

**ഹുദൂർ**: ജർമനിയിൽനിന്നു സെക്യൂരിറ്റി ഡ്യൂട്ടിക്കുവേണ്ടി 5 ഖുദ്ദാം വന്നിരുന്നു.

❊ **മുഹ്തമിം തർബിയ്യത്ത് നൗമുബായിഈൻ**: തർബിയ്യത്തിന് കീഴിൽ ഇപ്പോൾ 6 നവഅഹ്മദികളാണുള്ളത്. ക്രിസ്ത്യൻ ബാക് ഗ്രൗണ്ടുള്ള പ്രാദേശിക യുവാക്കളും ഇവരിൽപെടുന്നു.

**ഹുദൂർ**: പ്രാദേശിക ഡച്ച് വ്യക്തികളെ സൂറ ഫാത്തിഹ പഠിപ്പിക്കുക. നമസ്കാരം പഠിപ്പിക്കുക. എല്ലാവർക്കും തർബിയ്യത്ത്  നല്കുക. വ്യവ്സഥാപിതമായ നിലയിൽ അവരെ വ്യവസ്ഥിതിയുടെ ഭാഗമാക്കുക.

❊ **മുഹ്തമിം തജ്നീദ്**: ഞങ്ങളുടെ തജ്നീദ് ഇരട്ടി ആകാൻ പോകുന്നു. ഞങ്ങളുടെ പകുതി എണ്ണവും പുതിയ ഖുദ്ദാം ഉൾപ്പെടുന്നതാണ്.

**ഹുദൂർ**: പാക്കിസ്താനിൽനിന്നു വന്നവരെ സ്വന്തം സിസ്റ്റത്തിലേക്ക് കൊണ്ടുവരിക. അടുപ്പിച്ചു കൊണ്ടു വരിക. നമസ്കാരങ്ങളോടും ജുമായോടും അടുപ്പിച്ചു കൊണ്ടു വരിക.

❊ **മുഹ്തമിം തഹ്രീക്കെ ജദീദ്**: 13000 യൂറോ ഖുദ്ദാം സ്വരൂപിക്കേണ്ടതുണ്ട്. ഇത് 7500 യൂറോ ആയിരുന്നു കഴിഞ്ഞ വർഷത്തെ ടാർഗറ്റ്. ഈ വർഷം അതിന്റെ ഇരട്ടി ആക്കുന്നതാണ്.

❊ നാഇബ് സ്വദ്ർ പ്രസിദ്ധീകരണ വിഭാഗവുമായി  ബന്ധ

ഷെട്ട്: ഖുദ്ദാം കഴിഞ്ഞ രണ്ടുമൂന്നു വർഷമായി 8 ഗ്രന്ഥങ്ങൾ ഡച്ച് ഭാഷയിൽ പ്രസിദ്ധീകരിച്ചു. ഇവയിൽ ദുആകളുടെ പുസ്തകവും ഉണ്ട്.

❊ **മുഹ്തമിം അത്ഫാൽ:** ജമാഅത്തിന്റെ തജ്നീദിൽ 121 പേർ അത്ഫാലാണ്.

**ഹുദൂർ:** പുതുതായി വരുന്ന ത്വിഫ്‌ലുകളെ സ്വന്തം തജ്നീദിൽ ഉൾഷെടുത്തേണ്ടത് നിങ്ങളുടെ പ്രവൃത്തിയാണ്. നിങ്ങളുടെ തജ്നീദ് ഒഷത്തിനൊഷം സമ്പൂർണമാക്കുക.

❊ **മുഹ്തമിം വഖാറെ അമൽ:** ഈ വർഷം 371 വഖാറെ അമലുകൾ ഞങ്ങൾ നടത്തി. അൽമെറെയിലെ മസ്ജിദ് ബയ്ത്തുൽ ആഫിയത്തിന്റെ നിർമാണവുമായി ബന്ധപ്പെട്ടാണ് അധിക വഖാറെ അമലും ചെയ്തത്. മേയറും വന്നിരുന്നു. വളരെ പ്രകീർത്തിച്ചാണ് അദ്ദേഹം മടങ്ങിയത്.

❊ ഹുദൂർ ചോദിച്ചതനുസരിച്ച് **മുഹ്തമിം മാൽ:**44000 യൂറോയാണ് ഞങ്ങളുടെ വാർഷിക ബഡ്ജറ്റ്. 92 ഖുദ്ദാം വരുമാനമില്ലാത്തവരാണ്. 170 വരുമാനമുളള ഖുദ്ദാം കൃത്യമായും ശരിയായും ചന്ദ നല്കുന്നു.

**ഹുദൂർ:** ക്യാംപിൽ ഇപ്പോഴുള്ള ഖുദ്ദാമിന്റെ വരുമാനം കുറവാണ്. അവർക്ക് എത്രയാണോ നൽകാൻ സാധിക്കുന്നത് അത് നല്കട്ടെ.

വിവിധ ഖാഇദുമാരും ഈ മീറ്റിംഗിൽ ഉണ്ടായിരുന്നു. എല്ലാവരും സ്വന്തം മജ്‌ലിസുകളുടെ തജ്നീദുകളെ കുറിച്ച് വിവരിച്ചു.

❊ **സ്വദ്ർ സാഹിബ് ഖുദ്ദാമുൽ അഹ്മദിയ്യ:** കഴിഞ്ഞ കുറച്ച് വർഷങ്ങളായി അഞ്ചുനേര നമസ്കാര നിർവഹണവുമായി ബന്ധപ്പെട്ട് ശ്രദ്ധ ക്ഷണിച്ചു വരുന്നു. 50 ശതമാനം ഖുദ്ദാം ജമാഅത്തായി നമസ്കരിക്കുന്നു.

**ഹുദൂർ:** ദുർബലരെ സ്നേഹത്തോടെ ബോധ്യപ്പെടുത്തുക. പിന്മാറി നില്ക്കുന്ന ഖുദ്ദാമിനെ യുവ മുറബ്ബിമാർ അടുപ്പിച്ചു കൊണ്ട് വരിക. ഈ ദുർബലരായ ഖുദ്ദാമുമായി സ്നേഹബന്ധമുള്ള മുറബ്ബിമാർ ബന്ധപ്പെട്ട് അവരെ കൂടുതൽ അടുപ്പിക്കുക.

ലോക്കൽ സ്പോട്സ് പ്രോഗ്രാമിൽ അത്ഫാലുകള്ക്ക് പ്രോത്സാഹനം നല്കുക. അവരും ഇതിൽ പങ്കെടുക്കട്ടെ. കേവലം ടീവിയിൽ മാത്രം കാണാതെ പ്രവർത്തനപരമായി അവരും പരിപാടികളിൽ പങ്കെടുക്കട്ടെ.

❊ മജ്‌ലിസെ ആമിലയിലെ ഒരംഗം:ഞങ്ങളുടെ വീട്ടിൽനിന്നു നമസ്കാര സെന്റർ 13 കിലോമീറ്റർ ദൂരത്താണ്.

**ഹുദൂർ:** ഒരു നമസ്കാരം അവിടെ പോയി ജമാഅത്തായി നിർവഹിക്കാൻ സാധിക്കും. മസ്ജിദിൽ ഒരു പ്രാവശ്യം പോകാൻ ചെലവാകുന്ന പെട്രോൾ തുക അതിനുവേണ്ടി നീക്കി വെക്കുക. മാസത്തിൽ 30 ദിവസവും 5 ജുമുഅകളും. 40 ദിവസത്തെ കണക്ക് വെച്ചാൽ 225 യൂറോ ചെലവാകും. അല്ലാഹുവിന്ന് വേണ്ടി ഈ തുക മസ്ജിദിൽ പോകാൻ മാറ്റി വെക്കുക. നമസ്കാരത്തിനുവേണ്ടി നീക്കി വെക്കുക. ബർഗർ കഴിക്കാതിരിക്കുക. ഭാര്യയോട് വീട്ടിൽ ഭക്ഷണം ഉണ്ടാക്കാൻ പറയുക. ഇതു മുഖേന ലാഭിക്കുന്നതുക മസ്ജിദിൽ പോകാൻ ചെലവാക്കുക.

വീട് എത്ര സമീപത്താണെന്ന് സ്വന്തം ആത്മാവിനോട് വിധി ചോദിക്കുക. മസ്ജിദിലും നമസ്കാര സെന്ററിലും പോകാതെ വീട്ടിൽ നമസ്കരിക്കൽ അനുവദനീയമാണോ എന്ന് ചോദിക്കുക.

❊ മുഹ്തമിം തബ്‌ലീഗിനോട് **ഹുദൂർ:** ഇത്ര ശതമാനം പേർക്ക് ജമാഅത്തിനെ കുറിച്ച് പരിചയപ്പെടുത്തണമെന്ന് ഓരോ മജ്‌ലിസിനും ടാർഗറ്റ് നല്കുക. ഏറ്റവും ചുരുങ്ങിയത് 50 ശതമാനം പേരെങ്കിലും ജമാഅത്തെന്താണെന്ന് അറിഞ്ഞിരിക്കണം.

കണക്കുകൾ വെക്കുന്നതിനെ കുറിച്ചും ഓഡിറ്റ് ചെയ്യുന്നതിനെ കുറിച്ചും ഓഡിറ്റ് വിഭാഗം ഹുദൂറിനോട് ചില മാർഗനിർദേശങ്ങൾ തേടി. ഈമെയിൽ മുഖേന സ്വദ്ർ ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഭാഗത്തുനിന്ന് ചെലവുകൾ ചെയ്യാനും ബില്ലുകൾക്ക് അംഗീകാരം ലഭിക്കുമോ എന്നും അന്വേഷിച്ചു. എന്നാലിത് ഒരു സന്ദേശത്തിന്റെ രൂപത്തിൽ മാത്രമായിരിക്കും. ഇതിന്മേൽ സ്വദ്റിന്റെ പേര് ഉണ്ടായിരിക്കുമെങ്കിലും ഒഷുണ്ടായിരിക്കില്ല. എന്നാൽ ഓഡിറ്റിങ്ങിന് അനുസരിച്ചുള്ള ഒപ്പ് ഉണ്ടാകൽ അനിവാര്യമാണ്.

അപ്പോൾ **ഹുദൂർ പറഞ്ഞു:** ഒപ്പ് ഉണ്ടാകേണ്ടതാണ്. അത് അനിവാര്യമാണ്.

❊ **ഒരു മെമ്പർ:** ചില അവസരങ്ങളിൽ സ്കൂളിൽ കുട്ടികളുടെ ബർത്ത്ഡെ പരിപാടി ഉണ്ടാകാറുണ്ട്. മറ്റു കുട്ടികളോട് കേക്ക് കൊണ്ടു വരാൻ പറയാറുണ്ട്.

**ഹുദൂർ:** സ്കൂളുകാർ പറയുന്നുണ്ടെങ്കിൽ കേക്ക് കൊണ്ടു പോകുക. ശരീഅത്ത് പരമായ പ്രശ്നങ്ങളൊന്നും അതിലില്ല.

നിങ്ങൾ വീട്ടിൽ കുട്ടികളോട് പറയേണ്ടത് ഇന്ന സ്കൂളിൽ ഇങ്ങനെയെല്ലാം സംഭവിച്ചു. ഈ അവസരത്തിൽ നിങ്ങൾ പാവപ്പെട്ടവർക്ക് ഇന്ന് എന്തെങ്കിലും കൊടുക്കണം, കുറച്ച് തുക ചാരിറ്റിയിലും നല്കുക എന്നാണ്.

നിങ്ങളുടെ സ്വന്തം വീട്ടിൽ മൂന്നുനാല് മക്കളുണ്ട്. ഈ കുട്ടികളിരുന്ന് പരസ്പരം കേക്ക് കഴിച്ചാൽ അതിൽ പ്രശ്നമൊന്നുമില്ല. പ്രത്യേകം പ്രാധാന്യം നല്കി ഇതരരെ വിളിക്കാതിരിക്കുക എന്നതാണ് അടിസ്ഥാനം. ഉപഹാരങ്ങൾകൊണ്ടു വരാതിരിക്കുക. ഫംങ്ഷൻ നടത്താതിരിക്കുക.

❊ **ഒരംഗം:** മറ്റേതെങ്കിലും അമുസ്‌ലിം കുടുംബങ്ങൾ അവരുടെ കുട്ടികളുടെ കാര്യങ്ങൾക്ക് വിളിച്ചാൽ എന്താണ് ചെയ്യേണ്ടത്.

**ഹുദൂർ:** പോകുക, അവരുടെ രീതിയാണത്. കുട്ടികൾക്ക് എന്തെങ്കിലും ഉപഹാരം നല്കണമെങ്കിൽ നല്കുക.

സ്കൂളിലോ ക്ലാസിലോ ഇത്തരം പ്രോഗ്രാം നടക്കുമ്പോൾ ഈ അവസരത്തിൽ പാവപ്പെട്ടവർക്കും എന്തെങ്കിലും നല്കണമെന്ന് നിങ്ങൾ കുട്ടികളോടു പറയുക. കുടിക്കാനുള്ള വെള്ളം പോലും ലഭ്യമല്ലാത്ത വളരെയധികം ദരിദ്രരുണ്ട്. വിദ്യാഭ്യാസം ഇല്ലാത്തവരുമുണ്ട്. അവർക്ക് വേണ്ടിയും ചാരിറ്റിയിൽ എന്തെങ്കിലും നല്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നുവെന്ന് അവരോട് പറയുക. അവർക്കും ഇപ്രകാരം സഹായം ലഭിക്കുക സാധ്യമാകും. സമൂഹത്തിലെ നല്ല വിഭാഗമായി തീരാനും സേവകരാകാനും ഇത്തരം അവസരത്തിൽ നാം ദുആ ചെയ്യുക.

❊ **ഒരു മെമ്പർ:** ഒരു സിഖ് സ്നേഹിതന്റെ മകൾക്ക് ആറു മാസം പ്രായമുണ്ട്. അദ്ദേഹം ഭക്ഷണത്തിന് ക്ഷണിച്ചു.

**ഹുദൂർ:** പോയി ഭക്ഷണം കഴിക്കുക. പ്രശ്നമൊന്നുമില്ല. നിങ്ങൾ ആരുടെയെങ്കിലും വീട്ടിൽ പോകുമ്പോൾ അവിടെ അടിയന്തിരം നടക്കുന്നുവെന്ന് കരുതുക. ഭക്ഷണം പാചകം ചെയ്തു എങ്കിൽ അടിയന്തരത്തിൽ പങ്കെടുക്കാതിരിക്കുക. ഭക്ഷണം എന്ന് കരുതിക്കൊണ്ട് ഭക്ഷണം കഴിക്കുക.

ചന്ദയെ പരാമർശിച്ചുകൊണ്ട് **ഹുദൂർ** പറഞ്ഞു: ചന്ദ പരിശുദ്ധമായ ധനത്തിൽനിന്നു നല്കാനാണ് കൽപന. ചന്ദ ടാക്സല്ല. മറിച്ച്, ഈ സാമ്പത്തിക ത്യാഗം ദൈവത്തിന്റെ തൃപ്തി കരസ്തമാക്കാനാണ്. തന്മൂലം നിങ്ങളുടെ ധനത്തിൽ അനുഗ്രഹം ഉണ്ടാകാനാണ്. തെറ്റായതോ അനുവദനീയമല്ലാത്തതോ ആയ മാർഗത്തിൽ സമ്പാദിക്കുന്ന ധനത്തിൽ നിന്നു ചന്ദ വാങ്ങരുത്.

മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ഹുദൂറുമൊത്തുള്ള ഈ കൂടിക്കാഴ്ച 1.50 വരെ നീണ്ടു നിന്നു. ഒടുവിൽ എല്ലാ അംഗങ്ങൾക്കും ഹുദൂറിനോടൊപ്പം ഫോട്ടോ എടുക്കാനും സൗഭാഗ്യം ലഭിച്ചു. തുടർന്ന് കുറച്ച് സമയത്തേക്ക് സ്വന്തം താമസസ്ഥലത്തേക്ക് മടങ്ങിയ ഹുദൂർ 02.15-ന് മടങ്ങിവരികയും ളുഹ്ർ-അസ്വ്ർ നമസ്കാരങ്ങൾ ജംഅ് ജമാഅത്തായി നിർവഹിക്കാൻ നേതൃത്വം നല്കുകയും ചെയ്തു. തുടർന്ന് താമസസ്ഥലത്തേക്ക് മടങ്ങി.

### നാഷണൽ മജ്‌ലിസെ ആമില ലജ്നാ ഇമാഇല്ലാഹ് , ഹോളണ്ട് ഹുദൂറിനോടൊപ്പം

05.00 മണിക്ക് മസ്ജിദുന്നൂറിലെത്തിയ ഹുദൂർ ഹോളണ്ട് ലജ്നാ ഇമാഇല്ലായുടെ നാഷണൽ ആമിലയിൽ പങ്കെടുത്തു. ഈ മീറ്റിംഗിൽ റിജണൽ, പ്രാദേശിക സ്വദ്ർമാരും പങ്കെടുത്തിരുന്നു. ഹുദൂർ ദുആക്ക് നേതൃത്വം നല്കി.

❊ ഹുദൂർ ലജ്ന നാഷണൽ ജനറൽ സെക്രട്ടറിയോട്: ലജ്നകൾക്ക് എത്ര മജ്‌ലിസുകളുണ്ട്? റിപ്പോർട്ടുകൾ എത്ര മജ്‌ലിസുകൾ അയക്കുന്നുണ്ട്? ഈ റിപ്പോർട്ടുകളുടെ ഫീഡ് ബാക്ക് ആരാണ് നല്കുന്നത്?

❊ നാഷണൽ ജനറൽ സെക്രട്ടറി: ആകെ 17 മജ്‌ലിസുകളുണ്ട്. ഇവർ റിപ്പോർട്ടുകൾ അയക്കുന്നു. ഇതിന്റെ ഫീഡ്ബാക്ക് നാഷണൽ സ്വദ്ർ സാഹിബ നല്കുന്നു.

❊ **നാഷണൽ സ്വദ്ർ സാഹിബ:** ഞാൻ നാഷണൽ ആമിലാക്ക് ഫാഡ്ബാക്ക് നല്കുന്നു.

**ഹുദൂർ:** നാഷണൽ സ്വദ്റും ലോക്കൽ ജമാഅത്തുകൾക്ക് ഫീഡ് ബാക്ക് നല്കേണ്ടതാണ്. തദ്വാര അവർക്കും ബോധ്യമാകും നാഷണൽ സ്വദ്റിന് ഇക്കാര്യങ്ങളുമായി ബന്ധമുണ്ടെന്ന്.

❊ ഹുദൂർ ചോദിച്ചതനുസരിച്ച് **അസിസ്റ്റന്റ് ജനറൽ സെക്രട്ടറി:** നാഷണൽ ജനറൽ സെക്രട്ടറിയെ ഞാൻ സഹായിക്കുന്നു.

നാഇബ് സ്വദ്ർ അവ്വലിനോട് അവരുടെ ഉത്തരവാദിത്വത്തെ കുറിച്ച് ഹുദൂർ ചോദിച്ചറിഞ്ഞു.

❊ **നാഇബ് സ്വദ്ർ അവ്വൽ:** എനിക്ക് സെക്രട്ടറി മുഹാസിബ മാലിന്റെ ഉത്തരവാദിത്വവുമുണ്ട്.

ഹുദൂർ അൻവർ ഓഡിറ്റ് ചെയ്യുന്നതിനെ കുറിച്ചും ചോദിച്ചറിഞ്ഞു.

**നാഇബ് സ്വദ്ർ അവ്വൽ:** വർഷാവർഷം ഓഡിറ്റ് ചെയ്യുന്നു.

❊ ഹുദൂർ ചോദിച്ചതനുസരിച്ച് **നാഇബ് സ്വദ്ർ ദോം:** എനിക്ക് സെക്രട്ടറി മാലിന്റെ ഉത്തരവാദിത്വം കൂടിയുണ്ട്.

ഹുദൂർ ചന്ദ നല്കുന്നവർ, വരുമാനമുളളവർ തുടങ്ങിയ ലജ്നകളുടെ എണ്ണത്തെ കുറിച്ച് ചോദിച്ചറിഞ്ഞു.

❊ **നാഇബ് സ്വദ്ർ ദോം:** 411 പേർ ചന്ദ നല്കുന്നു. ഇവരിൽ വരുമാനമുളളവർ 29 പേരാണ്. ഒരു ശതമാനത്തിന്റെ തോതനുസരിച്ച് ചന്ദ നല്കുന്നു.

തുടർന്ന് മുആവിൻ ലജ്നാ സ്വദ്ർ മാനേജ്മെന്റിന്റെ ഉത്തരവാദിത്വത്തെ കുറിച്ച് അന്വേഷിച്ചു.

❊ നിഗ്‌റാൻ വാഖിഫാത്തെനൗവിനോട് **ഹുദൂർ:** വാഖിഫാത്തെ നൗ എത്ര പേരാണ്?

**നിഗ്‌റാൻ വാഖിഫാത്തെ നൗ:** വാഖിഫാത്തെ നൗ 83 പേരാണ്.

തുടർന്ന് 15 വയസ്സിനു മുകളിലുള്ള വാഖിഫാത്തിന്റെ എണ്ണവും ഹുദൂർ ചോദിച്ചറിഞ്ഞു.

❊ ഹുദൂർ ചോദിച്ചതനുസരിച്ച് **മുആവിന സ്വദ്ർ:** ഞാൻ സെക്രട്ടറി സുൽത്വാനുൽ ഖലമാണ്, സോഷ്യൽമീഡിയായുടെ ചുമതലകളും നിർവഹിക്കുന്നു.

❊ **ഹുദൂർ:** നാഷണൽ, ലോക്കൽ, പത്രങ്ങളിൽ എത്ര ലേഖനങ്ങളെഴുതി. തബ്‌ലീഗ് സംബന്ധമായ എത്ര ആർട്ടിക്കിളെഴുതി.

**സെക്രട്ടറി സാഹിബ:** ഞങ്ങൾ സ്വന്തം വെബ്സൈറ്റ് ലോഞ്ച് ചെയ്തിട്ടുണ്ട്. ബുർക്കയെ സംബന്ധിച്ച് ഏർപ്പെടുത്തിയ നിരോധനത്തെ സംബന്ധിച്ച് ആർട്ടിക്കിൾ അതിൽ പേസ്റ്റ് ചെയ്തിട്ടുണ്ട്.

**ഹുദൂർ:** ഇതരരുടെ വെബ്സൈറ്റിലും കമന്റുകൾ പേസ്റ്റ് ചെയ്യുക. ഇക്കാലഘട്ടത്തിൽ ഇസ്‌ലാമിനും നബി(സ) തിരുമേനിക്കും എതിരിൽവരുന്ന കാര്യങ്ങളെ സംബന്ധിച്ചും കമന്റുകൾ ഇടേണ്ടതാണ്.

മുആവിന സ്വദ്റിനോട് വൈവാഹികവും വസിയ്യത്തുമായി ബന്ധപ്പെട്ടുള്ള വിവരങ്ങളും ഹുദൂർ തിരക്കി.

❊ മുആവിന സ്വദ്ർ ബറായെ രിശ്ത നാത്വ വ വസിയ്യത്ത്: 225 ലജ്നകൾ മൂസിയാണ്.

ഹുദൂർ അന്വേഷിച്ചതനുസരിച്ച് **സെക്രട്ടറി തർബിയ്യത്ത്:** കുടുംബപരമായ പ്രശ്നങ്ങൾ, സോഷ്യൽ മീഡിയ, പർദ എന്നിവയെ സംബന്ധിച്ചുള്ള പുതിയ ഗ്രന്ഥങ്ങളുടെ ഡച്ച് ഭാഷ പ്രസിദ്ധീകരിക്കാൻ ഹുദൂർ നിർദ്ദേശിച്ചിരുന്നു.

❊ **ഹുദൂർ** സെക്രട്ടറി ഉമൂറെ ത്വാലിബാത്തിനോട്: വിദ്യാർഥിനികൾ സെമിനാറുകളിൽ താല്പര്യം കാണിക്കുന്നുണ്ടോ?

**സെക്രട്ടറി ഉമൂറെ ത്വാലിബാത്ത്:** ഇപ്പോൾ ക്ലാസുകൾ നടന്നു കൊണ്ടിരിക്കുന്നു. എഴുപത് ശതമാനം വിദ്യാർഥിനികൾ പങ്കെടുക്കുന്നു.

ഹുദൂർ നാസ്വിറാത്ത് സെക്രട്ടറിയോട് നാസ്വിറാത്തിന്റെ എണ്ണം അവർക്ക് വേണ്ടിയുള്ള തർബിയ്യത്ത് പ്രോഗ്രാമിനെ കുറിച്ചും അന്വേഷിച്ചു.

❊ സെക്രട്ടി നാസ്വിറാത്ത്: നാസ്വിറാത്തിന്റെ ആകെ എണ്ണം 110 ആണ്. പാക്കിസ്തിനിൽ നിന്ന് വളരെയധികം

പെൺകുട്ടികൾ വന്നിട്ടുണ്ട്. ഭാഷയും മറ്റു ചില കാരണങ്ങളാലും അവർക്ക് ഇവിടുത്തെ പെൺകുട്ടികളോടൊപ്പം ഇന്റഗ്രേറ്റ് ആകാൻ സാധിക്കുന്നില്ല.

**ഹുദൂർ**: പുതുതായി വരുന്ന പെൺകുട്ടികൾ ഭാഷ പഠിക്കുന്നുണ്ടല്ലോ. ഈ പ്രശ്നം ഉണ്ടാകാൻ പാടില്ല. ഇവിടെ താമസിക്കുന്ന പെൺകുട്ടികളുമായി ചങ്ങാത്തം വർധിപ്പിക്കുക.

❊ **സെക്രട്ടറി ഖിദ്മത്തെ ഖല്ഖ്**: സ്വദ്ർ സാഹിബ പറഞ്ഞതു പ്രകാരം ഹുദൂറിന്റെ അനുമതിയോടെ ഹ്യൂമാനിറ്റി ഫസ്റ്റുമായി ബന്ധം സ്ഥാപിച്ചു. ഐവറി കോസ്റ്റിൽ നിർമിതമാകുന്ന ഹോസ്പിറ്റലിനുവേണ്ടി ബഡ്സുകൾ നല്കുന്നതിന് അവർ ഞങ്ങളോടി പറഞ്ഞിട്ടുണ്ട്.

ഹുദൂർ ഇതിനെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ അന്വേഷിച്ചു.

❊ സ്വദ്ർ സാഹിബ ലജ്നാ ഇമാഇല്ലാഹ്: ഞങ്ങൾ ഹോളണ്ടിലെ ഹ്യുമാനിറ്റി ഫസ്റ്റിന്റെ ഇൻചാർജുമായി ബന്ധപ്പെട്ടു. അദ്ദേഹം ഞങ്ങൾക്ക് ഇതു സംബന്ധമായ വിവരങ്ങൾ നല്കി.

❊ അവതരിപ്പിക്കപ്പെട്ട റിപ്പോർട്ടിനെ സംബന്ധിച്ച് സെക്രട്ടറി തഅ്ലീമിനോട് **ഹുദൂർ**: നാഷണൽ ആമില അംഗങ്ങൾ ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിക്കാറുണ്ടോ?

**സെക്രട്ടറി തഅ്ലീം**: വായിക്കുന്നുണ്ട്.156 ലജ്നകൾ പരീക്ഷയും എഴുതുന്നു.

**ഹുദൂർ**: നാഷണൽ ആമിലയും പരീക്ഷ എഴുതേണ്ടതാണ്.

**സെക്രട്ടറി തജ്നീദിനോട് ഹുദൂർ**: തജ്നീദ് എത്രയാണ്. ലോക്കൽ സ്വദ്ർമാരിൽനിന്നു തജ്നീദുകൾ എങ്ങനെയാണ് വാങ്ങുന്നത്?

❊ സെക്രട്ടറി തജ്നീദ്: ആകെ തജ്നീദ് 475 ആണ്. മാസന്തോറും ലോക്കൽ റിപ്പോർട്ടുകളിൽനിന്നു തജ്നീദ് അപ്ഡേറ്റ് ശേഖരിക്കുന്നു.

❊ ഹുദൂർ ചോദിച്ചതനുസരിച്ച് **സെക്രട്ടറി തബ്ലീഗ്**: ഈ വർഷം രണ്ട് ബയ്അത്തുകൾ നടന്നു. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ 7 ബയ്അത്തുകൾ നടന്നു.

❊ സെക്രട്ടറി ഇശാഅത്ത് ഡച്ചും ഉർദുവും സ്വയം തങ്ങളെ പരിചയപ്പെടുത്തി.

**ഹുദൂർ**: സെക്രട്ടറി ഇശാഅത്ത് ഒരു വ്യക്തി മതിയാകുന്നതാണ്.അവർക്ക് സ്വന്തം സഹായികളെ നിശ്ചയിക്കാവുന്നതാണ്.

**സ്വദ്ർ ലജ്ന**: ഹുദൂറിന്റെ അനുമതിയോടെയാണ് രണ്ട് സെക്രട്ടറിമാരേയും നിശ്ചയിച്ചിട്ടുള്ളത്.

❊ ഹുദൂർ ചോദിച്ചതനുസരിച്ച് **സെക്രട്ടറി ഇശാഅത്ത് ഡച്ച്**: മാസിക പ്രസിദ്ധീകരിക്കുന്നുണ്ട്.

യൂ.കെ.യിൽ 'മർയം' എന്ന പേരിൽ വഖ്ഫെ നൗ പെൺകുട്ടികൾക്കുവേണ്ടി ഒരു മാസിക പ്രസിദ്ധീ കരിക്കുന്നുണ്ട്. അത് സ്ഥിരമായി വരുത്തുക. അതിൽ നിന്നുമുള്ള ലേഖനങ്ങൾ ഇതിലും ഇടുക. നല്ല രൂപ ത്തിലാണ് അത് തയ്യാറാക്കിയിട്ടുള്ളത്.

❊ ഹുദൂറിന്റെ നിർദ്ദേശാനുസരണം **തർബിയ്യത്ത് നൗമുബാഇയാത്ത് സെക്രട്ടറി**: 7 നവ അഹ്മദികൾക്ക് ആഴ്ച തോറും ക്ലസുകൾ നടക്കുന്നുണ്ട്.

**ഹുദൂർ**: ലോക്കൽ ഡച്ച് വ്യക്തികളേയും ബയ്അത്ത് ചെയ്യിക്കുക.

❊ സെക്രട്ടറി സ്വൻഅത്ത് വ ദസ്തകാരി, ഹുദൂർ ചോദിച്ചതനുസരിച്ച് അവരുടെ വരുമാനം എത്രയാണെന്ന് വിവരിച്ചു.

❊ സെക്രട്ടറി സിഹ്ഹത്തെ ജിസ്മാനിയോട് **ഹുദൂർ**: കളിക്കാറുണ്ടോ? പതിവായി കളിക്കുന്നവർ എത്ര പേരാണ്.

❊ സെക്രട്ടറി സിഹ്ഹത്തെ ജിസ്മാനി:യൂറോപ്യൻ വോളിബോൾ ടൂർണമെന്റിൽ പോകാറുണ്ട്.

സെക്രട്ടറി ളിയാഫത്തിനോട് അവരുടെ കർത്തവ്യങ്ങളെ കുറിച്ചും ബഡ്ജറ്റിനെ കുറിച്ചും ഹുദൂർ ചോദിച്ചറിഞ്ഞു. സെക്രട്ടറി സാഹിബ ബഡ്ജറ്റ് എത്രയാണെന്ന് വിവരിച്ചു. സെക്രട്ടറി തഹ്‌രീകെ ജദീദും വഖ്ഫെ ജദീദും റിപ്പോർട്ടുകൾ അവതരിപ്പിച്ചു. 7 മുതല് 15 വരെ വയസ്സുള്ള കുട്ടികളെ നാസ്വിറാത്തിൽ ഉൾപ്പെടുത്താൻ ഹുദൂർ നിർദ്ദേശിച്ചു. തുടർന്ന് റീജണൽ, ലോക്കൽ സ്വദ്ർമാരും സ്വന്തം കർത്തവ്യങ്ങളെ കുറിച്ച് വിവരിച്ചു. എല്ലാ മജ്ലിസുകളുടേയും തജ്നീദിനെ കുറിച്ചും എല്ലാവരോടും ഹുദൂർ ചോദിച്ചറിഞ്ഞു.

❊ ഒരു ലോക്കൽ സ്വദ്ർ സാഹിബ:ഇക്കാലഘട്ടത്തിൽ പുരുഷനും സ്ത്രീയും പ്രവൃത്തിക്കേണ്ടത് അനിവാര്യമാണ്. ചില ലജ്നാ അംഗങ്ങൾക്ക് ജോലികൾ കാരണത്താൽ ജമാഅത്തിന്റെ പ്രോഗ്രാമിൽ വരാൻ സാധിക്കില്ല. ഇവരെ സംബന്ധിച്ച് ഹുദൂറിനോട് മാർഗദർശനവും തേടുകയുണ്ടായി.

**ഹുദൂർ**: ഇക്കാലഘട്ടത്തിൽ പുരുഷനും സ്ത്രീയും ജോലി ചെയ്യാതെ ജീവിതച്ചെലവുകള് നയിക്കാൻ സാധ്യമല്ല എന്നുള്ളത് സത്യമാണ്. അവരെ ഓർമപ്പെടുത്തൽ തർബിയ്യത്ത് വിഭാഗത്തിന്റെ കർത്തവ്യമാണ്. എന്റെ ഖുത്വ്ബകൾ മുഖേന ലജ്നകൾ കുട്ടികളെ നല്ലവണ്ണം തർബിയ്യത്ത് ചെയ്യേണ്ടതാണ്. മാതാക്കൾ സൽപ്രകൃതക്കാരാണെങ്കിൽ അവരിൽ ഭൗതിക മോഹങ്ങൾ ഉണ്ടാകില്ല. അവർ സ്വന്തം ഉത്തരവാദിത്വം മനസ്സിലാക്കുകയും ചെയ്യും. ഉദാഹരണമായി അമേരിക്കയിൽ കുറച്ച് ലജ്നകളുണ്ട്. അവർ ജോലിയും ചെയ്യുന്നുണ്ട്. അവരുടെ തർബിയ്യത്തിന്റെ നിലവാരവും നല്ലതായിരുന്നു. ജോലി ചെയ്യാൻ അനുവാദമുണ്ട്. നിർബന്ധിതാവസ്ഥയാണെങ്കിൽ ഭർത്താവിന്റെ വരുമാനം കുറവാണെങ്കിൽ ചെയ്യുക. എന്നാൽ നിങ്ങൾ സ്വന്തം പ്രതിജ്ഞകളുടെ പ്രാധാന്യവും തിരിച്ചറിയേണ്ടതുണ്ട്. തുടർന്ന് ആ പ്രതിജ്ഞ ആവർത്തിക്കുന്നതിൽ എന്ത് പ്രയോജനമാണുള്ളത്?

❊ ഒരു **ലോക്കൽ സ്വദ്ർ**: എന്റെ മജ്ലിസിലെ ചില അംഗങ്ങൾ പറയുന്നത് തങ്ങൾ ജമാഅത്തുവരെമാത്രം ബന്ധം വെക്കാനാഗ്രഹിക്കുന്നുവെന്നാണ്. പക്ഷേ, അവർ ലജ്നഇമാഇല്ലായുമായി ഒരു ബന്ധവും വെക്കാനാഗ്രഹിക്കുന്നില്ല. ലജ്നയുടെ ചന്ദ നല്കാനും ആഗ്രഹിക്കുന്നില്ല.

**ഹുദൂർ**: ലജ്നാ ഇമാഇല്ലാഹ് സ്ഥാപിതമായിരിക്കുന്നു എന്നതും നേരിട്ട് അത് കാലത്തിന്റെ ഖലീഫയുടെ കീഴിലാണെന്നതും ജമാഅത്തിന്റെ വ്യവ്സ്ഥിതിയുടെ സൗന്ദര്യമാണ്. അപ്പോൾ പിന്നെ ഇത്തരം കാര്യങ്ങൾ സ്വന്തം ചെയ്തിരിക്കുന്ന ബയ്അത്ത് പ്രതിജ്ഞയോട് കാണിക്കുന്ന കാപട്യമാണ്. ചന്ദ കൊടുക്കുകയോ കൊടുക്കാതെയോ ഇരിക്കട്ടെ. ആദ്യം അവരെ അഹ്മദിയാക്കുക. ചന്ദ കൊടുക്കാൻ കഴിയില്ലെങ്കിൽ എന്റെയടുക്കൽനിന്ന് അനുമതി വാങ്ങാവുന്നതാണ്. അവരുടെ ഈ ചിന്ത അബദ്ധമാണ്. കാലത്തിന്റെ ഖലീഫ ഉണ്ടാക്കിയിട്ടുള്ള സംവിധാനമാണിത്. ഇതിൽ പങ്കെടുക്കേണ്ടതാണ്. കാലത്തിന്റെ ഖലീഫയുമായി ബന്ധമുണ്ടെങ്കിൽ, അഹ്മദിയാണെങ്കിൽ ഇതിലേയും അംഗമാണ്.

❊ ഒരു ആമില അംഗം:ഏതെങ്കിലും ജമാഅത്തിന്റേയോ ശാഖാസംഘടനയുടേയോ ഭാരവാഹിയുടെ വളരെയടുത്ത ബന്ധുവിനെ ജമാഅത്ത് സംവിധാനത്തിൽനിന്നു പുറത്താക്കിയാൽ ആ വ്യക്തിയോടുള്ള ഭാരവാഹിയുടെ സമീപനം എന്തായിരിക്കണം?

**ഹുദൂർ**: ജയിലിലിടുക എന്നതല്ലല്ലോ ശിക്ഷ. ബന്ധം വേർപെടുത്തൽ മാത്രമാണ്; നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ സംഭവിച്ചതുപോലെ. ശിക്ഷ ലഭിച്ച വ്യക്തിയെ കാര്യം ബോധ്യപ്പെടുത്തുക എന്നതാണ് അടിസ്ഥാന ലക്ഷ്യം. നന്നായിത്തീരണം എന്നതിനു വേണ്ടിയാണ് പ്രത്യക്ഷമായ നിലയില് ശിക്ഷ കൊടുക്കുന്നത്. മാതാപിതാക്കൾ, സഹോദരി സഹോദരന്മാർ അവരെ സംസ്കരിക്കാൻവേണ്ടി ബന്ധപ്പെടാവുന്നതാണ്. ഇളാമ്മ, മാമി തുടങ്ങിയവർ ബന്ധം വെക്കരുത്. തെറ്റിനെ കുറിച്ച് ബോധ്യപ്പെടുത്താനും മനസ്സിലാക്കി കൊടുക്കാനുമാണിത്. ഭാരവാഹി സ്വയം നോക്കേണ്ടത് ജമാഅത്തീ ലക്ഷ്യത്തിനാണോ സ്വാർഥ താല്പര്യത്തിനാണോ മുന്തൂക്കം നല്കേണ്ടതെന്നാണ്.

❊ **ഒരംഗം**: മാതൃകാപരമായ നിലയിൽ ദൂരക്കാഴ്ചയോടെയുള്ള ലജ്നകളുടെ ഫോട്ടോകൾ നമ്മുടെ പത്രങ്ങളിൽ പ്രസിദ്ധീകരിക്കാമോ?

**ഹുദൂർ അൻവർ**: പത്രങ്ങളിൽ കൊണ്ടു വരരുത്. പ്രസിദ്ധീകരിക്കരുത്. നോക്കുന്ന പുരുഷന്മാരുടെ നിയ്യത്ത് എന്താണെന്ന് അറിയാൻ കഴിയില്ല.ചില അവസരങ്ങളിൽ നവഅഹ്മദികളായ അമേരിക്കക്കാരുടേയോ ആഫ്രിക്കക്കാരുടേയോ ചിത്രങ്ങൾ വരാറുണ്ട്. അവർക്ക് അനുവാദമുണ്ട്. എന്നാൽ, ജന്മനാ അഹ്മദികൾ ഫോട്ടോകളിടരുത്.

❊ **ഒരംഗം**: കൂടുതൽ തബ്ലീഗിന്, കീഴിലുള്ള അതിഥികളെ ഇംഗ്ലണ്ടിലോ ജർമനിയിലോ ജൽസയിൽ പങ്കെടുക്കാൻ കൊണ്ടു പോകുന്നു.എന്നാൽ ജമാഅത്തിന്റെ കൈയിൽ ഇത്രയധികം ബഡ്ജറ്റില്ല.

**ഹുദൂർ**: സ്വന്തം ജമാഅത്തിൽനിന്നു സഹായം തേടുക. യൂ.കെ.സ്വദേശികൾ പൈസ വാങ്ങുകയില്ല. ജമാഅത്തിയായ നിലയിൽ തബ്ശീറിനെ അറിയിച്ചാൽ അവർ സംവിധാനം ഒരുക്കി തരുന്നതാണ്.

ചില ഭാരവാഹികൾ മസ്ജിദിലും പ്രോഗ്രാമിലും പർദ ധരിച്ച് വരുന്നു എന്നും എന്നാൽ, പുറത്ത് പർദ ധരിക്കാതെ പോവുന്നുവെന്നും ഹുദൂറിന്റെ തുരുസന്നിധിയിൽ പറയപ്പെട്ടു.

**ഹുദൂർ**: അവരെ ഭാരവാഹികളാക്കരുത്. എന്നാൽ അവരിൽനിന്നു സേവനം വാങ്ങാവുന്നതാണ്. എന്തെങ്കിലും ഒരു ബന്ധം നിലനിറുത്തണമല്ലോ. മസ്ജിദിൽ പർദ ധരിക്കുന്നുണ്ടെങ്കിൽ കുറച്ചെങ്കിലും ചെയ്യുന്നുണ്ടല്ലോ. ചുരുങ്ങിയത് മസ്ജിദിലെങ്കിലും പർദ ധരിച്ച് വരുന്നുണ്ടല്ലോ.

❊ **ഒരംഗം**: നാഷണൽ സ്വദിറിനോടോ ലോക്കൽ സ്വദിറിനോടോ ഏതെങ്കിലും അഭിപ്രായ വ്യത്യാസമോ അല്ലെങ്കിൽ വിമർശനമോ ഉണ്ടായാൽ സ്വദ്റിന്റെ സമീപനം അത് ചെയ്യുന്ന വ്യക്തിയോട് ഏത് വിധത്തിലായിരിക്കണം?ആ അംഗത്തിന്റെ അനുസരണത്തിന്റെ നിലവാരം എങ്ങനെയായിരിക്കണം.

**ഹുദൂർ**: പ്രത്യക്ഷമായ നിലയിൽ കൂടിയാലോചനയാണെങ്കിൽ ഗുണപ്രദമായ അഭിപ്രായ വ്യത്യാസം പ്രകടിപ്പിക്കാവുന്നതാണ്. കാല് വാരുന്നവരാകരുത്. എന്തെങ്കിലും അഭിപ്രായമുണ്ടെങ്കിൽ എഴുതി കൊടുക്കുക. സ്വദ്റിന്റേതായിരിക്കും അന്തിമ തീരുമാനം. അല്ലെങ്കിൽ കാലത്തിന്റെ ഖലീഫക്ക് എഴുതുക. കാലത്തിന്റെ ഖലീഫയുടെ തീരുമാനം അന്തിമമായിരിക്കും.

❊ സ്വദ്ർ ലജ്ന: റീജണൽതലത്തിലും ലോക്കൽതലത്തിലും പുരുഷന്മാരുമായി ബന്ധപ്പെടേണ്ടി വരാറുണ്ട്. എന്നാൽ പുരുഷന്മാരെക്കൊണ്ട് പ്രവർത്തിപ്പിക്കുക എന്നത്

(ശേഷം പേജ് 12 ൽ)


## അമീറുൽമുഅ്മിനീന്റെ ഉപദേശം

**'തങ്ങളുടെ മനസ്സിൽനിന്ന് എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'**

*(ബ്രിട്ടൺ, കനഡ, ജർമനി ജാമിഅകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)*

**ത്വാലിബെ ദുആ:**
**K.Muhammad Safwan & Family**
**Ahmadiyya Jama-ath Kakkanad, Kerala**

## അമീറുൽമുഅ്മിനീന്റെ ഉപദേശം

**"പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു."**

*(ജുമുഅ ഖുത്ബ 4-10-2019)*

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

(പേജ് 7 ൽ നിന്ന്)

യി ചിന്തിച്ച് നിതാന്ത ജാഗ്രതയോടെ ദുആചെയ്തു കൊണ്ടായിരുന്നു എഴുതിയിരുന്നത്. യഥാർഥ ആശയത്തിൽ ഏറ്റക്കുറച്ചിലുണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. 2013-ൽ അദ്ദേഹം റിട്ടയേർഡ്മെന്റായതിനു ശേഷവും പ്രൈവറ്റ് സെക്രട്ടറി ഓഫീസിൽ ശൂറയുടെ റിപ്പോർട്ട് തയ്യാറാക്കുന്ന കാര്യത്തിൽ എന്തെങ്കിലും ബുദ്ധിമുട്ടനുഭവപ്പെടുമ്പോൾ അദ്ദേഹത്തെ വിളിക്കുമായിരുന്നു. അപ്പോഴൊക്കെ ക്ഷണത്തിൽ എത്തുമായിരുന്നു. സേവനം ചെയ്യുന്നത് ഒരു സൗഭാഗ്യമായാണ് താൻ കരുതുന്നതെന്ന് എപ്പോഴും പറയുമായിരുന്നു. വളരെ ശാന്തപ്രകൃതനും ജോലിയിൽ നിമഗ്നനും വഖ്ഫിന്റെ കടമ നിറവേറ്റുന്നവനും നിശബ്ദനായി എല്ലാ ജോലികളും ചെയ്യുന്നവനും ഒരു കാര്യവും ആവശ്യപ്പെടാത്തവനും ലളിതജീവിതം നയിക്കുന്നവനുമായ ഒരു വ്യക്തിയുടെ രൂപമാണ് അദ്ദേഹത്തെ കുറിച്ച് എന്റെ ഓർമയിൽ എപ്പോഴുമുള്ളത്. അല്ലാഹു അദ്ദേഹത്തോടു പൊറുക്കലോടും കരുണയോടും കൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ സന്താനങ്ങൾക്കും അദ്ദേഹം ചെയ്തുകൊണ്ടിരുന്ന നന്മകൾ തുടർന്നു കൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ.

ഇനി അനുസ്മരിക്കുന്നത് വഖ്ഫെ സിന്ദഗീ ശുഅയ്ബ് അഹ്മദ് സാഹിബിനെയാണ്. പരേതൻ ദർവേശ് ബശീർ അഹ്മദ് കാലാഅഫ്ഗാന സാഹിബ് ഖാദിയാനിന്റെ മകനായിരുന്നു. 56 വയസ്സായിരുന്നു. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* 1987 മുതലാണ് ഇദ്ദേഹം ജമാഅത്തിന്റെ സേവനം തുടങ്ങുന്നത്. സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ പല വകുപ്പുകളിലും ജീവനക്കാരനായും ഓഫീസറായും നാളിറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഇൻചാർജ് ഉൽയാ ഓഫീസ് ജൽസാസാലാന, നാളിർ ബയ്ത്തുൽമാൽ ഖർച്ച്, നാളിം വഖ്ഫെ ജദീദ്, ഓഫീസർ ജൽസാസാസാലാന, സ്വദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ഭാരത് എന്നീ നിലകളിലും സേവനമനുഷ്ഠിച്ചിട്ടുണ്ട്. മുപ്പത്തിമൂന്നിലധികം വർഷമാണ് ഇദ്ദേഹം സേവനമനുഷ്ഠിച്ചത്. ആരാധനാകർമങ്ങളിൽ ഇദ്ദേഹം അതീവ ശ്രദ്ധാലുവായിരുന്നു. തഹജ്ജുദും നഫ്ലുകളും സ്ഥിരമായി അനുഷ്ഠിച്ചിരുന്നു. ഖിലാഫത്തിനോടുള്ള അനുസരണവും വളരെ ഉന്നതനിലയിലുള്ളതായിരുന്നു.എപ്പോഴും പറഞ്ഞിരുന്നത് എന്തു നിർദേശം വന്നാലും പെട്ടെന്ന് പ്രാവർത്തികമാക്കണമെന്നായിരുന്നു. വിശുദ്ധ ഖുർആനിൽ ആഴത്തിലുള്ള അറിവുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഖലീഫമാരുടേയും ഗ്രന്ഥങ്ങൾ വായിക്കുമായിരുന്നു. ദീനീപരമായ ജ്ഞാനം വളരെ വിശാലമായിരുന്നു. ഏതു വിഷയത്തിലും പ്രസംഗിക്കാനുള്ള കഴിവുണ്ടായിരുന്നു. വളരെ സൽപ്രതനും ജനസമ്പർക്കമുള്ള വ്യക്തിയുമായിരുന്നു. എല്ലാ തട്ടിലുള്ള ആളുകളോടും സ്നേഹത്തോടെ പെരുമാറിയിരുന്നു. അഗതികളേയും അശരണരേയും സഹായിക്കാറുണ്ടായിരുന്നു. ഖാദിയാനിലെ എല്ലാവരും അദ്ദേഹത്തെ സ്തുതിച്ച് പറയുന്നുണ്ട്. ധീരനും നന്ദിസ്വഭാവമുള്ളയാളുമായിരുന്നു. പരേതൻ മൂസിയായിരുന്നു. സന്തപ്ത കുടുംബത്തിൽ ഭാര്യയും രണ്ടു ആൺമക്കളുമാണുള്ളത്. ഇദ്ദേഹം സ്വദ്ർ അഞ്ചുമൻ അഹ്മദിയാ സ്വദ്ർ, ജലാലുദ്ദീൻ സാഹിബ് നയ്യറിന്റെ ജാമാതാവാണ്.

നാളിർ ബയ്ത്തുൽമാൽ ആമദ് ഖാദിയാൻ റഫീഖ് ബേഗ് സാഹിബ് എഴുതുന്നു: എനിക്ക് ഇദ്ദേഹത്തോടൊപ്പം 18 വർഷം ഖുദ്ദാമുൽ അഹ്മദിയ്യാ ഭാരതിലും ജൽസാസാലാന ഓഫീസിലും സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചിട്ടുണ്ട്. അദ്ദേഹം സ്വന്തം പ്രവർത്തന മാതൃകകാണിച്ച് കൂടെ സേവനമനുഷ്ഠിക്കുന്നവരെ നയിക്കുന്ന വ്യക്തിയായിരുന്നു. ജൽസാസാലാനയുടെ ദിനങ്ങളിൽ രാത്രി മൂന്നുനാലുമണിവരെ ഓഫീസിൽത്തന്നെ കഴിയുകയും ഗസ്റ്റുഹൗസുകൾ സന്ദർശിച്ച് വിലയിരുത്തുകയും ചെയ്യുമായിരുന്നു. എന്തെങ്കിലും ഏറ്റക്കുറച്ചിൽ കണ്ടാൽ ഉടനെ അവിടെയെത്തി കാര്യങ്ങൾ ശരിയാക്കുമായിരുന്നു. എപ്പോഴും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളോടു മാന്യതയോടെ പെരുമാറണമെന്ന് ഉപദേശിക്കുമായിരുന്നു. ഏതെങ്കിലും ജീവനക്കാരന്റെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായാൽ അദ്ദേഹം നേരിട്ട് ചെന്ന് ക്ഷമാപണം നടത്തിയിരുന്നു. ഇദ്ദേഹത്തിന്റെ സഹോദരീ ഭർത്താവ് എഴുതുന്നു:താൻ ഈ ലോകത്ത് ആരോടും ശത്രുതവെച്ചു പുലർത്തിയിട്ടില്ലെന്ന് ഇദ്ദേഹം പറയുമായിരുന്നു. വക്കാലത്തെ തഹ്രീക്കെ ജദീദിന്റെ ഒരു ഇൻസ്പെക്ടർ എഴുതുന്നു: ഇന്ത്യയിലെ കേരളം, തമിഴ്നാടു സംസ്ഥാനങ്ങളിൽ ഇദ്ദേഹം 75 ദിവസം നീണ്ട പര്യടനം നടത്തിയിരുന്നു. ആ സമയത്ത് ഞാൻ രോഗിയായപ്പോൾ അദ്ദേഹം മക്കളോടെന്നപോലെ എന്നെ പരിചരിക്കുകയുണ്ടായി. പരേതനോടു അല്ലാഹു പൊറുക്കലോടും കരുണയോടും കൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും ഭാര്യയ്ക്കും ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ നന്മകൾ പിന്തുടരാൻ അവർക്ക് തൗഫീഖ് നല്കുമാറാകട്ടെ.

അടുത്തതായി അനുസ്മരിക്കുന്നത് മുബല്ലിഗ് സിൽസില ഖാദിയാൻ മഖ്സൂദ് അഹ്മദ് ഭട്ടി സാഹിബിനെയാണ്. ഇദ്ദേഹം മെയ് 18 ന് 52 -ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ജമ്മുകശ്മീരിലെ രാജോറി ജില്ലയിലെ ചാർക്കോട്ടു ജമാഅത്തുമായിട്ടായിരുന്നു ഇദ്ദേഹത്തിന്റെ ബന്ധം. ഇദ്ദേഹത്തിന്റെ സേവന കാലം 30 വർഷമായിരുന്നു. ഇദ്ദേഹത്തിന് ലക്നൗ മേഖല അമീറായും ഏക ദേശം ഒരു വർഷം ശ്രീനഗർ മുബല്ലിഗ് ഇൻചാർജായും സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. 2017 മുതൽ വഫാത്തുവരെ 'മുഴുവൻ സമയ ഖാളി' എന്ന നിലയിൽ സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. ഖളായിൽ വളരെ താൽപര്യത്തോടും ആത്മാർഥതയോടുംകൂടി സേവനം അനുഷ്ഠിച്ചു പോരുകയായിരുന്നു. ഡസൻ കണക്കിന് കേസ്സുകളിൽ വിധി പറഞ്ഞിട്ടുണ്ട്. തന്നിലർപിതമായ ജോലിയെ കുറിച്ച് എപ്പോഴും ചിന്താകുലനായിരുന്നു. വളരെ പൊതു സമ്പർക്കമുള്ള, ധൈര്യമുള്ള, കാര്യപ്രാപ്തിയുള്ള, സദാസന്നദ്ധതയുള്ള വാഖിഫെ സിന്ദഗിയായിരുന്നു. ഇദ്ദേഹം കൊറോണ ബാധിച്ച് രോഗാവസ്ഥയിലായി. ആശുപത്രിയിൽപ്പോലും എപ്പോഴും തന്റെ ജോലിയെക്കുറിച്ചുള്ള ചിന്തയായിരുന്നു ഇദ്ദേഹത്തിന്. പരേതൻ മൂസിയായിരുന്നു. സന്തപ്തകുടുംബത്തിൽ മാതാവും മൂന്നു സഹോദരന്മാരും കൂടാതെ ഭാര്യയും മൂന്നു പെൺമക്കളുമുണ്ട്. അല്ലാഹു പരേതനോടു പൊറുക്കലോടും കരുണയോടുംകൂടി പെരുമാറട്ടെ. ഇദ്ദേഹത്തിന്റെ പെൺമക്കളേയും കാക്കുമാറാകട്ടെ. ഇദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടു പോകാൻ അവർക്ക് തൗഫീഖ് നല്കുമാറാകട്ടെ.

അടുത്ത അനുസ്മരണം ഫയ്സ്വലാബാദിലെ ജാവേദ് ഇഖ്ബാൽ സാഹിബിനെക്കുറിച്ചാണ്. ഇദ്ദേഹം 68-ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇദ്ദേഹത്തിന്റെ മകൻ ത്വൽഹ മഹ്മൂദ് എഴുതുന്നു: ഇദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് പ്രപിതാമഹൻ ബാബാ ചക്കിറാ മുഖേനയാണ്. ചക്ക് ഉണ്ടാക്കുകയും അത് റിപ്പയർ ചെയ്യുകയും ചെയ്യുന്ന ജോലിയായിരുന്നു അദ്ദേഹത്തിന്. ആ പേരിൽ അദ്ദേഹം അറിയപ്പെടുകയും ചെയ്തു. ഇടവഴികളിലൂടെ ഉറക്കെ വിളിച്ചു പറഞ്ഞ് നടന്ന് ജോലിചെയ്തിരുന്ന ആളായിരുന്നു. ആ സമയങ്ങളിൽ അദ്ദേഹം തബ്ലീഗിനുള്ള വഴി തുറന്നു കിട്ടാനായി ഉറക്കെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കവിതാശകലങ്ങളും ചൊല്ലുമായിരുന്നു.

പരേതൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഞ്ചുനേര നമസ്കാരകാര്യത്തിലെന്നപോലെ തഹജ്ജുദ് നമസ്കാരവും പതിവായി അനുഷ്ഠിച്ചിരുന്നു. തഹജ്ജുദിന് പ്രത്യേക സംവിധാനമൊരുക്കുമായിരുന്നു. വീട്ടുകാരോടു ജമാഅത്തായി നമസ്കരിക്കാൻ ഉപദേശിക്കുമായിരുന്നു. മാത്രമല്ല വീട്ടിൽ സ്വയം ജമാഅത്തായുള്ള നമസ്ക്കാരത്തിന് നേതൃത്വം നല്കുമായിരുന്നു. നിത്യവും വിശുദ്ധ ഖുർആൻ തർജമയോടുകൂടി പാരായണം ചെയ്യുമായിരുന്നു. പ്രത്യേകനിലയിൽ ജുമുഅ ഖുത്ബ കേൾക്കാൻ സംവിധാനം ചെയ്തിരുന്നു. വീട്ടുകാരോടൊപ്പമിരുന്ന് എം.ടി.എ യിൽ ഖുത്ബ ജുമുഅ കേൾക്കുമായിരുന്നു. ദീനീ സേവന കാര്യത്തിൽ ഉന്മാദിയെപ്പോലെ ആവേശമുള്ള വ്യക്തിയായിരുന്നു. 1985 ലെ സ്ഥിതിഗതികൾ കാരണം ജമാഅത്തിൽ കാലത്തിന്റെ ഖലീഫയുടെ ഖുത്ബകൾ ഓഡിയോ കാസറ്റുകളിലായിരുന്നു എത്തിച്ചിരുന്നത്. ആ സമയത്ത് തോൾസഞ്ചിയിൽ ഓഡിയോ കാസറ്റിട്ട് ഗ്രാമഗ്രാമാന്തരങ്ങളിൽ അദ്ദേഹം വിതരണം ചെയ്യുമായിരുന്നു. എം.ടി.എ പ്രവർത്തനം തുടങ്ങിയപ്പോൾ ഉടനെ വീട്ടിൽ അദ്ദേഹം ഡിഷ് സ്ഥാപിച്ചു. ആളുകളെ വീട്ടിലേക്ക് ക്ഷണിച്ച് ഖുത്ബകൾ കേൾപ്പിക്കുമായിരുന്നു. സന്തപ്ത കുടുംബത്തിൽ മാതാവും ഭാര്യ അമത്തുൽബാസിത്തും രണ്ട് ആൺ കുട്ടികളും ഒരു പെൺകുട്ടിയുമാണുള്ളത്. അല്ലാഹു പരേതനോടു പൊറുക്കലോടും കരുണയോടുംകൂടി പെരുമാറട്ടെ.

അടുത്ത അനുസ്മരണം ഘാനയിലെ മുറബ്ബി നവാസ് അഹ്മദ് സാഹിബിന്റെ ഭാര്യ മദീഹ നവാസ് സാഹിബയുടേതാണ്. ഏപ്രിൽ 16 ന് 36 -ാം വയസ്സിൽ വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* ഇവരുടെ ഭർത്താവ് മുറബ്ബി സാഹിബ് എഴുതുന്നു: 16 വർഷക്കാലത്തെ ദാമ്പത്യ ജീവിതത്തിൽ ഞാൻ പരേതയെ ഒരുപാട് സവിശേഷതയുള്ള ഒരാളായാണ് കണ്ടത്. ഉയർന്നമനോദാർഢ്യത, ക്ഷമാശീല, സഹതാപി, ത്യാഗവികാരങ്ങളാൽ മഗ്നയായ സ്ത്രീയായിരുന്നു. ഉത്തമയായ മാതാവും കൂറുള്ള ഭാര്യയുമായിരുന്നു. ഘാനയിൽ എവിടെ അവസരം കിട്ടിയാലും കുട്ടികൾക്ക് ക്ലാസെടുക്കുമായിരുന്നു. തന്റെ മക്കളെ കൂടെയിരുത്തി ഖുർആൻ പഠിപ്പിക്കുമായിരുന്നു. ഭർതൃവീട്ടുകാരോടു നല്ല രീതിയിൽ പെരുമാറിയിരുന്നു. ആരെങ്കിലും കഠിനമായി എന്തെങ്കിലും പറഞ്ഞാൽ ഒരിക്കലും പ്രതികരിക്കുമായിരുന്നില്ല. പ്രത്യുത ക്ഷമിക്കുമായിരുന്നു. എന്നോടും ക്ഷമിക്കാനും ദുആ ചെയ്യാനും പറയുമായിരുന്നു. കുട്ടികളുടെ തർബിയ്യത്തിന്റെ കാര്യത്തിലും ചെറിയ ചെറിയ കാര്യങ്ങൾ പോലും ശ്രദ്ധിക്കുമായിരുന്നു. ഖിലാഫത്തുമായി ബന്ധം വെക്കുന്നതിന് മിക്കപ്പോഴും ഖിലാഫത്തിന്റെ ബർക്കത്തുകളെ കുറിച്ച് ചർച്ച ചെയ്യുമായിരുന്നു. സാധുക്കളെ സഹായിക്കുന്നവരും സാത്വികയുമായിരുന്നു.

സന്തപ്ത കുടുംബത്തിൽ ഭർത്താവിനെ കൂടാതെ മൂന്നു കുട്ടികൾ ഫറാത്ത് സ്വഫീ ഉമർ 13 വയസ്സ്, ഫയ്ളിയ ഉമർ 8 വയ്സ്സ് സഹ്റാ ഉമർ ഒരു വയസ്സ് ഉണ്ട്.

എല്ലാ കുട്ടികളും മാശാ അല്ലാഹു വഖ്ഫെ നൗയിലാണ്. അല്ലാഹു കുട്ടികൾക്കായുള്ള അവരുടെ ദുആകൾ സ്വീകരിക്കുമാറാകട്ടെ. അവരുടെ

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 08 July 2021 Issue-27

MANAGER
Sheik Mujahid

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

ദർജകൾ ഉയർത്തുമാറാകട്ടെ. പരേതയോടു പൊറുക്കലോടും കരുണയോടുംകൂടി പെരുമാറട്ടെ. (വിവർത്തനം: അംനാസ് കടലായി)

❊❊❊❊

(പേജ് 1 ൽ നിന്ന്)

തടസമുണ്ടാകും എന്ന തരത്തിലുള്ളതല്ല. അതു കൂടുതൽ തുണയും അടയാളവും എന്ന നിലയ്ക്കുള്ളതാണ്. ക്രിസ്ത്യാനികൾ പ്രത്യേകിച്ചും 'വെരി' ഈ ആയത്തുകൊണ്ട് നബി(സ)തിരുമേനിയുടെ വ്യക്തിത്വത്തിനുമേൽ ആക്ഷേപം ഉന്നയിച്ചിരിക്കുന്നു. വെരി സാഹിബ് പറയുന്നു: 'ഈ ആയത്തിൽനിന്ന് മനസ്സിലാകുന്നത് മുഹമ്മദ് റസൂൽ(സ) അറബികൾക്കുമാത്രമുള്ള ആളായിരുന്നുവെന്നാണ്.' എന്നാൽ, അതിനോടൊപ്പം ഇങ്ങനേയും എഴുതുന്നു: 'ഈ ആയത്തിൽനിന്ന് വിശുദ്ധ ഖുർആൻ തർജമ ചെയ്യുന്നത് അനുവദനീയമാണെന്ന് സ്ഥാപിതമാകുന്നു.' അദ്ദേഹത്തിന്റെ ഈ രണ്ടുകാര്യവും പരസ്പരവിരുദ്ധമാണ്. നബി(സ)തിരുമേനി അറബികൾക്കു മാത്രമായിരുന്നെങ്കിൽ തർജമയുടെ പ്രശ്നംതന്നെ ഉദിക്കുന്നില്ല. മറ്റു ജനതകളുമായി അതിന് ബന്ധംതന്നെ ഇല്ലെന്നു വരുമ്പോൾ തർജമ ചെയ്യേണ്ട ആവശ്യംതന്നെയില്ല. ഈ ആയത്തിൽനിന്ന് തർജമ ചെയ്യുന്നത് അനുവദനീയമാകുന്നുവെങ്കിൽ അവിടത്തെ നുബുവ്വത്ത് മറ്റു ജനങ്ങൾക്കുമുള്ളതാണെന്ന് മനസ്സിലാകുന്നു. ഈ ചോദ്യത്തിനുള്ള യഥാർഥ മറുപടി ഇതാണ്: ഈ ആയത്തിന് നബി(സ)തിരുമേനി അറബികൾക്ക് മാത്രമുള്ളതാണെന്ന അർഥം നല്കാനേ പറ്റുകയില്ല. കാരണം വിശുദ്ധ ഖുർആനിലെ മറ്റു സ്ഥലങ്ങളിൽനിന്ന് വ്യക്തമായും സ്ഥാപിതമാകുന്നത് അവിടന്ന് മുഴുലോകത്തിനുംവേണ്ടി നിയോഗിതനായെന്നാണ്.

ഈ ആയത്തിൽനിന്ന് അറബി ഭാഷ ഉമ്മുൽഅൽസിന(ഭാഷകളുടെ മാതാവ്)ആണെന്ന് സ്ഥാപിതമാകുന്നുണ്ട്. കാരണം അറേബ്യയിൽവന്ന ദൈവദൂതന് ഏല്പിച്ചിട്ടുള്ളത് മുഴുലോകത്തിന്റേയും പരിഷ്ക്കരണമാണ്. അതുകൊണ്ട് അറബിയിൽ ഇറങ്ങുന്ന വഹ്‌യിനെ അഥവാ വെളിപാടിനെ മുഴുലോകത്തിനും സന്മാർഗത്തിനുള്ളതാണെന്ന് നിശ്ചയിക്കുന്നതുകൊണ്ട് അറബി ഭാഷ ഏതെങ്കിലുമൊക്കെ രീതിയിൽ മുഴുവൻ ഭാഷകളുടേയും മാതാവാണെന്ന കാര്യം സ്ഥാപിതമാകുന്നു. മറ്റു ഭാഷകൾ അതിന്റെ പെൺമക്കളെപ്പോലെയാണ്.

ഈ ആയത്തിൽ ആര്യസമാജക്കാരുടെ ആക്ഷേപത്തിനും ഖണ്ഡനമുണ്ട്. അവർ പറയുന്നതിങ്ങനെയാണ്: ദൈവവചനം എല്ലാവർക്കും സമമായിട്ടിരിക്കാൻ ആരും സംസാരിക്കാത്ത ഭാഷയിൽ വരേണ്ടതാണ്. എന്നാൽ, നബി ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാനും അവർ മനസ്സിലാക്കാനും ജനങ്ങൾ സംസാരിക്കുന്ന ഭാഷയിലാണ് വെളിപാട് ഉണ്ടാകേണ്ടതെന്ന് വിശുദ്ധ ഖുർആൻ പറ യുന്നു. ജനങ്ങൾക്ക് സംസാരിക്കാനും മനസ്സിലാക്കാനും സാധിക്കാത്ത ഭാഷയിൽ വെളിപാടു വരുന്നതുകൊണ്ട് എന്തു പ്രയോജനമാണുള്ളത്? ആര്യസമാജക്കാരുടെ ഈ വിശ്വാസം ഇങ്ങനെ നോക്കുമ്പോഴും തെറ്റാണ്; വേദം ഇറങ്ങിയപ്പോൾ ആ നേരത്ത് ഋഷിമാർ അത് മനസ്സിലാക്കിയില്ലെങ്കിൽ അതിന്റെ ഇറക്കം നിഷ്ഫലമായിത്തീരുന്നു. ഇനി അവർക്ക് വേദം മനസ്സിലാക്കിക്കൊടുത്തിട്ടുണ്ടെങ്കിൽ അപ്പോൾ പിന്നെ സമാനത നിലനില്ക്കുന്നില്ല. അക്കാലത്ത് ജനങ്ങളുണ്ടാകുകയും അവർക്കും മനസ്സിലാക്കി കൊടുക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അത് ആസമയത്തുള്ള ആളുകൾക്ക് തുല്യമായി. എന്നാൽ, ആരാണോ പിന്നീട് ജനിച്ചത് അവർക്ക് തുല്യത എവിടെയാണുള്ളത്. ഇപ്പോഴാണെങ്കിൽ പണ്ഡിറ്റുമാരും വേദങ്ങളുടെ ഭാഷയിൽനിന്ന് അജ്ഞരായിക്കൊണ്ടിരിക്കുകയാണ്.

കാരണം ഇക്കാലത്തെ ദൈവനിയോഗിതൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെമേൽ അറബിക്കു പുറമെ ഉർദുവിലും ഇൽഹാം കൂടുതൽ ഉണ്ടായിട്ടുണ്ട്. ഈ ആയത്തിനെ മുന്നിൽവച്ചുകൊണ്ട് ഭാവിയിലെ ഹിന്ദുസ്താനിലെ ഭാഷ ഉർദുവായിരിക്കുമെന്നും മറ്റൊരു ഭാഷയ്ക്കും അതിനുമുന്നിൽ നില്ക്കാൻ കഴിയുകയില്ലെന്നും പറയാവുന്നതാണ്.

**ലിയുബയ്യിന ലഹും എന്നതിനു ശേഷം ലിയുളില്ലുല്ലാഹു** കൊണ്ടുവന്നതിൽ അല്ലാഹു സൂചിപ്പിച്ചിട്ടുള്ളത് മനസ്സിലാക്കുന്നതിനുള്ള മുഴുവൻ ഭൗതികപദാർഥങ്ങളുമില്ലെങ്കിൽ അല്ലാഹു വഴിപിഴച്ചവനെന്ന് നിശ്ചയിക്കുകയില്ലെന്നാണ്. ആദ്യം മനസ്സിലാക്കികൊടുത്തു കഴിഞ്ഞതിനുശേഷമായിരിക്കും എപ്പോഴും ആക്ഷേപം നിലനില്ക്കുക. അതായത് 'തബയ്യിനു' എന്നതിനു ശേഷമെ വഴിപിഴച്ചുവെന്ന മതവിധി പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളൂ. ഇതിൽനിന്ന് മനസ്സിലാകുന്നത് ഏതൊരു ജനതയ്ക്കാണോ ഏതെങ്കിലും കാര്യത്തെ കുറിച്ച് ദൃഢജ്ഞാനമെത്താത്തത് അതുവരെ വിശ്വസിക്കാത്ത കാരണത്താൽ അവരെ ശിക്ഷിക്കാൻ സാധിക്കുകയില്ല. ഇതുസംബന്ധമായിത്തന്നെ 'ഗയ്ർമുബായിഈൻ' നമ്മുടെമേൽ ഉന്നയിക്കുന്ന, അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദം എത്തിയാലും ഇല്ലെങ്കിലും അങ്ങനെയുള്ള എല്ലാവരേയും നമ്മൾ ശിക്ഷാർഹരായി മനസ്സിലാക്കുന്നു എന്ന ആക്ഷേപവും അകറ്റാനാഗ്രഹിക്കുകയാണ്. വിശുദ്ധ ഖുർആനിൽ വ്യക്തമായ നിലയിൽ പ്രകടമാക്കപ്പെട്ടിരിക്കുന്നത് 'തബയ്യീൻ' അഥവാ കാര്യങ്ങൾ വ്യക്തമായും പ്രകടമായതിനുശേഷമെ ശിക്ഷയുടെ മതവിധി പുറപ്പെടുവിക്കാൻ പാടുള്ളൂ എന്നാണ്.

**വഹുവൽ അസീസുൽ ഹക്കീം.** അവൻ പ്രതാപവാനാണ്. ശിക്ഷ നല്കാൻ അവന് അധികാരമുണ്ട്. പക്ഷേ, അഗാധജ്ഞനുമാകുന്നു. അതുകൊണ്ട് ശിക്ഷയ്ക്ക് കാരണമില്ലെങ്കിൽ കാരണമുണ്ടാകുന്നതുവരെ ശിക്ഷ നല്കുകയില്ല.'

*(തഫ്സീറെ കബീർ വാല്യം 3, പേജ് 442 - 444, ഖാദിയാൻ 2010 പ്രസിദ്ധീകരണം)*

❊❊❊❊

**നൂറുൽ ഇസ്‌ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസംഅവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച്
താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

(പേജ് 10 ൽ നിന്ന്)

അധികവും വളരെ പ്രയാസകരമാണ്.

**ഹുദൂർ:** പുരുഷന്മാരിൽനിന്നു സഹായം നേടി എടുക്കുക. വീടുകളിൽ വളരെയധികം പ്രശ്നങ്ങൾ ഏറ്റുമുട്ടി നിങ്ങൾ പരിഹരിക്കാറുണ്ടല്ലോ. ഇവിടേയും അത് ചെയ്യുക.

ഹോളണ്ട് ലജ്നാ ഇമാഇല്ലായുടെ ഹുദൂറുമൊത്തുള്ള ഈ നാഷണൽ മജ്‌ലിസെ ആമില 06.05 വരെ നീണ്ടു നിന്നു.

**അവർക്ക് ഭാരവാഹിയാകാൻ സാധിക്കില്ല**

ഖലീഫത്തുൽമസീഹ് ഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: "തോതനുസരിച്ച് ചന്ദ നല്കാത്തവർക്ക് ഭാരവാഹിയാകാൻ സാധിക്കില്ല. തോതു കുറച്ച് നൽകാൻ ആഗ്രഹിക്കുന്നവർ അനുവാദം വാങ്ങുക. ഞാൻ അനുവാദം നല്കാറുണ്ട്. എന്നാൽ, പിന്നീട് അദ്ദേഹത്തിന് ഭാരവാഹിയാകാൻ സാധിക്കില്ല. ചന്ദ ടാക്സല്ലെന്ന കാര്യം പറഞ്ഞുകൊടുക്കേണ്ടതുണ്ട്. അല്ലാഹുവിന്റെ കല്പനകളിൽ സാമ്പത്തിക ത്യാഗം ചെയ്യാൻ കല്പനയുണ്ട്. ഇത് ദൈവത്തിന്റെ തൃപ്തി കരസ്ഥമാക്കാൻ വേണ്ടിയാണ്."

**അവരുമായി ചങ്ങാത്തമുണ്ടാക്കുക**

'സെക്രട്ടറിമാരും തർബിയ്യത്തും ചേർന്ന് പ്രവർത്തിക്കേണ്ടതാണ്. മസ്ജിദിൽ വരാത്ത മടിയന്മാരെ, ചന്ദ നല്കാത്തവരെ നിങ്ങൾ രണ്ടുപേരും ചേർന്ന് ജമാഅത്തിനടുത്തേക്ക് കൊണ്ടു വരാൻ ശ്രമിക്കുക. വ്യക്തി ബന്ധങ്ങളും വ്യാപിപ്പിക്കുക. അവരെ പോയി കാണുക. താങ്കൾ അദ്ദേഹത്തെ കാണാൻ പോകുന്നുണ്ടെന്ന് അവർ അറിയണം. എന്നാൽ, ചന്ദക്കും മറ്റുംവേണ്ടി ആയിരിക്കരുത്. മറിച്ച് വ്യക്തി ബന്ധവും ചങ്ങാത്തവും ഉണ്ടാക്കാനായിരിക്കണം. അങ്ങനെ അവർ അടുത്തു വരും.'

**തജ്നീദിൽ നിന്നു നീക്കാൻ കഴിയില്ല.**

'ചന്ദ നല്കാത്ത, തന്നെ സ്വയം അഹ്മദി എന്നു പറയുന്നവരെ അൻസ്വർ തജ്നീദിൽ നിന്നു നീക്കാൻ കഴിയില്ല. ഒരു വ്യക്തി താൻ സ്വയം അഹ്മദി എന്ന് പറയുമ്പോൾ അദ്ദേഹം ചന്ദ നല്കിയാലും ഇല്ലെങ്കിലും സ്വന്തം തജ്നീദിൽ നിലനിറുത്തുകതന്നെ വേണം. അവർക്കുവേണ്ടി പ്ലാൻ തയ്യാറാക്കുക. തർബിയ്യത്ത് നീണ്ട പ്രവർത്തന പദ്ധതിയാണ്. നമ്മുടെ പ്രവൃത്തി ഉപദേശം നല്കലാണ്. ജമാഅത്തിൽ നിന്നു ഓടിക്കുക എന്നത് എളുപ്പമുള്ള പ്രവൃത്തിയാണ്. ജമാഅത്തിനുള്ളിൽ കൊണ്ടു വരിക എന്നത് ദുഷ്കരവും.'

*(ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, ബദ്ർ മലയാളം വാല്യം 6 ലക്കം 27)*

❖❖❖

**ബദ്ർ വായനക്കാരുടെ ശ്രദ്ധക്ക്**

നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്കു അയച്ചുതരിക. പ്രസിദ്ധീകരണയോഗ്യമെങ്കിൽ ബദ്ർ മലയാളം ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. വിവർത്തന സൃഷ്ടിയും അതുപോലെതന്നെ ദുആയ്ക്കുള്ള പരസ്യങ്ങളും ജമാഅത്തിൽ നടക്കുന്ന പരിപാടികളുടെ റിപ്പോർട്ടും അയക്കാവുന്നതാണ്. ഭാവിയിൽ ഇതെല്ലാം നിങ്ങളുടേയും നിങ്ങളുടെ ജമാഅത്തിന്റേയും ചരിത്രമായി മാറുന്നതായിരിക്കും.

അയക്കേണ്ട വിലാസം:
**മുഹമ്മദു ഇസ്മായീൽ ആലപ്പുഴ,**
**'ബയ്ത്തുൽ ഇസ്റ' വണ്ണാം തടം,**
**അടുത്തില, പഴയങ്ങാടി, കണ്ണൂർ 670 303.**
**ismayeel.ha@gmail.com**

**അല്ലാഹുവിന്റെ കലാം:**

**"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ."**

*(വിശുദ്ധ ഖുർആൻ 3:148)*

ത്വാലിബെ ദുആ
**P.P.Raheem & Family, Ahmadiyya Jama-ath Payangadi, Kerala**

AHMADIPEDIA
AhmadiPedia.ORG is an official publication of the Worldwide Ahmadiyya Muslim Jamaat, edited and managed by the Ahmadiyya Archive & Research Centre.
Search

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin